# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

2023 മാർച്ച് 30 | ദീപം 56 | നാളം 5 | Published from : PALA | പേജ് 16 | വില 8 രൂപ | www.deepanalam.org






പ്രണാമം!

# ജ്ഞാനസമൃദ്ധിയുടെ വിനയതേജസ്സ്

ഡോ. റൂബിൾരാജ്

**ക**ർത്താവേ, എന്റെ ശത്രുക്കൾ അസംഖ്യമാണ്; അനേകർ എന്നെ എതിർക്കുന്നു. ദൈവം അവനെ സഹായിക്കുകയില്ല എന്നു പലരും എന്നെക്കുറിച്ചു പറയുന്നു. കർത്താവേ, അങ്ങാണ് എന്റെ രക്ഷാകവചവും എന്റെ മഹത്ത്വവും. എന്നെ ശിരസ്സുയർത്തിനിർത്തുന്നതും അവിടുന്നു തന്നെ. (സങ്കീ. 3: 1-3).

എതിർത്തവരുടെമുമ്പിൽ ദൈവാശ്രയത്വത്താൽ ശിരസ്സുയർത്തിനിന്ന ഒരാത്മീയപിതാവായിരുന്നു മാർ ജോസഫ് പവ്വത്തിൽ. നിലപാടുകളിലെ ഉറപ്പും ബോധ്യങ്ങളിലെ വ്യക്തതയും പറയുന്നതിലെ സത്യസന്ധതയും അദ്ദേഹത്തെ വ്യത്യസ്തനാക്കി. മുന്നിലെ അധികാരത്തിന്റെ പടവുകളോ സ്വീകാര്യതയുടെ കുളിർമയോ അദ്ദേഹത്തെ ഒരിക്കലും മോഹിപ്പിച്ചില്ല. മരുഭൂമിയിൽ വിളിച്ചു പറഞ്ഞവനെപ്പോലെ അദ്ദേഹം നിരന്തരം സഭാമക്കളോടും പൊതുസമൂഹത്തോടും സംവദിച്ചുകൊണ്ടിരുന്നു.

പവ്വത്തിൽ പിതാവ് എല്ലാം കണ്ടും കേട്ടും ജീവിച്ച മെത്രാനാണ്. പക്ഷേ, അദ്ദേഹം കണ്ടതെല്ലാം സഭയുടെ കണ്ണുകളിലൂടെ മാത്രമായിരുന്നു. 'എനിക്കു ജീവിക്കുക സഭയാണ്' എന്നു പറഞ്ഞ് പ്രവർത്തനം ആരംഭിച്ച പിതാവിന് മറ്റൊരു മാർഗവും അനുയോജ്യവുമല്ലായിരുന്നു. സഭയുടെ നേത്രങ്ങളിലൂടെ അദ്ദേഹം ആരാധനക്രമത്തെയും വിദ്യാഭ്യാസത്തെയും സാമൂഹികപ്രവർത്തനത്തെയും നോക്കിക്കണ്ടു. പിതാവ് ചെയ്തതിനും പറഞ്ഞതിനുമെല്ലാം സഭാത്മകമായ ഒരു സ്പർശമുണ്ടായിരുന്നു. സഭയുടെ ചട്ടക്കൂട് അദ്ദേഹത്തിനു തടസ്സമായിരുന്നില്ല. മറിച്ച്, ആ നിയന്ത്രണം അദ്ദേഹം ആസ്വദിക്കുകയും സഭാമക്കൾക്കെല്ലാം ബാധകമാണെന്നു സംശയലേശമെന്യേ പ്രഖ്യാപിക്കുകയും ചെയ്തിരുന്നു.

സീറോ മലബാർ സഭയുടെ ആരാധനക്രമത്തിന്റെ തനിമ വീണ്ടെടുക്കുന്നതിലും ഉറവിടങ്ങളിലേക്കു പോയി അതിനെ ശുദ്ധീകരിക്കുന്നതിലും പവ്വത്തിൽ പിതാവ് വഹിച്ച പങ്ക് സഭാചരിത്രത്തിലെ തിളക്കമാർന്ന അധ്യായമാണ്. ചുറ്റും ഉയർന്ന എതിർപ്പിന്റെ ആരവങ്ങളെക്കാൾ പിതാവ് പ്രാധാന്യം നൽകിയത് ഉള്ളിൽനിന്ന് ഉയർന്ന ദൈവികശബ്ദത്തിനാണ്, തന്റെ വായനയും അറിവും മനനവും ഉറപ്പാക്കിയ ബോധ്യങ്ങൾക്കാണ്.

പവ്വത്തിൽ പിതാവിന് വിദ്യാഭ്യാസരംഗം ഒരു സംസ്കാരികപ്രവർത്തനം എന്നതിലുപരി ആത്മീയപ്രവർത്തനമായിരുന്നു. സേവനത്തെക്കാളുപരി ശുശ്രൂഷയായിരുന്നു. ക്രൈസ്തവവിദ്യാഭ്യാസം വ്യതിരിക്തമായിരിക്കണമെന്നത് അദ്ദേഹത്തിന്റെ നിഷ്കർഷ ആയിരുന്നു. അറിവുപകർന്നു നൽകുന്ന ആലയങ്ങളായി വിദ്യാലയങ്ങൾ ചുരുങ്ങാതെ രൂപീകരണസ്ഥാപനങ്ങളായി അവ മാറണമെന്നതായിരുന്നു അദ്ദേഹത്തിന്റെ പക്ഷം. അറിവ് വിജ്ഞാനതൃഷ്ണ വർധിപ്പിക്കുമെങ്കിലും അകക്കണ്ണു തുറപ്പിക്കില്ലെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതുകൊണ്ട്, അറിവിനൊപ്പം മൂല്യബോധനവും നൽകണമെന്ന് പിതാവ് നിഷ്കർഷിച്ചിരുന്നു. വാല്യു എജ്യുക്കേഷൻ പഠനത്തിന്റെ ഭാഗമാകണമെന്ന് മറ്റു പലരെക്കാളും മുമ്പായി പിതാവ് അഭിപ്രായപ്പെട്ടു.

ഇന്ന് വിദ്യാഭ്യാസരംഗത്തെ സ്ഥിരം പദങ്ങളായ ഇക്വിറ്റി, ഇൻക്ലൂസീവ്നെസ്, എക്സെലൻസ് എന്നിവ പിതാവിനെ സംബന്ധിച്ച് പുതിയ കാര്യമൊന്നുമായിരുന്നില്ല. ചില ഇടതുപക്ഷക്കാർ ഇവ അവരുടെ സംഭാവനയായി അവകാശവാദം ഉന്നയിക്കുമ്പോൾ, പിതാവിന്റെ മുഖത്ത് അപൂർവമായി മാത്രം വിരിയുന്ന ചിരിയായിരിക്കും വികാരം. കാരണം, പിതാവിന്റെ വിദ്യാഭ്യാസദർശനത്തിന്റെ അടിത്തറ തന്നെയാണ് ഇവ.

തന്റെ കാലയളവിൽ സഭയുടെ വിദ്യാഭ്യാസദർശനം ചിട്ടപ്പെടുത്തുന്നതിൽ സുപ്രധാന പങ്കു വഹിച്ചുവെന്നതു മാത്രമല്ല പൗവത്തിൽ പിതാവിന്റെ സംഭാവന. വിദ്യാഭ്യാസനേതൃത്വത്തിലും അദ്ദേഹം തന്റേതായ പങ്കുവഹിച്ചു. എപ്പിസ്കോപ്പൽസഭകളിലെ മേലധ്യക്ഷന്മാരെയും സഭയിലെ വിദ്യാഭ്യാസവിദഗ്ധരെയും ഉൾപ്പെടുത്തി ഇന്റർ ചർച്ച് കൗൺസിൽ ഫോർ എജ്യുക്കേഷൻ എന്ന കൂട്ടായ്മയുടെ രൂപീകരണത്തിലും ഇടപെടലുകളിലും പിതാവു സജീവ നേതൃത്വം നൽകി. ഒരു കാലത്ത് വിദ്യാഭ്യാസമേഖലയിൽ ക്രൈസ്തവസഭയുടെ സംഘാതമായ ശബ്ദമായിരുന്നു കൗൺസിലിന്റേത്. പ്രശ്നകലുഷിത സമയങ്ങളിൽ, ഇന്റർ ചർച്ച് കൗൺസിലിന്റെ അഭിപ്രായങ്ങൾ അധികാരികൾ ഉൾപ്പെടെ ശ്രദ്ധിക്കുകയും വിലമതിക്കുകയും ചെയ്തിരുന്നു.

കെ.സി.ബി.സി. ചെയർമാനായും രണ്ടു തവണ സി.ബി.സി.ഐ. യുടെ പ്രസിഡന്റായും സേവനമനുഷ്ഠിച്ച കാലയളവിലും വിദ്യാഭ്യാസം തന്റെ നെഞ്ചോടു ചേർത്തുവച്ച വിഷയമായിരുന്നു. ഒപ്പം, ന്യൂനപക്ഷങ്ങളുടെ വിദ്യാഭ്യാസാവകാശവും അദ്ദേഹത്തിന്റെ സത്വരശ്രദ്ധ പതിഞ്ഞ മേഖലയാണ്. ഒരുപക്ഷേ, പിതാവ് ഏറ്റവുമധികം ഉദ്ധരിച്ച ഭരണഘടനാവകുപ്പ് ന്യൂനപക്ഷങ്ങൾക്കു വിദ്യാഭ്യാസാവകാശം നൽകുന്ന ആർട്ടിക്കിൾ 30 ആയിരിക്കും. ഭരണഘടനാവ്യവസ്ഥകളിലൂടെ ന്യൂനപക്ഷാവകാശം സംരക്ഷിക്കുന്ന ഇന്ത്യൻ ഭരണഘടനയോടുള്ള അദ്ദേഹത്തിന്റെ ബഹുമാനം അളവറ്റതായിരുന്നു. അതിന്റെ സംരക്ഷണം അദ്ദേഹത്തിന്റെ ജീവിതവ്രതവും. 'നിതാന്തജാഗ്രതയാണ് ജനാധിപത്യത്തിനു കൊടുക്കേണ്ട വില' എന്ന മുന്നറിയിപ്പ്, ന്യൂനപക്ഷാവകാശങ്ങളുടെ കാര്യത്തിലും അനുയോജ്യമാണ് എന്ന പക്ഷക്കാരനായിരുന്നു പിതാവ്.

എവിടെയെങ്കിലും ന്യൂനപക്ഷാവകാശധ്വംസനം ഉണ്ടായാൽ ആദ്യം ഉയർന്നിരുന്നത് പവ്വത്തിൽപിതാവിന്റെ ശബ്ദമായിരുന്നു. പ്രസംഗങ്ങളിലൂടെയും ലേഖനങ്ങളിലൂടെയും വ്യവഹാരങ്ങളിലൂടെയും പ്രസ്തുത അവകാശം സ്ഥാപിച്ചെടുക്കാൻ അദ്ദേഹം ഏക്കാലത്തും ജാഗരൂകനായിരുന്നു.

1972 ലെ വിദ്യാഭ്യാസസമരത്തിൽ മാർ പവ്വത്തിൽ പങ്കെടുക്കുമ്പോൾ, സഹായമെത്രാനായി അഞ്ചു മാസത്തെ പരിചയംമാത്രമാണ് കൈമുതലായി ഉണ്ടായിരുന്നത്.

▶10

**മാർ ജോസഫ് പവ്വത്തിലിന്റെ നവതിയോടനുബന്ധിച്ച്, 2019 ഓഗസ്റ്റ് 21 ന് ദീപനാളം പ്രസിദ്ധീകരിച്ച അഭിമുഖം, അദ്ദേഹത്തിന്റെ പാവനസ്മരണയ്ക്കുമുമ്പിൽ ആദരാഞ്ജലികൾ അർപ്പിച്ചുകൊണ്ട് പുനഃപ്രസിദ്ധീകരിക്കുന്നു.**



# വിശുദ്ധവഴിയിലെ വിജ്ഞാനഗോപുരം

**അഭിമുഖം / ഫാ. കുര്യൻ തടത്തിൽ**

● *തൊണ്ണൂറിന്റെ നിറവിലെത്തിനില്ക്കുമ്പോൾ, ജീവിതത്തിൽ ഏറ്റവും സംതൃപ്തിയും സന്തോഷവും പകർന്ന കാര്യം?*

■ ദൈവം പൗരോഹിത്യത്തിലേക്ക് എന്നെ വിളിച്ചുചേർത്തു എന്നുള്ളതാണ് ആനന്ദത്തിന്റെ വിഷയം. ദൈവത്തിന്റെ ആ തിരഞ്ഞെടുപ്പിനോടും വിളിയോടും വിശ്വസ്തത പുലർത്താനാണ് ഞാൻ എന്നും ശ്രമിച്ചിട്ടുള്ളത്.

● *പുരോഹിതനാകണമെന്ന ചിന്ത ചെറുപ്പംമുതലേ ഉണ്ടായിരുന്നോ?*

■ പ്രൈമറിസ്കൂളിൽ പഠിക്കുമ്പോൾത്തന്നെ ഒരു വൈദികനാകണമെന്ന് ആഗ്രഹിച്ചിരുന്നു. മറ്റുള്ളവരും അതു പറയാറുണ്ടായിരുന്നു. ആ ഒരു ലക്ഷ്യത്തിൽനിന്ന് പിന്നീടൊരിക്കലും മാറിച്ചിന്തിക്കേണ്ടിവന്നിട്ടില്ല. പഠനകാലയളവിലെല്ലാം ആ ലക്ഷ്യം മുൻനിറുത്തി ചിന്തിക്കാനും തീരുമാനമെടുക്കാനും കഴിഞ്ഞിരുന്നു.

ഇന്റർമീഡിയറ്റു കഴിഞ്ഞപ്പോൾ ഫിസിക്സിന് അഡ്മിഷൻ കിട്ടിയതാണ്. സോഷ്യൽ സയൻസ് പഠിക്കുകയാവും വൈദികജീവിതത്തിനു നല്ലതെന്നുകണ്ട് ഇക്കണോമിക്സ് എടുക്കുകയായിരുന്നു. മദ്രാസ് ലെയോളയിൽ പഠിച്ചപ്പോഴും ഓക്സ്ഫഡ് യൂണിവേഴ്സിറ്റിയിൽ ഉന്നതപഠനം നടത്തുമ്പോഴും പിന്നീട് ചങ്ങനാശേരി എസ്.ബിയിൽ അധ്യാപകനായപ്പോഴും ലക്ഷ്യം മറന്ന് ഒന്നും ചിന്തിക്കുകയോ പ്രവർത്തിക്കുകയോ ഉണ്ടായില്ല. അങ്ങനെ ഒരു ലക്ഷ്യത്തെ മുൻനിറുത്തി ജീവിതകാലം മുഴുവൻ സമർപ്പിക്കാൻ സാധിച്ചതിൽ സന്തോഷമുണ്ട്.

● *കുടുംബത്തിലെ വിശ്വാസപരിശീലനം?*

■ ദൈവോന്മുഖമായ ഒരന്തരീക്ഷം എപ്പോഴും കുടുംബത്തിലുണ്ടായിരുന്നു. വല്യമ്മയുള്ള സമയത്ത് പ്രഭാതപ്രാർഥന കുടുംബത്തിലുണ്ടായിരുന്നു. സന്ധ്യയ്ക്കു വിളക്കുവച്ചാൽ പ്രാർഥനയ്ക്കായി എല്ലാവരും ഒരുമിച്ചുകൂടിയിരുന്നു. അന്നു കാറ്റക്കിസം ഡിപ്പാർട്ടുമെന്റൊന്നും ഇല്ലായിരുന്നു. കുടുംബത്തിലായിരുന്നു വിശ്വാസവും സന്മാർഗവും സംബന്ധിച്ചുള്ള പഠനവും പരിശീലനവും. വല്യമ്മ ദിവസവും പള്ളിയിൽ പോയിരുന്നത് പ്രചോദനം തന്നിട്ടുണ്ട്. എൽ.പി. കഴിഞ്ഞയുടനെ ബോർഡിങ്ങിലേക്കു മാറി. അന്നൊക്കെ ഒരു സംസാരമുണ്ടായിരുന്നു, ബോർഡിങ്ങിലാണെങ്കിൽ നല്ല ട്രെയിനിങ് കിട്ടും, അച്ചനാകാൻ എളുപ്പമാണെന്ന്. ബോർഡിങ്ങിലും പിന്നീട് ഹോസ്റ്റലിലുമൊക്കെ അച്ചന്മാരുമൊത്തുള്ള ജീവിതം എന്നെ ഏറെ സ്വാധീനിച്ചിട്ടുണ്ട്. ക്രമവും ചിട്ടയുമുള്ള ജീവിതമായിരുന്നു അവിടെ. കൂട്ടായ്മയുടെ ഒരന്തരീക്ഷം അവിടെ ഉണ്ടായിരുന്നു.

ഹോസ്റ്റലിൽ അക്കാലത്ത് റെക്ടറായിരുന്ന ജെസ്യൂട്ട് അച്ചൻ (പിന്നീട് അദ്ദേഹം പ്രൊവിൻഷ്യലായി) എന്നെ ഏറെ സ്വാധീനിച്ചിരുന്നു. അങ്ങനെ മധുര പ്രോവിൻസിൽ വൈദികപരിശീലനത്തിന് അഡ്മിഷൻ കിട്ടിയതാണ്. പക്ഷേ, വീട്ടിൽ താത്പര്യമുണ്ടായില്ല. അങ്ങനെയാണ് പാറേൽ മൈനർ സെമിനാരിയിൽ ചേരുന്നത്. കാവുകാട്ടുപിതാവ് എന്റെ ഹോസ്റ്റൽ വാർഡനായിരുന്നതുകൊണ്ട് എന്നെ നന്നായി അറിയാമായിരുന്നു. അദ്ദേഹത്തിന്റെ അടുത്ത മുറിയിൽ താമസിച്ചിരുന്നതുകൊണ്ട് അദ്ദേഹത്തിന്റെ ദിനചര്യകളൊക്കെ അറിയാമായിരുന്നു. അദ്ദേഹത്തിന്റെ പ്രാർഥനാജീവിതവും സുകൃതങ്ങളുമൊക്കെ നന്നായി സ്വാധീനിച്ചിട്ടുണ്ട്.

● *സഭാപൈതൃകത്തോടും പാരമ്പര്യങ്ങളോടുമുള്ള അതിരറ്റ സ്നേഹവും സമർപ്പണവുമാണ് പിതാവിന്റെ വലിയൊരു സവിശേഷത. ഇതിനു പ്രേരിപ്പിച്ചതാരാണ്?*

■ പ്ലാസിഡച്ചൻ വലിയ തോതിൽ സ്വാധീനിച്ചിട്ടുണ്ട്. അദ്ദേഹത്തിന്റെ പുസ്തകങ്ങൾ വായിക്കുമായിരുന്നു. ഓറിയന്റൽ കോൺഗ്രിഗേഷന്റെ ദൈവശാസ്ത്രജ്ഞന്മാരെ നന്നായി വായിച്ചിട്ടുണ്ട്. ചാൾസ് പൈങ്ങോട്ടച്ചൻ തുടങ്ങി ധാരാളംപേരെ അറിയാനും പഠിക്കാനും കഴിഞ്ഞു.

● *കിഴക്കിന്റെ ദൈവശാസ്ത്രം (Theology of the East) അല്മായരുടെ ഇടയിൽ അന്യമാകുന്നതിന്റെ കാരണമെന്താണ്?*

■ ഒരു പരിധിവരെ ഈ രൂപതയിൽ പൗരസ്ത്യദർശനങ്ങളും ലിറ്റർജിയുമൊക്കെ അല്മായർക്കു കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. വത്തിക്കാൻ കൗൺസിലിന്റെ കാലത്തും തുടർന്നും അച്ചന്മാരുമൊത്ത് ഇടവകകളിൽ പോയി പ്രബോധനങ്ങൾ നടത്തിയിരുന്നു. പ്ലാസിഡച്ചന്റെ മാർഗനിർദേശങ്ങൾ സ്വാധീനിച്ചിരുന്നു.

● *രണ്ടാം വത്തിക്കാൻ കൗൺസിൽ നടന്നിട്ട് അരനൂറ്റാണ്ടു പിന്നിട്ടിട്ടും കൗൺസിൽ പഠനങ്ങൾ വേണ്ടവിധം സഭയിൽ ചലനങ്ങൾ സൃഷ്ടിച്ചിട്ടുണ്ടോ? കൗൺസിൽ പഠനങ്ങൾ ഗ്രന്ഥരൂപത്തിലുണ്ടെങ്കിൽപ്പോലും മതാധ്യാപകരുൾപ്പെടെയുള്ള നമ്മുടെ അല്മായസമൂഹം എത്രമാത്രം അതു വായിച്ചിട്ടുണ്ടാവും?*

■ ഈ രൂപതയിൽ കൗൺസിൽപഠനങ്ങളുടെ വെളിച്ചത്തിൽ ഒട്ടേറെ ബോധവത്കരണങ്ങളും ചർച്ചകളും സംവാദങ്ങളും അല്മായരുടെയിടയിൽ നടന്നുകഴിഞ്ഞിട്ടുണ്ട്. അല്മായർക്കുവേണ്ടി ഒരു തിയോളജി കോളജ്തന്നെ ഇവിടെയുണ്ട് – മാർത്തോമ്മാവിദ്യാനികേതൻ. ഇപ്പോൾ വടവാതൂർ പൗരസ്ത്യവിദ്യാപീഠത്തിലും രൂപതകളിലെല്ലായിടത്തും അല്മായർക്കു ബൈബിളും സഭാപഠനങ്ങളും നടത്താൻ ധാരാളം വേദികൾ കൊടുക്കുന്നുണ്ട്. കൗൺസിൽ പഠനങ്ങൾ അവിടെയൊക്കെ സജീവമായി ചർച്ചചെയ്യപ്പെടണം. സഭയോടും സഭാപാരമ്പര്യത്തോടും സനേഹവും സമർപ്പണബോധവുമുള്ള അല്മായരാണു സഭയുടെ ശക്തി.

● *'അല്മായരുടേതാണു സഭ.' സഭ പ്രതിസന്ധികൾ നേരിടുമ്പോഴും സഭയെ സംരക്ഷിക്കാൻ തക്ക അല്മായമുന്നേറ്റങ്ങൾ നമുക്കുണ്ടോ?*

■ ലീഡർഷിപ്പ് ട്രെയിനിങ് സഭ അല്മായർക്കു കൊടുക്കുന്നുണ്ടല്ലോ, പ്രത്യേകിച്ചും യുവജനങ്ങൾക്ക്. സംഘടനകളിലൂടെയും പ്രസ്ഥാനങ്ങളിലൂടെയും അല്മായശക്തീകരണം ഉണ്ടാവേണ്ടതാണ്. സഭാത്മകമായ പരിശീലനങ്ങൾ ഉണ്ടായെങ്കിലേ സമുദായസ്നേഹവും ഐക്യബോധവും കൈവരികയുള്ളൂ.

● *1920–30 കാലഘട്ടങ്ങളിലാണല്ലോ 'എക്യുമെനിസം' എന്ന പദം ഉപയോഗിച്ചുതുടങ്ങിയത്. പിന്നീട് രണ്ടാം വത്തിക്കാൻ കൗൺസിൽ ഒരു ഡിക്രി പുറത്തിറക്കുകയുണ്ടായി. നാളിതുവരെയായിട്ടും എക്യുമെനിസം കുറെ കടലാസുകളിലും മേൽത്തട്ടുസംവാദങ്ങളിലുംമാത്രം ഒതുങ്ങിപ്പോകുന്നുണ്ടോ? വ്യത്യസ്ത സഭാവിഭാഗങ്ങൾ ഒന്നിച്ചുതാമസിക്കുന്ന സ്ഥലങ്ങളിലെങ്കിലും താഴേത്തട്ടിലേക്ക്, ജനങ്ങളുടെ ഇടയിലേക്ക്, സൗഹാർദത്തിന്റെയും സഹകരണത്തിന്റെയും സംവാദത്തിന്റെയും വാതിൽ തുറക്കപ്പെടാതെ പോകുന്നുണ്ടോ?*

■ 'സഭൈക്യവാര'ത്തിൽ എല്ലാ വർഷവും വ്യത്യസ്തസഭകളെ പ്രതിനിധീകരിച്ച് മെത്രാന്മാരും ദൈവശാസ്ത്രജ്ഞരുമൊക്കെ ഒന്നിച്ചുകൂടാറുണ്ട്. ഡയലോഗുകൾ നടത്താറുണ്ട്. ഒരുമിച്ചു പ്രാർഥിക്കാറുണ്ട്. ഔദ്യോഗികതലത്തിൽ ക്രമമായി മീറ്റിങ്ങുകളും മറ്റും നടക്കാറുണ്ടെങ്കിലും സാധാരണക്കാരുടെ ഇടയിൽ എക്യുമെനിക്കൽസംരംഭങ്ങൾ നടക്കേണ്ടതായുണ്ട്.

മനോഭാവങ്ങളിലും ഇടപെടലുകളിലും കുറച്ചുകൂടി തുറവുണ്ടാകുകയാണാവശ്യം. വ്യത്യസ്ത സഭാവിഭാഗങ്ങൾ ഒരുമിച്ചു താമസിക്കുന്ന പ്രദേശങ്ങളിൽ എക്യുമെനിക്കൽ സമ്മേളനങ്ങളും നന്മയ്ക്കുവേണ്ടിയുള്ള കൂട്ടായ പ്രവർത്തനങ്ങളും ഉണ്ടാക്കിയെടുക്കാൻ ഇടവകതലത്തിൽ നാം നേതൃത്വം കൊടുക്കണം.

● *കരിസ്മാറ്റിക് മൂവ്മെന്റ് ഒരു നവീകരണപ്രസ്ഥാനമായി വിശ്വാസികളുടെയിടയിൽ വളരെ പോപ്പുലറായെന്നു പറയാം. കരിസ്മാറ്റിക് മൂവ്മെന്റിന് എല്ലാക്കാലത്തും ശക്തമായ തിരുത്തു നല്കുന്നയാളാണ് പവ്വത്തിൽപ്പിതാവ്. അതെന്താണ്?*

■ വി. ബൈബിളിനോടു ചേർന്നുതന്നെ സഭയുടെ പാരമ്പര്യങ്ങളെയും പഠനവിധേയമാക്കണം. പാരമ്പര്യം ലിറ്റർജിയിലൂടെയാണ് നാം ആഘോഷിക്കുന്നതും കൈമാറുന്നതും. ബൈബിൾമാത്രം മതിയെന്ന പ്രോട്ടസ്റ്റന്റ് ചിന്താഗതി കത്തോലിക്കരുടെയിടയിൽനിന്നു തിരുത്തപ്പെടേണ്ടതാണ്. ധ്യാനകേന്ദ്രങ്ങളിലും മറ്റുമൊക്കെ ലിറ്റർജിക്കു വലിയ പ്രാധാന്യം കൊടുക്കണം. സഭാപ്രബോധനങ്ങൾ മായംകലർത്താതെ ജനങ്ങൾക്കു കൊടുക്കാൻ ശ്രദ്ധിക്കണം.

● *മതേതരരാഷ്ട്രമായ ഇന്ത്യയിൽ മതവും രാഷ്ട്രവും അനാവശ്യമായി നടത്തുന്ന കൈയേറ്റങ്ങൾ വലിയ പ്രത്യാഘാതങ്ങളാണ് ഉണ്ടാക്കുന്നത്. 'സീസറിനുള്ളതു സീസറിനും ദൈവത്തിനുള്ളതു ദൈവത്തിനും' എന്നതിന്റെ പൊരുൾ വായിക്കപ്പെടാതെപോകുന്നു. ശബരിമല, മുത്തലാഖ് പോലെയുള്ള വിഷയങ്ങൾ നമ്മെ ചിന്തിപ്പിക്കുന്നത് എങ്ങോട്ടാണ്?*

■ രാഷ്ട്രവും മതസമൂഹങ്ങളും സ്വന്തം പരിധികളെ ആദരിക്കുന്നതാണു മതേതരരാഷ്ട്രത്തിൽ നല്ലത്. രാഷ്ട്രീയാധികാരം എല്ലാം ഏറ്റെടുക്കുന്നത് അപകടകരമാണ്; മാത്രമല്ല, അത് ഏകമതാധിഷ്ഠിതരാഷ്ട്രമായി മാറിപ്പോകാം. രാഷ്ട്രീയക്കാർ മതകാര്യങ്ങളിൽ കടന്നുകയറിയാൽ അതു മതവിശ്വാസങ്ങളെ, പ്രത്യേകിച്ചും ന്യൂനപക്ഷവിശ്വാസങ്ങളെ വികലമാക്കാനും നശിപ്പിക്കാനും കാരണമാകും. മതം രാഷ്ട്രീയത്തിൽ ഇടപെടരുതെന്നു പറയുന്നതിന്റെ മറുവശമാണ് രാഷ്ട്രം മതകാര്യങ്ങളിൽ (വിശ്വാസാചാരാനുഷ്ഠാനങ്ങളിൽ പ്രത്യേകിച്ചും) ഇടപെടരുത് എന്നുള്ളത്.

അതേസമയം, രാഷ്ട്രീയരംഗത്ത് ഉണ്ടായിരിക്കേണ്ട ധാർമികമൂല്യങ്ങൾ ചൂണ്ടിക്കാട്ടാൻ മതവിശ്വാസങ്ങൾക്കു കഴിയണം. രാജ്യത്തെ പൗരന്മാരെന്ന നിലയിൽ മതവിശ്വാസികൾക്ക് അവരുടെ ധാർമികബോധ്യങ്ങൾക്കനുസൃതം രാഷ്ട്രീയരംഗത്തു പ്രവർത്തിക്കുവാനും രാഷ്ട്രനന്മയ്ക്കായി നിലകൊള്ളുവാനും അവകാശമുണ്ട്.

മതവിഭാഗങ്ങളുടെ ആചാരാനുഷ്ഠാനകാര്യങ്ങൾ എന്തായിരിക്കണമെന്നും മറ്റും നിശ്ചയിക്കുന്നത് രാഷ്ട്രീയാധികാരികളല്ല. അതു മതവിശ്വാസത്തിന്റെ അടിസ്ഥാനത്തിൽ നിയമാനുസൃതമുള്ള മതാധികാരികൾതന്നെ ക്രമീകരിക്കേണ്ടതാണ്. കാലത്തിനനുസരിച്ചുള്ള നവീകരണങ്ങൾ മതസമൂഹങ്ങൾതന്നെ നിശ്ചയിക്കണം. അത് അവരുടെ ആഭ്യന്തരകാര്യമാണ്. ഒരാചാരം അന്ധവിശ്വാസമാണോ അല്ലയോയെന്നു തീരുമാനിക്കേണ്ടത് ഭരണകൂടമല്ല, പൊതുസമൂഹവുമല്ല, മറിച്ച്, ആ മതത്തിന്റെ വിശ്വാസസംഹിതകൾ ഉയർത്തിപ്പിടിക്കുന്ന വിശ്വാസികളും മതാചാര്യന്മാരുമാണ്. ശബരിമലവിഷയമൊക്കെ ഇത്തരത്തിലാണു മനസ്സിലാക്കേണ്ടത്. മതത്തിന്റെ ആഭ്യന്തരകാര്യങ്ങളിൽ രാഷ്ട്രം കൈകടത്തുന്നത് ആശാസ്യമല്ല. മുത്തലാഖ് നിരോധിക്കേണ്ടത് ഒരുപക്ഷേ, ആവശ്യമായിരുന്നിരിക്കാം.

*ശേഷം 8-ാം പേജിൽ*



തോമസ് കുഴിഞ്ഞാലിൽ

# കൊവിഡിന് പിന്നാലെ മറ്റൊരു പ്രഹരമായി എച്ച്3 എൻ2



**ലോ**കത്തെ മുഴുവൻ 'പൂട്ടിയിട്ട' കൊവിഡ് 19 നു പിന്നാലെ ഇതാ, അടുത്ത മഹാമാരിയും എത്തിയിരിക്കുന്നു.

ഇൻഫ്ളുവൻസയുടെ ഉപവിഭാഗമായ എച്ച് 3 എൻ 2 (H3 N2) വൈറസ്ബാധമൂലം കടുത്ത പനിയുടെ ലക്ഷണങ്ങളുമായി ആയിരക്കണക്കിനാളുകൾ ആശുപത്രികളിലെത്തുന്നതായി ഐ സി എം ആർ (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) വൃത്തങ്ങൾ അറിയിച്ചു. ചുമ, പനി, ശരീരവേദന, മൂക്കൊലിപ്പ്, ശ്വാസംമുട്ടൽ, ഛർദി, അതിസാരം തുടങ്ങിയ ലക്ഷണങ്ങളുമായി നിരവധിപേരാണ് ചികിത്സ തേടിയെത്തുന്നത്.

35 ലക്ഷംമുതൽ 50 ലക്ഷം വരെ പേർക്ക് ഓരോ വർഷവും ഇൻഫ്ളുവൻസാവൈറസുകൾ ബാധിക്കുന്നുണ്ടെന്നും 3 ലക്ഷംമുതൽ 5 ലക്ഷംവരെ ആളുകൾ ഓരോ വർഷവും മരണപ്പെടുന്നുണ്ടെന്നും ലോകാരോഗ്യസംഘടനയും വെളിപ്പെടുത്തിയിട്ടുണ്ട്. 1968 ൽ ഹോങ്കോങ്ങിൽ കണ്ടെത്തിയ വൈറസുകളാണിപ്പോൾ ഇവിടെ പ്രത്യക്ഷപ്പെട്ടിരിക്കുന്നതെന്നും തിരിച്ചറിഞ്ഞിട്ടുണ്ട്. അണുബാധ വിട്ടൊഴിയാൻ കൂടുതൽ സമയം വേണ്ടിവരുന്നുണ്ടെങ്കിലും മരണനിരക്ക് കൊവിഡ് 19 നേക്കാൾ കുറവായിരിക്കുമെന്ന ഐ സി എം ആറിന്റെ നിഗമനമാണ് ആശ്വാസം പകരുന്നത്.

എന്നാൽ, കൊവിഡ് 19 വന്നപ്പോഴുണ്ടായതിനെക്കാൾ ബുദ്ധിമുട്ട് എച്ച് 3 എൻ 2 വൈറസ് ബാധിതർക്കുണ്ടെന്നും പഠനങ്ങൾ വ്യക്തമാക്കുന്നുണ്ട്. രോഗബാധിതരിൽ 92 ശതമാനം പേരിൽ പനി, 80 ശതമാനംപേർക്ക് ചുമ, 27 ശതമാനം പേർക്ക് ശ്വാസതടസ്സം എന്നിവ അനുഭവപ്പെടുന്നതായി റിപ്പോർട്ടുകൾ പുറത്തുവന്നുകഴിഞ്ഞു. 16 ശതമാനം പേർക്ക് ന്യൂമോണിയ ബാധിക്കുകയും 6 ശതമാനം പേർക്ക് അപസ്മാരം ഉണ്ടാവുകയും ചെയ്തു. അതിസാരവും ഛർദിയും ഉണ്ടായ സംഭവങ്ങളും വാർത്തയായിരുന്നു.

എച്ച് 3 എൻ 2 വൈറസുകൾ കൊവിഡ് 19 നു സമാനമായ അനുബന്ധരോഗങ്ങൾക്കു വഴിവച്ചേക്കുമെന്ന ആശങ്ക ആരോഗ്യവിദഗ്ധർക്കുണ്ട്. കൊവിഡ് 19 വാക്സിൻ സ്വീകരിച്ചവർക്കു തലച്ചോറിൽ രക്തം കട്ടപിടിക്കുന്ന അസുഖം ബാധിച്ചതായി വാർത്തകളുണ്ടായിരുന്നു. ഹൃദ്രോഗവും ന്യൂമോണിയയും പിടിപെട്ട അനേകർ മരണത്തിനു കീഴടങ്ങിയതായി കൊവിഡനന്തരപഠനങ്ങൾ വ്യക്തമാക്കിയിട്ടുമുണ്ട്. രോഗം ഭേദമായവരിൽ രോഗലക്ഷണങ്ങൾ തുടർന്നും കണ്ടുവരുന്നത് കൊവിഡ് 19 ന്റെ തിരിച്ചുവരവാണോയെന്നു സംശയം ജനിപ്പിക്കുന്നു.

എച്ച് 3 എൻ 2 വൈറസുകൾ ബാധിച്ച ഇന്ത്യക്കാരായ 451 പേരിൽ മൂന്നു പേർ മരണത്തിനു കീഴടങ്ങിയത് അടുത്ത നാളുകളിലാണ്. കർണാടകയിൽനിന്നുള്ള പ്രമേഹരോഗിയായ 82 കാരൻ ഹിരേഗൗഡ, ഹരിയാനയിൽനിന്നുള്ള ഒരു ശ്വാസകോശാർബുദക്കാരൻ എന്നിവരും, എച്ച് 1 എൻ 1 ബാധിച്ച ഒരു ഗുജറാത്തുകാരനുമാണ് ആദ്യം മരണപ്പെട്ടത്. ഏറ്റവുമൊടുവിൽ മരിച്ച മഹാരാഷ്ട്രയിലെ അഹമ്മദ്നഗർ സ്വദേശിയായ 23 വയസ്സുകാരൻ എംബിബിഎസ് വിദ്യാർഥിയുടെ രക്തസാമ്പിളുകളിൽ എച്ച് 3 എൻ 2 വൈറസുകൾ കണ്ടെത്തിയിരുന്നു.

### പ്രതിരോധവാക്സിൻ തയ്യാറെന്ന് ഭാരത്ബയോടെക്

വാക്സിനുകൾ ലഭ്യമായ പനിയാണ് ഇപ്പോൾ പടരുതെന്ന ആശ്വാസവാക്കുകൾ ആരോഗ്യവകുപ്പു പുറത്തിറക്കുന്നുണ്ടെങ്കിലും ഭീതി ഒഴിയാൻ പര്യാപ്തമല്ല. വൈറസുകൾക്കു തുടർച്ചയായി ജനിതകമാറ്റം സംഭവിക്കുന്നതാണ് പ്രധാന വെല്ലുവിളി. ഇന്ത്യയിൽ കൊവിഡിനെ പിടിച്ചുകെട്ടിയെന്നവകാശപ്പെടുന്ന കൊവിഷീൽഡിന്റെ നിർമാതാക്കളായ ഭാരത് ബയോടെക് ഉത്പാദിപ്പിച്ചിട്ടുള്ള ഒസെൽറ്റാമിവിർ, പെരാമിവിർ, ബൊലോക്സാമിവിർ എന്നീ വാക്സിനുകൾ ഫ്ളൂവൈറസുകളെ ചെറുക്കാൻ പര്യാപ്തമാണെന്ന് അവകാശപ്പെടുന്നുണ്ട്. കൊവിഡ് 19 നെ പ്രതിരോധിക്കാൻ സ്വീകരിച്ച മാർഗങ്ങൾ തന്നെ ഇപ്പോഴത്തെ സാഹചര്യത്തിലും ഫലപ്രദമായി ഉപയോഗിച്ചാൽ എച്ച് 3 എൻ 2 വൈറസുകളെ വരുതിയിലാക്കാമെന്ന് ആരോഗ്യമന്ത്രാലയം നിർദേശിക്കുന്നുണ്ട്. മാസ്കുകൾ ശരിയാംവണ്ണം ധരിക്കുകയും സാമൂഹികാകലം പാലിക്കുകയും കൈകൾ ശുചിയാക്കുകയും രോഗബാധയുണ്ടെന്നു തെളിഞ്ഞാൽ സ്വയം ക്വാറന്റൈനിൽ പ്രവേശിക്കുകയും ചെയ്യുന്നതും രോഗവ്യാപനത്തെ തട



യും. രോഗലക്ഷണങ്ങൾ അനുഭവപ്പെട്ടുതുടങ്ങുമ്പോൾത്തന്നെ പ്രതിരോധമരുന്നുകൾ കഴിച്ചുതുടങ്ങണമെന്നും ആരോഗ്യവിദഗ്ധർ നിർദേശിക്കുന്നു.

2009 ൽ രൂപപ്പെട്ട എച്ച് 1 എൻ 1 വൈറസുകളുടെ ജീനുകളാണ് എച്ച് 3 എൻ 2 വൈറസുകളിലും ഉള്ളതെന്നു കണ്ടെത്തിയിട്ടുണ്ട്. 2010 ൽ യു എസിൽ പന്നികളിൽ പ്രത്യക്ഷപ്പെട്ട വൈറസുകൾ പക്ഷികളിലേക്കും മനുഷ്യരിലേക്കും പടർന്നുപിടിക്കുകയായിരുന്നു. 2011 അവസാനത്തോടെ 12 മനുഷ്യരിൽ വൈറസുകൾ കണ്ടെത്തി. അഞ്ചുവയസ്സിൽ താഴെ പ്രായമുള്ള കുട്ടികളെയും 65 വയസ്സിനുമുകളിലുള്ളവരെയുമാണ് വൈറസുകൾ കടന്നാക്രമിക്കുകയെന്നും പഠനങ്ങളിൽനിന്നു വ്യക്തമായിട്ടുണ്ട്. ശ്വാസകോശങ്ങളെയും ഹൃദയത്തെയും നേരിട്ടാക്രമിക്കാൻ എച്ച് 3 എൻ 2 വൈറസുകൾക്കു കഴിയും. ഗുരുതര ന്യൂമോണിയയ്ക്കും വെന്റിലേറ്റർ ചികിത്സയ്ക്കും കാരണമാകുന്ന ടൈപ്പ് ബി ഇൻഫ്ളുവൻസ ബാധിച്ച് രണ്ടു മാസത്തിനിടെ അഞ്ചു കുട്ടികളെ പീഡിയാട്രിക് ഐ സി യുവിൽ പ്രവേശിപ്പിച്ചതായി ഡൽഹിയിലെ സർ ഗംഗാറാം ആശുപത്രിയധികൃതർ അറിയിച്ചു. കൂടുതൽ ഗുരുതരാവസ്ഥ സൃഷ്ടിക്കുന്ന അഡിനോ വൈറസ് ബാധിതരായ 11 കുട്ടികൾ തീവ്രപരിചരണവിഭാഗത്തിലുണ്ടെന്നും അവർ വെളിപ്പെടുത്തി.

കണ്ണുകളെയും ശ്വാസനാളിയെയും ബാധിക്കുന്ന അഡിനോ വൈറസുകൾ കൊവിഡ് 19 പോലുള്ള രോഗങ്ങൾക്കു കാരണമാകുമെന്ന മുന്നറിയിപ്പുമുണ്ട്. ഈ മാസം അവസാനത്തോടെ രോഗവ്യാപനം കുറയുമെന്ന പ്രതീക്ഷയാണ് ഐ സി എം ആർ അധികൃതർക്കുള്ളത്. കൂടുതൽ ആളുകളിലേക്കു രോഗം പടരാൻ സാധ്യതയുണ്ടെങ്കിലും ജീവഹാനി ഉണ്ടാക്കില്ലെന്നും അതിനാൽത്തന്നെ ആശങ്ക വേണ്ടെന്നും ആരോഗ്യവിദഗ്ധർ പറയുന്നു. ഏറ്റവും കൂടുതൽ മനുഷ്യജീവനെടുത്ത 1918-20 വർഷങ്ങളിലെ സ്പാനിഷ് ഫ്ളൂവിന്റെ ചരിത്രം നമ്മുടെ മുമ്പിലുണ്ട്. 5 കോടി പേരുടെ ജീവനാണ് സ്പാനിഷ് ഫ്ളൂ കവർന്നത്. ഇത്, രണ്ടാം ലോകമഹായുദ്ധത്തിൽ കൊല്ലപ്പെട്ടവരുടെ മരണസംഖ്യയ്ക്കു തുല്യമാണ്. ഇന്ത്യയിൽമാത്രം ഒന്നേ മുക്കാൽ കോടി മനുഷ്യരുടെ ജീവൻ നഷ്ടമായതായും കണക്കാക്കിയിട്ടുണ്ട്. പക്ഷികൾവഴിയാണ് രോഗാണുക്കൾ മനുഷ്യശരീരങ്ങളിൽ പ്രവേശിച്ചതെങ്കിലും വൃത്തിഹീനമായ അന്നത്തെ ചുറ്റുപാടുകളാണ് രോഗവ്യാപനത്തിനു കാരണമെന്നു നിരീക്ഷിച്ചിട്ടുണ്ട്. ഏറ്റവുമൊടുവിൽ പ്രത്യക്ഷപ്പെട്ട കൊറോണ വൈറസുകൾ 68 ലക്ഷത്തിലധികം ആളുകളെയാണു കൊന്നൊടുക്കിയത്. പക്ഷികളെയും വന്യമൃഗങ്ങളെയും ജീവനോടെയെത്തിച്ച് മാംസം വിറ്റിരുന്ന ചൈനയിലെ വുഹാനിലുള്ള തുറന്ന ചന്തയിൽ ഉദ്ഭവിച്ചുവെന്നു കരുതപ്പെടുന്ന കൊറോണ വൈറസുകൾ മനുഷ്യജന്യമായിരുന്നുവെന്നു പറയേണ്ടതില്ലല്ലോ. മധ്യകേരളത്തിലെ നാലു ജില്ലകളെ വിഷപ്പുകയിൽ മൂടിയ ബ്രഹ്മപുരത്തെ മാലിന്യക്കൂമ്പാരം ഒരു ദേശീയദുരന്തമായി പ്രഖ്യാപിക്കുകയും ഇത്തരം സാഹചര്യങ്ങൾ ഭാവിയിൽ ആവർത്തിക്കാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കുകയും വേണം. പാതവക്കുകളിലും പുഴകളിലും കായൽ/കടൽത്തീരങ്ങളിലുമെല്ലാം മാലിന്യക്കൂമ്പാരങ്ങൾ സൃഷ്ടിക്കുന്ന സാമൂഹികവിരുദ്ധരെ കണ്ടെത്താനും മാതൃകാപരമായി ശിക്ഷിക്കാനുമുള്ള ഇച്ഛാശക്തി തദ്ദേശസ്വയംഭരണസ്ഥാപനങ്ങളും സംസ്ഥാനം ഭരിക്കുന്ന സർക്കാരും സൃഷ്ടിച്ചെടുക്കാത്തിടത്തോളം കാലം മഹാമാരികൾ ഒന്നിനുപിറകേ മറ്റൊന്നായി മനുഷ്യരാശിയെ വേട്ടയാടുമെന്ന കാര്യത്തിൽ സംശയംവേണ്ട.

# സഹനത്തിലൂടെ വിശുദ്ധീകരണം



ഫാ. ജോസഫ് പുത്തൻപുരയ്ക്കൽ

വിശുദ്ധ മത്തായിയുടെ സുവിശേഷം 16-ാമധ്യായം 21-23 വാക്യങ്ങളിൽ സഹനത്തെക്കുറിച്ച് കർത്താവ് സംസാരിക്കുന്നു. ജറുസലേമിലേക്ക് സഹിക്കാനും മരിക്കാനുമായിപ്പോകുന്ന യേശുവിനെ പത്രോസു തടയുന്നു. 'നിന്റെ ചിന്ത ദൈവികമല്ല മാനുഷികമാണ്' എന്ന് യേശു പ്രത്യുത്തരിക്കുന്നു. നമ്മുടെയൊക്കെ ജീവിതങ്ങളിൽ സഹനങ്ങൾ കടന്നുവരാറുമുണ്ട്. മൂന്നുവിധത്തിൽ ആ സഹനങ്ങളെ നാം നേരിടുന്നു. ഏതു സഹനത്തെയും പൈശാചികമായി നേരിടുന്നവരുണ്ട്. എന്നെ വേദനിപ്പിച്ചവർക്കും എനിക്കെതിരേ സംസാരിച്ചവർക്കും തകർച്ചകൾ വരണേ എന്നു ഞാനാഗ്രഹിക്കുമ്പോൾ എന്റെ ചിന്ത പൈശാചികമായി മാറും. പരാതികളും ആവലാതികളും പറഞ്ഞുകൊണ്ട് സഹനങ്ങളെ നേരിടുന്നതു മാനുഷികമാണ്. ഏതു തകർച്ച വന്നാലും അതു ദൈവമറിയുന്നുണ്ട് എന്ന വിശ്വാസത്തോടെ അവയെ സ്വീകരിക്കുന്നതാണ് ദൈവികത.

സുഖദുഃഖസമ്മിശ്രമാണു ജീവിതം എന്നു കേട്ടിട്ടില്ലേ? പകുതി സന്തോഷവും പകുതി സഹനവും നിറഞ്ഞതാണ് മനുഷ്യജീവിതം. ഒരു ഓർഗനിൽ പകുതി കറുത്ത കട്ടകളും പകുതി വെളുത്ത കട്ടകളുമല്ലേ? ഒരു ദിവസത്തിന്റെ പകുതി രാത്രിയും പകുതി പകലുമല്ലേ? ഇപ്രകാരമാണ് മനുഷ്യന്റെ ജീവിതാനുഭവങ്ങളും. ഇരുൾ പരക്കുമ്പോൾ നക്ഷത്രങ്ങൾ തെളിഞ്ഞുനിൽക്കും. നക്ഷത്രങ്ങൾ എപ്പോഴും ആകാശത്തിലുണ്ട്. പക്ഷേ, അവയെ കാണണമെങ്കിൽ ഇരുട്ടു പടരണം. ജീവിതത്തിൽ ദൈവത്തിന്റെ തിളങ്ങുന്ന മുഖം കാണണമെങ്കിൽ സഹനത്തിന്റെ ഇരുൾ പരന്നുതുടങ്ങണം. വേദനകളെയും ദുരിതങ്ങളെയും ദുരന്തങ്ങളായി കാണുന്നവരുണ്ട്. അതു പ്രാർഥനയില്ലാത്ത ആൾക്കാരാണ്. അൽഫോൻസാമ്മയുടെ രോഗങ്ങളും ദുരിതങ്ങളും ദുരന്തങ്ങളായിരുന്നില്ല. അവ അവളെ കർത്താവിന്റെ അൾത്താരയിലേക്കുയർത്തിനിറുത്തി.



നോമ്പുകാലം സഹനങ്ങളെക്കുറിച്ചു ധ്യാനിക്കുന്ന കാലമാണല്ലോ. പല ലക്ഷ്യങ്ങളോടെയാണ് ദൈവം നമുക്കു സഹനങ്ങൾ നൽകുന്നത്. ചെവിക്കു പിടിച്ചു നുള്ളുന്നതുപോലെയാണ് സഹനം. ചെറുതും വലുതുമായ തെറ്റുകൾ സംഭവിക്കുമ്പോൾ, അധ്യാപകൻ കുട്ടിയെ നുള്ളുന്നതുപോലെ, ദൈവം നമ്മെ ഒന്നു നുള്ളും. തിരുത്താനും തിരിഞ്ഞുനോക്കാനുമുള്ള ഒരു നുള്ളാണത്. അറിഞ്ഞും അറിയാതെയും വന്നുപോയ നിരവധി പാപങ്ങൾ നമ്മുടെ ജീവിതത്തിലുണ്ട്. അവയ്ക്കുള്ള പരിഹാരമായി സഹനങ്ങളെ നാം സ്വീകരിക്കണം. സഹനത്തെ ധ്യാനപൂർവം വീക്ഷിക്കുമ്പോൾ ചില ഉത്തരങ്ങൾ നമുക്കു ലഭിക്കും.

ജീവിതത്തിൽ ഉയർന്ന നന്മകൾ സംഭവിക്കുന്നതിനുമുമ്പ് ഒരു സഹനമുണ്ട്. യോഹന്നാൻ 12/24 ൽ പറയുന്നു: "ഗോതമ്പുമണി നിലത്തു വീണഴിയുന്നില്ലെങ്കിൽ അതു ഫലം പുറപ്പെടുവിക്കുകയില്ല." അഴുകൽ എന്ന പ്രക്രിയയിലൂടെ കടന്നുപോയാലേ ഗോതമ്പുചെടിയെന്ന ഉപരിനന്മ മുളയ്ക്കുകയുള്ളൂ. ഈറ്റക്കമ്പ് ഓടക്കുഴലായി മാറുന്നത് വേദനയുടെ സുഷിരങ്ങൾ അതിൽ പതിക്കുമ്പോഴാണ്. മനോഹരമായ അരുളിക്കായുടെ പിന്നിൽ ചെത്തിമിനുക്കിയ ചെമ്പുതകിടുകളുടെ സഹനമുണ്ട്. ചെറിയ പരീക്ഷകൾ ജയിച്ചാൽ ചെറിയ പ്രമോഷൻ കിട്ടും. വലിയ പരീക്ഷകൾ ജയിച്ചാൽ വലിയ പ്രമോഷൻ ലഭിക്കും. അതുപോലെ, ചെറിയ സഹനങ്ങൾ കഴിയുമ്പോൾ ചെറിയ ആത്മീയവളർച്ചയും വലിയ സഹനങ്ങൾ കഴിയുമ്പോൾ വലിയ ആത്മീയവളർച്ചയും ലഭിക്കും.

നിയമാവർത്തനം 32 ൽ പത്തുമുതലുള്ള വാക്യങ്ങളിൽ ഇങ്ങനെ പറയുന്നുണ്ട്: അമ്മക്കഴുകൻ അതിന്റെ കുഞ്ഞിനെ പറക്കാൻ പഠിപ്പിക്കുന്നതുപോലെ ഞാൻ നിന്നെ പരിപാലിക്കും. കുഞ്ഞിനെ ചുണ്ടിൽ കൊത്തിയെടുത്തിട്ട് ആകാശത്തിന്റെ അനന്തതയിലേക്ക് തള്ളക്കഴുകൻ പറന്നുയരും. ആകാശത്തിൽനിന്ന് കുഞ്ഞിനെ താഴേക്ക് എറിയും. ചിറകടിച്ചു തളരുന്ന കുഞ്ഞിനെ അമ്മക്കഴുകൻ താഴ്ന്നുപറന്ന് ചിറകിൽ വഹിക്കും. പല പ്രാവശ്യം ഇതാവർത്തിക്കുമ്പോൾ കുഞ്ഞുകഴുകന്റെ ചിറകിനു ബലം വരും. നമ്മുടെ ജീവിതത്തിൽ ദൈവം ഇപ്രകാരം പ്രവർത്തിക്കും. എന്നെ പിടിച്ചുകുലുക്കുന്ന അനുഭവങ്ങൾ കടന്നുവരും. പക്ഷേ, ഞാൻ ഉടയില്ല. വീഴിക്കുന്നതുപോലെ തോന്നും. പക്ഷേ, ദൈവം എന്നെ താങ്ങി നടത്തും. പലവട്ടം വീഴുമ്പോൾ നടക്കാനും പലപ്രാവശ്യം കരയുമ്പോൾ ചിരിക്കാനും ഞാൻ പഠിക്കും. സഹനങ്ങൾ എന്നെ മനഃശക്തിയുള്ളവനാക്കി മാറ്റും.

പച്ചമനുഷ്യരായി നമ്മെ മാറ്റാൻ സഹനം സഹായിക്കും. അപരന്റെ വേദന അറിയാനും അവനെ മനസ്സിലാക്കാനും സഹനം നമ്മെ പ്രാപ്തരാക്കുന്നു. കൂടുതൽ സഹിക്കുന്നവരാണ് മറ്റുള്ളവരെ കൂടുതൽ സഹായിക്കുന്നത്. ഒന്നും രണ്ടും ലോകമഹായുദ്ധങ്ങൾ കഴിഞ്ഞപ്പോൾ ജർമൻജനത ദുരിതമനുഭവിച്ചു. പിന്നീട് അവർ പാവപ്പെട്ട രാജ്യങ്ങളെ സഹായിക്കുന്ന 'മിസ്സിയോ' എന്ന സംഘടനയ്ക്കു രൂപം നൽകി. കഷ്ടപ്പെട്ടു പഠിച്ച കുട്ടികൾ ജോലി കിട്ടി ആദ്യവേതനം കൈപ്പറ്റുമ്പോൾ അത് പാവപ്പെട്ട കുട്ടികളുടെ പഠനത്തിനായി നൽകാറുണ്ട്. കൂടുതൽ സഹിക്കുന്നവർ മറ്റുള്ളവരെ കൂടുതൽ സഹായിക്കും.

■

# സ്വർണക്കുരിശ്

ബാലനോവൽ | അഞ്ച് | രാമപുരം മണി

മാസങ്ങൾ അങ്ങനെ കടന്നുപോയി. മഴയ്ക്ക് അല്പം ശമനമുണ്ട്. എങ്കിലും മഴമേഘങ്ങൾ ആകാശത്തുണ്ട്. വെയിലിനു നല്ല തെളിച്ചമില്ല.

ഗ്രേസിക്കീയിടെ നല്ല സുഖമില്ല. എങ്കിലും കുന്നത്തുവീട്ടിലെ പണിയവൾ മുടക്കിയില്ല. എന്നും രാവിലെ പോകും വൈകിട്ടു തിരിച്ചുവരും. കൂടുതൽ ക്ഷീണമുള്ള ദിവസങ്ങളിൽ ശുഭ പറയും:

"ഗ്രേസിയാന്റി നടന്നുപോകണ്ട. ഞാൻ കാറിൽ കൊണ്ടുചെന്നുവിടാം."

"ഓ അതൊന്നുംവേണ്ട മോളേ, കുറച്ചു നടന്നാൽപ്പോരെ."

"വേണം. ക്ഷീണമുള്ളപ്പോൾ നടന്നുപോകണ്ട വാ." ശുഭ ഗ്രേസിയെ മെല്ലെപ്പിടിച്ചെണീൽപ്പിച്ച് കാറിൽക്കയറ്റും.

ഗ്രേസി ദയനീയമായി സുഭദ്രയെ നോക്കും.

"നോക്കണ്ട. പിള്ളേരെ അനുസരിച്ചേക്ക്." ഒരു പുഞ്ചിരി അപ്പോൾ സുഭദ്രയുടെ ചുണ്ടിൽ വിടരും.

അതു കണ്ടു ലക്ഷ്മിമുത്തശ്ശി ഉള്ളം കുളിർത്തു പറയും:

"എന്റെ കുട്ടികളുടെ സൗഹൃദവും സ്നേഹവും. ഇതെന്നും ഉണ്ടാവണേ ഭഗവാനേ."

"ഉണ്ടാവും മുത്തശ്ശീ. നമ്മൾ അവരെ അങ്ങനെയല്ലേ വളർത്തിയത്." സുഭദ്ര സന്തോഷത്തോടെ അകത്തേക്കു പോകും. മുത്തശ്ശി വരാന്തയിൽച്ചെന്ന് കാലും നീട്ടിയിരിക്കും. എന്നിട്ട് ആകാശത്തേക്കു നോക്കും. മഴ പെയ്യേണ്ട മട്ടുണ്ടല്ലോ... കൈപ്പടം കണ്ണിനു മുകളിൽവച്ചാണ് ആകാശത്തേക്കു നോക്കുക. കാഴ്ച അല്പം കുറവ്. വയസ്സിത്രേമായില്ലേ... ലക്ഷ്മി മുത്തശ്ശിക്ക്.



"ശേഖരൻ വന്നില്ലേ സുഭദ്രേ."

"ഇന്നു ടൗൺവരെ പോയിട്ടേ വരൂ."

"കൂടെയാരാ?"

"ജോസഫുണ്ട്. എന്തൊക്കെയോ വാങ്ങാനുണ്ടത്രേ... ജീപ്പുംകൊണ്ടാ പോയിരിക്കുന്നത്."

"ഓ..."

സന്ധ്യയാകാറായിരിക്കുന്നു. ചേക്കേറാൻ പോകുന്ന പക്ഷിക്കൂട്ടങ്ങളുടെ കലപിലശബ്ദം. കാക്കകൾ കൂട്ടമായി പറക്കുന്നു. രാവിലെ ഇരതേടി പോകുന്നതാണ്.

വൈകിട്ടു വന്നു കൂടണയും. ഏതെങ്കിലും മരത്തിന്റെ മണ്ടയിൽ ഒരു കൂടുകാണും. തെങ്ങിലോ പ്ലാവിലോ ആനിയിലോ മാവിലോ ആയിരിക്കും കൂട്.

ലക്ഷ്മിമുത്തശ്ശി ഓരോ കാഴ്ചകൾ കണ്ടിങ്ങനെ ഓരോന്നാലോചിച്ചിരിക്കുകയാണ്. സന്ധ്യയാകാറായപ്പോഴാണ് ഷിബിൻ സ്വന്തം വീട്ടിലേക്കു പോയത്. അമ്മച്ചി തനിയെയാണല്ലോ അവിടെ. അപ്പച്ചൻ ശേഖരനങ്കിളിന്റെകൂടെ ടൗണിൽപ്പോയിരിക്കുകയാണെന്നു ശുഭച്ചേച്ചി പറഞ്ഞു. രതീഷിനോടു സംസാരിച്ചിരിക്കുമ്പോൾ സമയം പോകുന്നതറിയില്ല. അവൻ നല്ലൊരു വായനക്കാരനാണ്. നല്ല നല്ല പുസ്തകങ്ങൾ അവന്റെ കൈയിലുണ്ട്. കുറച്ചുവായിക്കണം. വായന ഒരു ശീലമാക്കണം. വായിച്ചുവളരണം. ഷിബിൻ വേഗം നടന്നു. അവൻ വീട്ടിലെത്തിയപ്പോൾ അമ്മയെ വരാന്തയിൽ കണ്ടില്ല. അവൻ പേടിച്ചുപോയി. വേഗം ഉള്ളിൽക്കയറി നോക്കിയപ്പോൾ അമ്മച്ചി കിടക്കുന്നതു കണ്ടു.

"അമ്മച്ചീ എന്താ കിടക്കുന്നത്?"

"വെറുതെ."

"ക്ഷീണം വല്ലതുമുണ്ടോ?"

"ഇല്ല മോനെ. അപ്പച്ചൻ വന്നില്ലല്ലോ അല്ലേ."

"വന്നില്ല. ഉടനെ വരും. അപ്പച്ചനെ ഇവിടെ ഇറക്കീട്ടേ അങ്കിളു പോകൂ." ഷിബിൻ പറഞ്ഞു.

"ശരിയാ ഞാൻ സുഖമില്ലാതിരിക്കുകയാണെന്നവർക്കറിയാമല്ലോ."

അപ്പോൾ ജീപ്പു പുറത്തു വന്നുനിന്നു. അതിൽനിന്നു ജോസഫിറങ്ങി.

"ശേഖരേട്ടൻ കയറുന്നില്ലേ?"

"ഇല്ല."

"ശരി എന്നാൽ ഓക്കെ."

ജീപ്പു മുന്നോട്ടു പാഞ്ഞു.

"ഗ്രേസീ എന്നാടീ നിനക്കൊരു ക്ഷീണംപോലെ." ജോസഫ് ചോദിച്ചു.

"കാര്യമായിട്ടൊന്നുമില്ല. എന്നാൽ, ചെറിയൊരു ക്ഷീണം ഇല്ലാതില്ല."

"നീ വിശ്രമിക്ക്. ഞാനൊന്നു കുളിക്കട്ടെ." ജോസഫ് കുളിമുറിയിലേക്കു പോയി.

"അമ്മേ, ഇതാ അപ്പച്ചൻ പഴങ്ങളും മറ്റും കൊണ്ടുവന്നിരിക്കുന്നു. ഏത്തപ്പഴം, ആപ്പിൾ, മുന്തിരി."

"ഇഷ്ടമുള്ളതു മോനെടുത്തു തിന്നോ."

"അപ്പച്ചൻ വരട്ടെ തിന്നോളാം."

ജോസഫ് താമസിയാതെ കുളികഴിഞ്ഞു വന്നു.

അപ്പോൾ പ്രാർഥനയ്ക്കുള്ള സമയമായിരുന്നു.

യേശുദേവന്റെ രൂപത്തിനുമുമ്പിൽ മെഴുകുതിരി കത്തിച്ചുവച്ച് അവർ മൂവരും സന്ധ്യാപ്രാർഥന ചൊല്ലി.

"മോനേ രണ്ടുമൂന്ന് ആപ്പിളെടുത്തു ചെത്തെടാ, നമുക്കു തിന്നാം."

ഷിബിൻ ആപ്പിളെടുത്തു തൊലി ചെത്തി കഷണങ്ങളാക്കി അപ്പച്ചനും അമ്മച്ചിക്കും കൊടുത്തു.

"നീ തിന്നോ."

"നിങ്ങളു കഴിക്ക്, ഞാൻ തിന്നോളാം."

ഗ്രേസി ഒരാപ്പിൾ മുഴുവൻ തിന്നു. ജോസഫും കഴിച്ചു. ബാക്കിയുള്ളതു ഷിബിൻ തിന്നു.

"ശേഖരൻചേട്ടൻ വാങ്ങിത്തന്നതാ പഴങ്ങള്." ജോസഫ് പറഞ്ഞു.

ഈ നാട്ടിൽ തങ്ങൾക്കു താങ്ങും തണലുമായിട്ടുള്ള സ്നേഹമുള്ള മുതലാളി.

*(തുടരും)*

ദീപനാളം
കലാ സാംസ്കാരിക ദേശീയ വാരിക

ചീഫ് എഡിറ്റർ & മാനേജിങ് ഡയറക്ടർ : ഫാ. കുര്യൻ തടത്തിൽ

അസോസിയേറ്റ് എഡിറ്റർ : ഫാ. കുര്യാക്കോസ് പാത്തിക്കൽപുത്തൻപുരയിൽ



ഞാൻ എപ്പോഴും പ്രത്യാശയുള്ളവനായിരിക്കും, അങ്ങയെ മേൽക്കുമേൽ പുകഴ്ത്തുകയും ചെയ്യും.

സങ്കീർത്തനം 71:14

**എഡിറ്റോറിയൽ**

# സ്ത്രീപക്ഷകേരളം ലജ്ജിച്ചു തലതാഴ്ത്തണം!

സ്ത്രീശക്തി കേരളത്തിന്റെ കരുത്താണെന്നും കുടുംബശ്രീ ലോകത്തിലെ ഏറ്റവും വലിയ വനിതാ സ്വയം സഹായ ശൃംഖലകളിലൊന്നാണെന്നും രാഷ്ട്രപതി ദ്രൗപദി മുർമു മലയാളമണ്ണിൽനിന്നു പറഞ്ഞതുകേട്ട് സ്ത്രീകളെന്നല്ല, കേരളക്കരയാകെ അഭിമാനപുളകിതരായി ഹർഷാരവം മുഴക്കി. രാഷ്ട്രപതിയായശേഷം ആദ്യമായി കേരളത്തിലെത്തവേ, സംസ്ഥാന സർക്കാർ നൽകിയ പൗരസ്വീകരണത്തിലാണ് (മാർച്ച് 17) സ്ത്രീകളെ പ്രശംസിച്ചുകൊണ്ടുള്ള രാഷ്ട്രപതിയുടെ പരാമർശം. വിവിധ കാലഘട്ടങ്ങളിൽ വിവിധമേഖലകളിലുണ്ടായ തിളക്കമാർന്ന സ്ത്രീശക്തീകരണമാതൃകകളെ പേരെടുത്തു പറയാനും രാഷ്ട്രപതി മടികാണിച്ചില്ല. കേരളസ്ത്രീകൾ ഇന്ത്യയ്ക്കുമുമ്പിൽ പ്രശസ്തിയുടെ കൊടുമുടിയിലെത്തിനിൽക്കുമ്പോഴും സുരക്ഷയുടെ കാര്യത്തിൽ നാണംകെട്ട വാർത്തകളേ കേരളത്തിനു പറയാനുള്ളൂ. പട്ടാപ്പകലായാലും പാതിരാത്രിയായാലും സ്ത്രീകൾ കുടുംബത്തിലും സമൂഹത്തിലും അരക്ഷിതരാണെന്ന ദൗർഭാഗ്യകരമായ അവസ്ഥയ്ക്ക് കേരളം ഇന്നും സാക്ഷിയാണ്!

സ്ത്രീസുരക്ഷയ്ക്കായി നൂറുകൂട്ടം പദ്ധതികൾ ആസൂത്രണം ചെയ്യാൻ കാലാകാലങ്ങളിൽ സർക്കാരും പോലീസും ഉത്സുകരാണെങ്കിലും അടിസ്ഥാനപരമായി ഒരു മാറ്റവും സംഭവിക്കുന്നില്ലെന്നതു ലജ്ജാവഹമാണ്. തിരുവനന്തപുരം ചെങ്കോട്ടുകോണത്ത് പ്ലസ്വൺ വിദ്യാർഥിനിയെ പട്ടാപ്പകൽ നാലുപേർചേർന്ന് മർദിച്ചവശയാക്കിയത് ഇക്കഴിഞ്ഞ ദിവസമാണ്. തലസ്ഥാനനഗരിയിൽത്തന്നെ പേട്ട പോലീസ് സ്റ്റേഷനടുത്ത് സ്കൂട്ടറിൽ മരുന്നുവാങ്ങാനിറങ്ങിയ സ്ത്രീ ക്രൂരമായി ആക്രമിക്കപ്പെട്ടിട്ട് ഒരാഴ്ചയേയായുള്ളൂ. കോഴിക്കോട് ഗവൺമെന്റ് മെഡിക്കൽ കോളജിൽ ശസ്ത്രക്രിയയ്ക്കുശേഷം മയക്കത്തിലായിരുന്ന യുവതിയെ ജീവനക്കാരൻ പീഡിപ്പിച്ച അതിക്രൂരമായ സംഭവവും റിപ്പോർട്ടു ചെയ്യപ്പെടുകയുണ്ടായി. ഇങ്ങനെ തുടരുന്ന സ്ത്രീപീഡനങ്ങളിൽ പൊലീസിന്റെ അടിയന്തര ഇടപെടലുകൾ ഉണ്ടാവുന്നില്ലായെന്നത് പരക്കെയുള്ള പ്രതിഷേധമാണ്.

സ്ത്രീകൾക്കുനേരേയുള്ള അതിക്രമങ്ങളിൽ നല്ലൊരു ശതമാനവും കേസിനോ പരാതിക്കോ പോകാതെ ഒത്തുതീർപ്പാക്കി ഒതുക്കിത്തീർക്കാനാണ് പലർക്കുമിഷ്ടം. മാനഹാനിഭയന്നും ജീവിതകാലം മുഴുവൻ 'ഇര'കളായി അറിയപ്പെടാതിരിക്കാനുമാകാമിത്. ചുരുക്കം ചിലരേ 'അതിജീവിത'മാരായി ഉയിർത്തെഴുന്നേൽക്കുന്നുള്ളൂ എന്നതും വാസ്തവമാണ്. കേരളത്തിലെ പോലീസ് സ്റ്റേഷനുകൾ ഉൾപ്പെടെയുള്ള സുരക്ഷാകേന്ദ്രങ്ങൾ സ്ത്രീകൾക്ക് ആത്മവിശ്വാസത്തോടെ കയറിച്ചെല്ലാൻ പറ്റുന്ന ഇടങ്ങളായി പരിവർത്തനപ്പെട്ടിട്ടില്ലായെന്നതും ചർച്ചയാകേണ്ടതാണ്.

2022 ൽ സ്ത്രീകൾക്കുനേരേയുള്ള അതിക്രമത്തിന് 18943 കേസും 2021 ൽ 16199 കേസുമാണ് റിപ്പോർട്ടു ചെയ്യപ്പെട്ടത്. ഒരു വർഷത്തിനിടെ 2744 കേസുകളുടെ വർധനയുണ്ടായതു നിസ്സാരവത്കരിക്കാനാവില്ല. കുട്ടികൾക്കെതിരായ അതിക്രമത്തിന് 4586 കേസുകളാണ് 2021 ൽ എടുത്തിട്ടുള്ളതെങ്കിൽ 2022 ലാകട്ടെ 5315 പോക്സോ കേസുകളാണുള്ളത്. സ്ത്രീപക്ഷകേരളമെന്ന് സർക്കാർ ആവർത്തിച്ചു കൊട്ടിഘോഷിക്കുമ്പോഴും പീഡനങ്ങളുടെ ഗ്രാഫ് ഉയരുന്ന കണക്കുകളാണ് സംസ്ഥാന ക്രൈം റിക്കോർഡ്സ് ബ്യൂറോ റിപ്പോർട്ടു ചെയ്തിട്ടുള്ളത്.

സ്ത്രീസുരക്ഷാവിഷയത്തിൽ സമൂഹത്തെമാത്രം കുറ്റംപറഞ്ഞു കൈകഴുകിയിട്ടു കാര്യമില്ല. കേരളത്തിലെ വീട്ടകങ്ങളിൽ സ്ത്രീകൾ ആക്രമിക്കപ്പെടുന്നതിന്റെ കണക്കുകൾ നേരേചൊവ്വേ ഒരിടത്തും ലഭ്യമല്ല. നമ്മുടെ പെൺകുഞ്ഞുങ്ങളടക്കം വീടുകളിൽ അരക്ഷിതരാകുന്ന സ്ത്രീജന്മങ്ങളെക്കുറിച്ച് സ്വരമുയർത്താൻ മനുഷ്യാവകാശപ്രവർത്തകരും സ്ത്രീസംഘടനകളും മാധ്യമപ്രവർത്തകരും വിരളമായുണ്ടെങ്കിലും അതൊന്നും അധികാരസിംഹാസനങ്ങളിൽ എത്തിപ്പെടുന്നില്ല. സ്വന്തം അച്ഛനാലും രണ്ടാനച്ഛനാലും ബന്ധുവലയത്തിലുള്ള മറ്റു പലരാലും പീഡനമേൽക്കുന്ന പെൺകുരുന്നുകളുടെ കണ്ണീർക്കഥകൾ സാംസ്കാരികകേരളം കേൾക്കാതെ പോകരുത്. സ്ത്രീധനത്തിന്റെ പേരിലും പ്രണയം നിരസിച്ചതിന്റെ പേരിലും തീയിലും കത്തിമുനയിലും ഇല്ലാതാകുന്ന പെൺജന്മങ്ങൾ ഇനിയും പ്രബുദ്ധകേരളത്തിലുണ്ടാകാൻ പാടില്ല.

സ്ത്രീകൾ നേരിടുന്ന അതിക്രമങ്ങൾക്കെതിരേ അതു മാനസികമോ ശാരീരികമോ ആയാലും, പ്രതികരിക്കാനും പ്രതിഷേധിക്കാനും സമൂഹം ഒന്നടങ്കം തയ്യാറാകണം. സ്ത്രീപീഡനങ്ങളെ ലഘൂകരിക്കാൻ പോലീസോ ഭരണാധികാരികളോ എന്നല്ല, മനുഷ്യമനഃസാക്ഷിയുള്ള ആരും മുതിരരുത്. വനിതാപോലീസുകാരുടെ എണ്ണം വർദ്ധിപ്പിച്ച് സേനയെ കൂടുതൽ സ്ത്രീസൗഹൃദമാക്കിയാൽ പോലീസ് സ്റ്റേഷനുകൾ ഒരു പരിധിവരെയെങ്കിലും തണൽകേന്ദ്രങ്ങളായി പരിവർത്തനപ്പെടാൻ ഇടയാകുമെന്നതിലും സംശയമില്ല.

■



## പ്രതികരണം

### സാധു ഇട്ടിയവിരായെ ഓർക്കുമ്പോൾ

ഒറ്റപ്പെട്ടതെങ്കിലും ലാളിത്യത്തിന്റെ മാതൃകകൾ സമൂഹത്തിൽ അവിടവിടങ്ങളിലായി ഇപ്പോഴുമുണ്ടെന്നത് നാടിന്റെ നന്മയായിത്തന്നെ കരുതണം. അത്തരം നന്മകൾ കാലപ്രവാഹത്തിൽ ലയിക്കുമ്പോൾ അതു ദുഃഖകരമായിത്തീരുന്നു.

എല്ലാ അർഥത്തിലും ലളിതമനസ്കനായി ജീവിച്ച് ഈയടുത്തനാളിൽ ലോകത്തോടു വിടപറഞ്ഞ സാധു ഇട്ടിയവിരായെക്കുറിച്ചുള്ള അനുസ്മരണം (നാളം – 4) അദ്ദേഹത്തിനു നല്കാവുന്ന ഉചിതമായ ഒരാദരവായിത്തീർന്നുവെന്നു പറയട്ടെ. വർഷങ്ങൾക്കുമുമ്പ് ദീപനാളത്തിന്റെ പേജുകളിൽ പതിവായി അദ്ദേഹത്തിന്റെ കൊച്ചുകൊച്ചു ചിന്താശകലങ്ങൾ വന്നിരുന്നതോർക്കുന്നു. ലളിതമെങ്കിലും മൗലികവും ചിന്താബന്ധുരവുമായിരുന്നു അവയോരോന്നും. അദ്ദേഹത്തെ അടുത്തുനിന്നും അകലെനിന്നും കണ്ടറിഞ്ഞവർക്ക് ആ അനുസ്മരണക്കുറിപ്പ് ഹൃദ്യമായിത്തീരുമെന്നുറപ്പ്. ഷാജി മാലിപ്പാറയ്ക്കും ദീപനാളത്തിനും അഭിനന്ദനങ്ങൾ!

**സന്തോഷ് മാത്യു**
**അടിമാലി**

### പഠനാർഹമായ ലേഖനം

മാലിന്യസംസ്കരണത്തിന്റെ കാണാപ്പുറങ്ങളെക്കുറിച്ച് മുരളി തുമ്മാരുകുടി ദീപനാളം മാർച്ച് 23 ലക്കത്തിൽ എഴുതിയ ലേഖനം അവസരോചിതവും ഏറെ വിജ്ഞാനപ്രദവുമായിരുന്നു. ദുരന്തനിവാരണരംഗത്തു ദീർഘകാലമായി പ്രവർത്തിച്ചുവരുന്ന അദ്ദേഹത്തിന്റെ അനുഭവസമ്പത്തിന്റെ വെളിച്ചത്തിൽ എഴുതപ്പെട്ട ആ ലേഖനം വേറിട്ട പല നിരീക്ഷണങ്ങളും നടത്തുന്നുണ്ട്.

അധികം പഴിചാരലുകൾക്കു മെനക്കെടാതെ യാഥാർഥ്യബോധത്തോടെ മാലിന്യപ്രശ്നത്തിന്റെ നാനാവശങ്ങളും വിശകലനവിധേയമാക്കുന്നു. മാലിന്യസംസ്കരണത്തിന്റെ പ്രായോഗികവും അപ്രായോഗികവുമായ വശങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് അദ്ദേഹം പ്രധാനമായും നിർദേശിക്കുന്ന ഒരു കാര്യം പുതിയ സാങ്കേതികവിദ്യകളുടെ ആവശ്യകതയാണ്. അതായത്, വിദഗ്ധരുടെ സഹായം ഇവിടെ വേണം. വിദഗ്ധർക്കു ചെയ്യാൻ സാധിക്കുന്നതിലുമധികം ജോലി ഓരോ പഞ്ചായത്തിലുമുണ്ടെന്നാണ് അദ്ദേഹം വ്യക്തമാക്കുന്നത്.

ബ്രഹ്മപുരത്തു തീപിടിച്ച് പുക നഗരാതിർത്തികളിലേക്കു കടന്നപ്പോൾ മാത്രമാണ് വേവലാതിയും പരിഭ്രമവും എല്ലാവർക്കുമുണ്ടായതെന്നു നാം മനസ്സിലാക്കണം! എത്രനാളായി ടൺകണക്കായ ആ മാലിന്യക്കൂമ്പാരം അവിടെ കിടക്കുന്നു! ആ തീ അവിടെത്തന്നെ നീറിയൊടുങ്ങിയിരുന്നെങ്കിലോ? അതിനു പിന്നിലെ അഴിമതിക്കഥകൾ പുറത്തുവരുമായിരുന്നോ? ഇമ്മാതിരി മാലിന്യമലകൾ എത്രയെത്ര പഞ്ചായത്തുകളിൽ ഇനിയും നീണ്ടുപരന്നുകിടക്കുന്നു! അതിനു പിന്നിലുമുണ്ടാവില്ലേ നാറുന്ന കഥകൾ? താത്കാലികപരിഹാരമാണ് എല്ലാവരും നോക്കുന്നത്. അതിനുപകരം കാതലായ ഏതു പ്രശ്നത്തിന്റെയും പരിഹാരത്തിന് എവിടെയും സ്ഥിരം സംവിധാനം കൂടിയേ തീരൂ. മാലിന്യത്തിന്റെ അളവ് എത്രത്തോളം കുറയ്ക്കാമെന്ന് ഓരോ വ്യക്തിയും ചിന്തിച്ചുതുടങ്ങിയാൽത്തന്നെ അത് ആശാവഹമായ ഒരു മാറ്റമാണ്.

**കെ.എൻ. രവി**
**തൃപ്പൂണിത്തുറ**

### കളിക്കളം

സനിൽ പി. തോമസ് 'കളിക്കളം' പരമ്പരയിലൂടെ അവതരിപ്പിക്കുന്ന സ്പോർട്സ് വിശേഷങ്ങൾ ആസ്വാദ്യമാണ്! കായികരംഗത്തെ ഓരോ ചലനവും ഇപ്പോഴും അദ്ദേഹം സൂക്ഷ്മനിരീക്ഷണത്തിനും സൂക്ഷ്മവിശകലനത്തിനും വിധേയമാക്കുന്നുവെന്നറിയുന്നതു സന്തോഷകരംതന്നെ. ഒരുകാലത്ത് മനോരമ ദിനപത്രത്തിൽ പരമ്പരപോലെ വന്നിരുന്ന അദ്ദേഹത്തിന്റെ സ്പോർട്സ് ലേഖനങ്ങൾ ഓർക്കുന്നു. കായികപ്രേമികളെ ഏറെ ആകർഷിച്ചിരുന്നു അവ.

കാലമേറെക്കഴിഞ്ഞിട്ടും എഴുത്തിലെ പഴയ പ്രസരിപ്പ് ഒട്ടും ചോർന്നിട്ടില്ലായെന്ന് ദീപനാളം ലേഖനങ്ങളും തെളിയിക്കുന്നു. എഴുത്തിലെ ആത്മാർഥതയാണ് സനിൽ പി. തോമസിന്റെ ലേഖനങ്ങളെ വ്യത്യസ്തമാക്കുന്നത്. ശോഭനമായ ഒരു കായിക കേരളത്തെ അല്ലെങ്കിൽ കായികഇന്ത്യയെ അദ്ദേഹം സ്വപ്നം കാണുന്നു. ഓരോ കായികതാരത്തിന്റെയും കുതിപ്പും കിതപ്പും അദ്ദേഹം വേഗം തിരിച്ചറിയുന്നു. സനിലിന്റെ ലേഖനങ്ങൾ, കായികതാരങ്ങളെ സംബന്ധിച്ച് ഒരു ചൂണ്ടുപലകയാണ്.

നമ്മുടെ കായികലോകത്തെ സജീവമാക്കി നിലനിറുത്തുന്നതിൽ സ്പോർട്സ്സംഘടനകൾക്കും അതിന്റെ ഭാരവാഹികൾക്കും മാത്രമല്ല, സനിലിനെപ്പോലുള്ള സ്പോർട്സ്‌ലേഖകർക്കും വലിയ പങ്കുണ്ട്.

**എബി അഗസ്റ്റിൻ**
**രാമപുരം**

### കേരളത്തിലെ ബസ്സ്റ്റാൻഡുകൾ

അടുത്ത കാലത്തു പല ജില്ലകളിലായി, കേരളത്തിലെ ചില ബസ്സ്റ്റാൻഡുകളിൽ കയറിയിറങ്ങി സഞ്ചരിക്കേണ്ടിവന്നു.

നിർമാണത്തിലും നടത്തിപ്പിലും വൻ കെടുകാര്യസ്ഥത ഉണ്ടായതും നിലനിൽക്കുന്നതുമായ ഇടങ്ങളാണ് എല്ലാ ബസ് സ്റ്റേഷനുകളും. ദൃശ്യമാകുന്ന ഏറ്റവും ഭീകരമായ സ്ഥിതി, ഇവിടങ്ങളിൽ മനുഷ്യജീവനുകൾക്കു പുല്ലുവില കലപിച്ചിട്ടില്ല എന്നതാണ്. എല്ലായിടങ്ങളും ഓരോ 'ബ്രഹ്മപുര'മാണ്.

ഈ ബസ്സ്റ്റാൻഡുകളിൽ കയറിയിറങ്ങുന്നവർ, പിന്നീട് ജീവിച്ചിരിക്കുന്നത്, അവരുടെ ആയുർബലം ഒന്നുകൊണ്ടു മാത്രമാണ്. വൻ ബമ്പുകളിൽ കയറിച്ചാടിയിറങ്ങാത്ത ഇടങ്ങൾ തുലോം കുറവാണ്. മനുഷ്യരുടെ സുരക്ഷിതമായ കയറിയിറങ്ങലോ നടപ്പോ ഇവിടങ്ങളിൽ സാധ്യമല്ല. ഓരോയിടം കടക്കുമ്പോഴും ഇങ്ങനെയേ ബസ്സ്റ്റാൻഡ് നിർമാണം സാധ്യമാവുകയുള്ളോ എന്നു ചോദിച്ചുപോവുകയാണ്...! എല്ലായിടത്തും കുറ്റങ്ങൾ പറയാനുള്ളതുകൊണ്ട്, ഒരിടത്തെയും എടുത്തുപറയുന്നില്ല. കേരളീയർ സഞ്ചരിക്കുന്ന കുറെ സ്ഥലങ്ങൾ മനസ്സിലോർത്ത്, ഇവിടെ ഉന്നയിച്ചിരിക്കുന്നതിൽ വാസ്തവമുണ്ടോ എന്നു നിശ്ചയിച്ചാലും...!

**അഡ്വ. ഫിലിപ്പ്**
**പഴേമ്പള്ളി, പെരുവ**



കഥ

സിസ്റ്റർ തെരേസ് കോഴികൊത്തിക്കൽ എസ്. എച്ച്.

# തിരിച്ചറിവ്

"ഹലോ, ഹലോ." അയാൾ തിരക്കിട്ട്, വളരെ സന്തോഷത്തോടെ ഫോൺ ചെയ്തുകൊണ്ട് ത്രീസ്റ്റാർ ഹോട്ടലിന്റെ പ്രവേശനകവാടത്തിൽനിന്നിറങ്ങി കാറിൽ കയറാൻ ശ്രമിക്കുകയാണ്.

"ഹലോ, ഗോപൂ, കച്ചവടം ഉറപ്പിച്ചു. നമ്മൾ പ്രതീക്ഷിച്ച തുകയ്ക്കുതന്നെ എഗ്രിമെന്റ് വയ്ക്കാൻ കഴിഞ്ഞു. ഇനി ഉടൻതന്നെ ഒരു വാടകവീട് കണ്ടുപിടിക്കണം."

"ശരി, ഇന്ന് ഇത്രയും ലേറ്റായതുകൊണ്ട്, നാളെ വിശദമായി സംസാരിക്കാം, ഒക്കെ."

അയാൾ ഫോൺ ഓഫാക്കി കാറിൽ കയറി ഓടിച്ചുപോയി. പാതിരാത്രിയായിരുന്നെങ്കിലും ആയിരം സൂര്യന്മാർ ഒന്നിച്ചുദിച്ച പ്രതീതിയായിരുന്നു അപ്പോൾ അയാളുടെ മനസ്സിൽ.

രാത്രി ഒരു മണി. വീടിന്റെ പോർച്ചിൽ കാർ നിർത്തി അയാൾ പുറത്തിറങ്ങി. കാലുകൾ നിലത്തുറയ്ക്കുന്നില്ല. എങ്കിലും അയാളുടെ മുഖത്ത് വിജയശ്രീലാളിതന്റെ ഭാവമാണ്.

അയാൾ ബെല്ലടിക്കുന്നതിനു മുമ്പേ, ഭാര്യ വന്ന് വാതിൽ തുറന്നു. അവളുടെ മുഖത്ത് ഉറക്കച്ചടവും, നിരാശാഭാവവുമാണ്. വാക്കുകൾ കുഴയുന്നുണ്ടെങ്കിലും ഓസ്കർ അവാർഡുമായി വന്നവനെപ്പോലെ അയാൾ വാചാലനായി.

"എടീ, കച്ചവടം ഉറപ്പിച്ചു. 50 കോടിതന്നെ. നാളെത്തന്നെ വാടകവീട്ടിലേക്കു മാറാൻ എല്ലാം തയ്യാറാക്കുക. എനി..., എനിക്ക് തി...രക്കുണ്ട്. എന്റെ ഫിലിം, എന്റെ ഫിലിം." അയാൾ ആവർത്തിച്ചുകൊണ്ടിരുന്നു. താമസിയാതെ ഉറക്കത്തിലേക്കു വഴുതി വീണു.

അവൾ ദുഃഖത്തോടെ അയാളെ നോക്കിനിന്നു.

പഴയകാലങ്ങൾ അവളുടെ ഓർമയിൽ വന്നു; ധനവും പ്രൗഢിയും ഉള്ള കുടുംബമായിരുന്നെങ്കിലും, അമ്മ നല്ല ദൈവവിശ്വാസത്തിലും മൂല്യങ്ങളിലുമാണ് തങ്ങൾ മൂന്നുപേരെയും വളർത്തിയത്. പഠിച്ചു ജോലിയും കിട്ടി. അമ്മയ്ക്ക് എന്നെ ഒരു സിസ്റ്റർ ആക്കണമെന്നായിരുന്നു ആഗ്രഹം. തനിക്കും താത്പര്യമായിരുന്നു. പക്ഷേ, ധനമോഹിയായിരുന്ന അപ്പൻ കോടികളുടെ സ്വത്തു കണ്ട്, സുഹൃത്തിന്റെ മകനെക്കൊണ്ട് നിർബന്ധിച്ചു കല്യാണം കഴിപ്പിച്ചു. അന്നുമുതൽ തുടങ്ങിയതാണ് അടിമയെപ്പോലുള്ള ഈ നരകജീവിതം. ഇത്രയുംകാലം നല്ല ഒരു വീടെങ്കിലും ഉണ്ടായിരുന്നു. നാളെമുതൽ അതും ഇല്ലാതാകുകയാണ്.

4.30 ന് അലാം മുഴങ്ങി. അവൾ ചാടിയെണീറ്റു. കുട്ടികളെ സ്കൂളിൽ അയയ്ക്കണമല്ലോ. ആത്മഗതം ചെയ്തുകൊണ്ട് അടുക്കളയിലേക്കു പോയി. ജോലിക്കിടയിൽ കുട്ടികളെ വിളിച്ചുണർത്തി. കുട്ടികൾ, കണ്ണു തുറന്നതേ ചോദിച്ചു: "മമ്മീ, ഡാഡീ വന്നോ?"

"വന്നു മക്കളേ, ഉറങ്ങുവാ." അവൾ മറുപടി പറഞ്ഞു. "ഞങ്ങൾ സ്കൂളിൽ പോകുന്നതിനുമുമ്പ് ഡാഡി എഴുന്നേൽക്കുമോ?" അവർ അല്പം സങ്കടത്തോടെ ചോദിച്ചു. "എത്ര ദിവസമായി ഡാഡിയെ കണ്ടിട്ടും സംസാരിച്ചിട്ടും." അവർ കൂട്ടിച്ചേർത്തു.

"സാരമില്ല മക്കളേ, ഡാഡിയുടെ ജോലിത്തിരക്കുകൊണ്ടല്ലേ?" അവൾ കുട്ടികളെ സമധാനിപ്പിച്ചു.

''അമ്മേ, ഞങ്ങൾ ഇന്നു സുഖമില്ലാന്നു പറഞ്ഞ് സ്കൂളിൽ പോകാതിരിക്കട്ടെ. ഞങ്ങൾക്കു ഡാഡിയോടു മിണ്ടാൻ കൊതിയാ അമ്മേ. കൂട്ടുകാരൊക്കെ, അവരുടെ ഡാഡിമാരുടെ വിശേഷങ്ങൾ പറയുമ്പോൾ ഞങ്ങൾക്കു സങ്കടം വരും.'' അവൾ മക്കളെ ചേർത്തുപിടിച്ച് കട്ടിലിൽ ഇരുന്നു. അവളുടെ കണ്ണിൽനിന്നു കണ്ണീർക്കണങ്ങൾ അവരുടെ ശിരസ്സിൽ ഉതിർന്നുവീണുകൊണ്ടിരുന്നു.

എട്ടുമണിക്ക് സ്കൂൾബസ് വീട്ടുപടിക്കലെത്തി. അവർ രണ്ടുപേരുടെയും ബാഗുമെടുത്ത് ബസിന്റെ അടുത്തേക്ക് കുട്ടികളെയും കൂട്ടി നടന്നു.



അവൾ പെട്ടെന്ന് തിരിച്ചു വീട്ടിലേക്കു നടന്നു. പ്രയോജനം ഇല്ലെങ്കിലും കുട്ടികളുടെ ആഗ്രഹം ഒന്നുകൂടി പറഞ്ഞുനോക്കാം. അവൾ മനസ്സിൽ ഓർത്തു. അവൾ കാപ്പിയെടുത്ത് മേശപ്പുറത്തുവച്ചശേഷം അയാൾ കിടന്ന മുറിയുടെ വാതിൽക്കൽപോയി എത്തിനോക്കി.

അയാൾ മുറിയിൽ ഇല്ലായിരുന്നു. ബാത്ത്റൂമിൽനിന്നു വെള്ളം വീഴുന്ന ശബ്ദം. അവൾ തിരിച്ചുനടക്കാൻ ഭാവിച്ചപ്പോൾ അകത്തുനിന്ന് "എന്റെ ഡ്രസ് എവിടെ?" എന്ന ചോദ്യം.

അവൾ ഒരു പാവയെപ്പോലെ വേഗം ചെന്ന് അലമാരയിൽനിന്നു പാന്റും ഷർട്ടും എടുത്തു കൊടുത്തു.

''ഏറ്റവും പുതിയത് മതി ഇന്ന്'' അയാൾ പറഞ്ഞു.

അവൾ അതെടുത്തു കൊടുത്തിട്ട് അടുക്കളയിലേക്കു പോയി.

അയാൾ വേഗം റെഡിയായി ഡൈനിങ് ഹാളിലെത്തി കസേരയിലിരുന്നു. കസേര വലിക്കുന്ന ശബ്ദംകേട്ട് അവൾ ഓടിയെത്തി, ഭക്ഷണം വിളമ്പിയിട്ട് അരികത്തു നോക്കിനിന്നു. 'നീയും കൂടി ഇരിക്ക്' എന്നു പറയുമെന്ന് ഓരോ ദിവസവും അവൾ ആഗ്രഹിക്കും. പക്ഷേ, ഇതുവരെ അത് ഉണ്ടായിട്ടില്ല.

"നമ്മൾ നാളെ എങ്ങോട്ടാ മാറുന്നത്?" അവൾ മടിച്ചുമടിച്ചു ചോദിച്ചു.

"ടൗണിലോട്ടാ, അധികനാൾ അവിടെ കഴിയേണ്ടിവരില്ല." നീ കണ്ടോ? എന്റെ പടം അടുത്ത ആഴ്ച റിലീസാകും കോടികൾ നമ്മൾക്കു ലഭിക്കും. വമ്പൻ വിജയം നേടിയ കോടികളുടെ ചിത്രമാകും എന്റേത്. കഥ, തിരക്കഥ, സംവിധാനം... എല്ലാം ഈ ഞാൻതന്നെ. അപ്പോൾ നമുക്ക് ഇതിലും മെച്ചമായ മാളിക വാങ്ങാം." അവൾ ദുഃഖത്തോടെ, എല്ലാം കേട്ടുനിന്നതല്ലാതെ ഒന്നും പറഞ്ഞില്ല. ഈ പടം റീലീസാകുമ്പോൾ, ആ കുപ്പായമിട്ട അവളുമാര് ഒന്ന് ഒതുങ്ങും." അയാൾ ഇതു പറഞ്ഞുകൊണ്ട് എഴുന്നേറ്റ് കൈകഴുകി.

"ഡാഡിയെ കാണാൻ, മിണ്ടാൻ കൊതിയാവുന്നു എന്നു പറഞ്ഞിട്ടാണു കുട്ടികൾ പോയത്."

'സമയം കിട്ടുമ്പോൾ കാണാമെന്ന് അവരോടു പറഞ്ഞേക്ക്' നിസംഗതയോടെ പറഞ്ഞിട്ട് അയാൾ കാറിൽ കയറി ഓടിച്ചു പോയി.

കാർ കണ്ണിൽനിന്നു മറയുന്നതുവരെ അവൾ നിശ്ചലയായി നോക്കിനിന്നു.

ഡാർക്ക് മൂവീസിന്റെ ഓഫീസിൽ അയാളുടെ റിലീസാകുന്ന പടവുമായി ബന്ധപ്പെട്ട എല്ലാവരും ഒത്തുചേർന്നിട്ടുണ്ട്. അവർക്കെല്ലാം കൊടുക്കാനുള്ള വൻതുകകൾ ഇന്നാണ് നൽകുന്നത്. ഇതുവരെയും അവരെയൊക്കെ പറഞ്ഞു സമാധാനിപ്പിച്ച് നിർത്തിയിരിക്കുകയായിരുന്നു.

കന്യാസ്ത്രീക്കുപ്പായമിട്ട് അഭിനയിച്ചവർക്കാണ് ഏറ്റവും കൂടുതൽ തുക നൽകിയത്. കാരണം, അവരാണ് ഈ കഥ വിജയിപ്പിക്കുന്നത്.

ഓഫീസിലെ കാര്യങ്ങൾക്കു ശേഷം എല്ലാവരും ഫൈവ് സ്റ്റാർ ഹോട്ടലിലേക്കാണ് പായ്ക്കപ്പ്പാർട്ടിക്കായി പോയത്. അല്പം വൈകിയാലും ഒന്നിനും കുറവു വരുത്താൻ അയാൾ തയ്യാറല്ലായിരുന്നു.

ഏറെ വൈകി ഹോട്ടലിൽനിന്നിറങ്ങി എല്ലാവരും അവരവരുടെ വാഹനങ്ങളിൽ വീടുകളിലേക്കു പോയി. കനത്ത മഴ പെയ്യുന്നുണ്ടായിരുന്നു. പേഴ്സിലവശേഷിച്ച ആയിരം രൂപയ്ക്ക് എണ്ണയടിച്ച് പമ്പിൽനിന്നിറങ്ങി.

"സാരമില്ല, പണം തീർന്നാലും, ഒറ്റയാഴ്ചയ്ക്കുശേഷം കോടികളല്ലേ കിട്ടാൻ പോകുന്നത്." അയാൾ ആത്മഗതം ചെയ്തുകൊണ്ട് വണ്ടി റോഡിലേക്കിറക്കിയതേ ഒരു ടിപ്പർ വന്ന് കാറിലിടിച്ചു.

'ഠോ!' കനത്തമഴയിലും നാടിനെ നടുക്കുന്ന ഒരു ശബ്ദവും, ഒറ്റനിലവിളിയും മാത്രം.

പമ്പിന്റെ സമീപത്തായിരുന്നതിനാൽ ഡ്യൂട്ടിയിൽ ഉണ്ടായിരുന്നവർ ഓടിച്ചെന്നു.

സമീപത്തുള്ള വീടുകളിലെല്ലാം ലൈറ്റ് തെളിഞ്ഞു. നായ്ക്കൾ ഓരോന്നായി ഉച്ചത്തിൽ കുരച്ചുകൊണ്ടിരുന്നു. ഓരോരുത്തരായി ടോർച്ചിന്റെയും ഫോണിന്റെയും ഒക്കെ വെളിച്ചവുമായി ഓടിയെത്തി.

"വണ്ടി കണ്ടിട്ട്, പോയെന്നാ തോന്നുന്നത്." അതിൽ ഒരാൾ പറഞ്ഞു. അവർ തിരക്കിട്ട് തകർന്ന വണ്ടിക്കുള്ളിൽനിന്ന് അയാളെ എടുത്ത് മറ്റൊരു വാഹനത്തിൽ കയറ്റി, വേഗം ഹോസ്പിറ്റലിലേക്കു പാഞ്ഞു.

പെട്ടെന്ന് കാഷ്വാലിറ്റിയിൽ കയറ്റി പ്രഥമശുശ്രൂഷകൾ നൽകി. അപ്പോഴും അയാൾക്ക് ചലനമൊന്നും ഉണ്ടായിരുന്നില്ല. സിസ്റ്റേഴ്സ് ഉറക്കെ പ്രാർഥിച്ചു: ഈശോയേ, കരുണയായിരിക്കണേ, രക്ഷിക്കണേ. മാതാവേ സഹായത്തിനു വരണമേ.

വേഗംതന്നെ, സർജൻ എത്തി. രാത്രിയിൽതന്നെ മൂന്നുമണിക്കൂർ നീണ്ട ഓപ്പറേഷൻ. കാൽമുട്ടിനു താഴെ മുറിച്ചു കളയത്തക്കവിധം തകർന്നുപോയിരുന്നു. ഇത് ആരാണെന്നോ എന്താണെന്നോ, ഒന്നും ചിന്തിക്കാതെ, മുറിവേറ്റ ക്രിസ്തുവിനെമാത്രം മുന്നിൽകണ്ട്, അവർ ശുശ്രൂഷ നൽകിക്കൊണ്ടിരുന്നു. "ഞങ്ങൾ നോക്കിക്കോളാം, നിങ്ങൾ ഇദ്ദേഹത്തിന്റെ വീട്ടിൽ ഒന്ന് അറിയിച്ചാൽ ഉപകാരമായിരുന്നു" സിസ്റ്റേഴ്സ് കൂടെ വന്നവരോടു പറഞ്ഞു.

'ഞങ്ങൾ ചെയ്യാം.' എന്നു പറഞ്ഞ് അവർ പിരിഞ്ഞു. സിസ്റ്റേഴ്സ് അയാളുടെ കിടക്കയ്ക്കരികേ കണ്ണിമയ്ക്കാതെ, കാത്തിരുന്നു.

വെളുപ്പാൻകാലമായപ്പോൾ അയാളുടെ ചുണ്ടുകൾ ഒന്നു ചലിച്ചു. "സിസ്റ്ററേ?"

"എന്താ എന്തുവേണം?" അവർ ആശ്വാസത്തോടെ ചോദിച്ചു.

'വെള്ളം' എന്ന് ചുണ്ടനക്കി അയാൾ പറഞ്ഞു.

അവർ അല്പാല്പമായി വായിൽ വെള്ളം ഒഴിച്ചുകൊടുത്തു. വീണ്ടും അയാൾ മയക്കത്തിലേക്കു വഴുതി വീണു.

അവർ പ്രാർഥിച്ചുകൊണ്ട് അവിടെത്തന്നെ കഴിഞ്ഞു. നേരം വെളുത്തപ്പോൾ കാറിനടുത്തുനിന്നു കിട്ടിയ നമ്പറിൽ അന്വേഷിച്ച് ഭാര്യയെ വിവരം അറിയിച്ചു.

അവർ കുട്ടികളെയും കൂട്ടി എത്തി. ഡാഡിയെ ഞങ്ങൾക്കിന്നു കാണാമല്ലോ എന്ന സന്തോഷമായിരുന്നു കുട്ടികൾക്ക്. കാര്യത്തിന്റെ ഗൗരവം അവർ മനസ്സിലാക്കിയിരുന്നില്ല.

അവൾ റിക്കവറി റൂമിൽ എത്തുമ്പോൾ വെള്ളയുടുപ്പിട്ട മാലാഖമാർ തന്റെ ഭർത്താവിനെ ശുശ്രൂഷിക്കുന്നതാണ് കാണുന്നത്.

അവരിൽ ഒരാൾ ഓടിവന്ന് അവളെ ചേർത്തുപിടിച്ച് ആശ്വസിപ്പിച്ചുകൊണ്ടു പറഞ്ഞു:

"പേടിക്കണ്ട. അപകടനില തരണം ചെയ്തു."

മറ്റൊരു സിസ്റ്റർ കുട്ടികളെ ചേർത്തുപിടിച്ച് തലയിൽ തലോടിക്കൊണ്ടു പറഞ്ഞു.

"മക്കൾ വിഷമിക്കരുത്, ഡാഡി കുറച്ചുദിവസം കഴിയുമ്പോൾ സുഖമാകും. കുഞ്ഞുങ്ങൾ പ്രാർഥിച്ചാൽ മതി."

കുട്ടികളെ ഇടത്തും വലത്തുമിരുത്തി സിസ്റ്റർ അടുത്തു കിടന്ന ബഞ്ചിൽ ഇരുന്നു. സിസ്റ്ററിന്റെ വാക്കുകൾ അവർക്ക് ആശ്വാസം പകർന്നു.

പിറ്റേദിവസം തന്നെ അയാളെ റൂമിലേക്കു മാറ്റി. അയാൾ കണ്ണു തുറക്കുമ്പോഴെല്ലാം തന്റെ ഫിലിമിലെ കഥാപാത്രങ്ങളെയാണ് കാണുന്നത് എന്ന് വേഷംകണ്ട് അയാൾ ഓർത്തു. പക്ഷേ, എന്റെ കഥാപാത്രങ്ങളുടെ സ്വഭാവം ഇതല്ലല്ലോ? ഓപ്പറേഷനെത്തുടർന്നുള്ള മയക്കത്തിലായിരുന്നതിനാൽ ഒന്നും വ്യക്തമായില്ല അയാൾക്ക്.

എന്നാൽ, നല്ല ബോധത്തിലേക്കു തിരിച്ചുവന്നപ്പോൾ അയാൾക്കു മനസ്സിലായി, തന്റെ ഒരു കാൽ നഷ്ടപ്പെട്ടിരിക്കുന്നു!

എന്റെ സ്വപ്നങ്ങൾ ചിറകറ്റു വീണിരിക്കുന്നു! ഈ കുപ്പായക്കാർ, മാലാഖമാർ ആയിരുന്നില്ലെങ്കിൽ ഈ ഭൂമുഖത്ത് താൻ ഉണ്ടാകുമായിരുന്നില്ല.

അതൊരു തിരിച്ചറിവായിരുന്നു. തന്റെ ജീവൻ രക്ഷിച്ച കന്യാസ്ത്രീ അമ്മമാരെ അപമാനിച്ചെഴുതിയ കഥ അയാൾ ഉപേക്ഷിക്കാൻ തീരുമാനിച്ചു.

അയാൾ കിടക്കയിൽ കിടന്ന് കൈകൾകൂപ്പി യാചിച്ചു: "പൊറുക്കണേ അമ്മമാരേ പൊറുക്കണേ." അവർ അയാളുടെ കരങ്ങളിൽ പിടിച്ചു പറഞ്ഞു: "സാരമില്ല." അയാൾ തേങ്ങിക്കൊണ്ടു പറഞ്ഞു: "എനിക്ക് എല്ലാം നഷ്ടമായി. പക്ഷേ, എന്റെ ആത്മാവിനെ രക്ഷിക്കാൻ നിങ്ങൾ, മാലാഖമാർ കാരണമായി, നന്ദി നന്ദി."

"ഇനിയും ഞാൻ എഴുതും, ഈ പുണ്യജീവിതത്തിന്റെ മഹത്ത്വത്തെക്കുറിച്ച്'' അപ്പോഴും പുറത്ത് മഴ തകർത്തുപെയ്യുന്നുണ്ടായിരുന്നു.

■




**ഏപ്രിൽ 2**
**നോമ്പുകാലം**
**ഏഴാം ഞായർ**

**ഉത്പ 49:8–12, 22–26**
**സഖ 9:9–12**
**റോമ 11:13–24**
**മത്താ 21:1–17**



# സമയത്തിന്റെ പൂർത്തീകരണം



**ഡോ. ജോസഫ് കരികുളം**

**ഈ**ശോയുടെ പീഡാസഹന ത്തെയും കുരിശുമരണത്തെയും ഉത്ഥാനത്തെയും അനുസ്മരി ക്കുന്ന നോമ്പുകാലത്തിന്റെ ഏറ്റവും പ്രധാന ദിനങ്ങളിലേക്കു നാം പ്രവേശിക്കുകയാണ്. 'ഓശാന' വിളിയിൽ (ഓശാന ഞായർ) തുടങ്ങി 'ഹല്ലേലൂയാ' വിളിയിൽ (ഉയിർപ്പുതിരുനാൾ) പൂർത്തിയാകുന്ന ദിവസങ്ങളാ ണിത്. അതിനിടയ്ക്ക് 'ഇതെന്റെ ശരീരമാകുന്നു' എന്ന ഈശോ യുടെ പ്രഖ്യാപനവും (പെസഹാ വ്യാഴം) 'അവനെ ക്രൂശിക്കുക' എന്ന ജനത്തിന്റെ ആക്രോശവും 'ഇവൻ സത്യമായും ദൈവപു ത്രനാകുന്നു' എന്ന ശതാധിപന്റെ വിശ്വാസപ്രഖ്യാപനവുമുണ്ട് (ദുഃഖവെള്ളി). ഈശോയുടെ യും അവനോടൊത്തു അന്നു ജീവിച്ചവരുടെയും അവസ്ഥക ളോട് നമ്മുടെ ജീവിതത്തെ ചേർത്തുവയ്ക്കുമ്പോൾ ഉത്ഥാനത്തിരുനാളിന്റെ ആഘോഷത്തിലേക്കു നമ്മളും പ്രവേശിക്കുകയായി.

കൂടാരത്തിരുനാളുമായി ബന്ധപ്പെട്ടാണ് 'ഓശാന' എന്ന വാക്ക് ഉദ്ഭവിച്ചത്. 'ഞങ്ങളുടെ സഹായത്തിനു വരിക' എന്ന യാ ചനയാണ് ഈ വാക്കിന്റെ മൗ ലികമായ അർഥം. കൂടാരത്തിരു നാളിന്റെ ഏഴാം ദിവസം ബലി യർപ്പണത്തിന്റെ അൾത്താരയെ ഏഴുപ്രാവശ്യം വലംവയ്ക്കു മ്പോൾ പുരോഹിതർ ആവർ ത്തിച്ചിരുന്ന പ്രാർഥനയാണിത്. യാചനാപ്രാർഥനകൾ അർ പ്പിച്ചിരുന്ന പഴയ രീതിയിൽനിന്ന്, സ്തുതികളുടെ കീർത്തനങ്ങൾ അർപ്പിക്കുന്ന പുതിയ രീതിയി ലേക്കു കൂടാരത്തിരുനാൾ മാറി യപ്പോൾ 'ഓശാന' എന്ന പദത്തി ന്റെ അർഥവും യാചനയിൽനിന്ന് കീർത്തനങ്ങളുടേതായി മാറി (ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ, ജീസസ് ഓഫ് നസ്രത്ത്: ഹോളി വീക്ക്).

രാജാക്കന്മാരുടെ വാഹനം കുതിരയാണ്. ശക്തിയുടെയും വേഗത്തിന്റെയും അടയാളം കൂടിയാണ് കുതിര. എന്നാൽ, വി. ഗ്രന്ഥത്തിൽ സഖറിയയുടെ പ്രവചനത്തിലും (രണ്ടാം വായന: സഖ. 9:9–12) അതിന്റെ പൂർത്തീ കരണമായ ഈശോയുടെ രാജ കീയ ജറുസലേംപ്രവേശന ത്തിലും (മത്താ. 21:1–17) നാം കാ ണുന്നത് കഴുതയുടെ പുറത്തു കയറി സഞ്ചരിക്കുന്ന ഈശോ മിശിഹായെന്ന രാജാവിനെ യാണ്. ദൈവമാകുന്ന ഈശോ യുടെ രാജത്വത്തിന്റെ സ്വഭാവം തികച്ചും വ്യത്യസ്തമാണെന്ന വ്യക്തമായ സൂചന ഇവിടെ നൽകപ്പെടുന്നു.

'വിനയാന്വിതനായി, കഴുതപ്പുറത്ത്, കഴുതക്കുട്ടിയുടെ പുറത്ത്, കയറി വരുന്നവനാണ്' (സഖ. 9:9) ഇസ്രായേലിന്റെ രാജാവെന്ന് സഖറിയാ പ്രവചി ച്ചിട്ടുണ്ട്. ഈ രാജാവ് ദൈവമാ ണെന്നും അത് ഈശോമിശിഹാ യാണെന്നും ജനം അറിയേണ്ടി യിരിക്കുന്നു. എന്നാൽ, തന്റെ സമയം ഇനിയും ആയിട്ടില്ല (യോഹ. 2:4; 7:6) എന്നു പറയുന്ന ഈശോയെയാണ് നാം സുവിശേ ഷത്തിന്റെ ആദ്യഭാഗത്തു കാണു ന്നത്. എന്നാൽ, ഇവിടെയാകട്ടെ ഈശോതന്നെ തന്റെ ശിഷ്യന്മാ രോടു കഴുതയെയും കുട്ടിയെയും കൊണ്ടുവരാൻ ആവശ്യപ്പെടുക യാണ് (മത്താ. 21:2). അതായത്, പ്രവചനങ്ങൾ പൂർത്തീകരിക്കാ നുള്ള സമയം അടുത്തെത്തി യെന്ന് ഈശോതന്നെ മനസ്സി ലാക്കുകയും അതനുസരിച്ചു പ്രവർത്തിക്കാൻ ആരംഭിക്കുകയും ചെയ്തിരിക്കുന്നു.

ദാവീദിന്റെ രാജത്വത്തിൽനിന്ന് ദൈവത്തിന്റെ രാജത്വത്തിലേക്കു ലോകം മാറ്റപ്പെടുന്ന സമയം എത്തിക്കഴിഞ്ഞുവെന്നുള്ള പ്രഖ്യാപനമാണ് ഈശോയുടെ ജെറുസലേം പ്രവേശനം. ദാവീ ദിന്റെ രാജത്വം ഉണ്ടായത് ഇസ്രാ യേൽജനത്തിന്റെ/ലോകത്തിന്റെ ആവശ്യപ്രകാരമാണ്. അത് ശക്തിയുടെയും യുദ്ധത്തിന്റെയും അടിമത്തത്തിന്റെയും ലോകക്ര മമായിരുന്നു. എന്നാൽ, പുതിയ ലോകത്തിന്റെ ക്രമം, ദൈവത്തി ന്റെ ഭരണം ഭൂമിയിൽ സ്ഥാപി ക്കപ്പെടുന്നതിന്റെ മുഹൂർത്തമാണ് വലിയ ആഴ്ചയിലെ സംഭവങ്ങൾ.

മനുഷ്യരൂപം പ്രാപിച്ച ദൈവം, ഈശോമിശിഹാ എല്ലാവരുടെ യും ദാസനാണ്. പിശാചിന്റെ രാജത്വത്തിന് അടിമകളായ മനു ഷ്യനെ വീണ്ടെടുത്ത് ദൈവത്തി ന്റെ രാജത്വം ഭൂമിയിൽ സ്ഥാപി ക്കുന്നതിന്റെ സമയപൂർത്തീ കരണത്തിന് ഇനി അധികസമയ മില്ല എന്നതാണ് ഈശോയുടെ രാജകീയ ജെറുസലേംപ്രവേശന ത്തിന്റെ സന്ദേശം. അതിനായി ഈശോ തിരഞ്ഞെടുക്കുന്ന സമ യം, രീതി എന്നിവയെല്ലാം പുതിയ ലോകക്രമത്തിന്റെ, ദൈവം രാ ജാവായി മാറുന്ന, പിശാചിനെയും മരണത്തെയും പരാജയപ്പെടു ത്തുന്ന ലോകക്രമത്തിന്റെ പരിച യപ്പെടുത്തലാണ്.

ഈ മാറ്റം കാലത്തിന്റെ പൂർത്തീകരണത്തിൽ നടക്കു മെന്ന സഖറിയയുടെ പ്രവചനം ഓർമയുള്ളവരാണ് ജനം. അതിനാൽത്തന്നെ കഴുതയുടെ പുറത്തു കയറിവരുന്ന ഈശോ യെ പുതിയ ലോകക്രമത്തിന്റെ രാജാവായി ജനം തിരിച്ചറി യുന്നു. ദൈവം രാജാവായി ലോകത്തിന്റെ ഉത്തരവാദിത്വം വീണ്ടുമേൽക്കുന്നതിന്റെ ആഹ്ലാ ദം ജനം പങ്കുവയ്ക്കുന്നു.

ആദിമസഭയ്ക്ക് ഓശാന ഞായർ കഴിഞ്ഞുപോയ ഒരു സംഭവത്തിന്റെ വെറുമൊരു ഓർമ മാത്രമായിരുന്നില്ല. കർ ത്താവ് ഒരു കഴുതയുടെ പുറ ത്തിരുന്ന് അന്നേദിവസം ജറു സലേമിൽ പ്രവേശിച്ചതുപോലെ, സഭ അനുദിനം അപ്പത്തിന്റെയും വീഞ്ഞിന്റെയും രൂപത്തിലുള്ള അവിടുത്തെ വരവിനെ നോ ക്കിപ്പാർത്തിരുന്നു (ബെനഡിക്ട് പതിനാറാമൻ മാർപാപ്പാ, ജീസസ് ഓഫ് നസ്രത്ത്: ഹോളി വീക്ക്).

വിനയാന്വിതനായി കഴു തപ്പുറത്തു വരുന്ന സ്നേഹത്തി ന്റെയും സമാധാനത്തിന്റെയും രാജാവ് ഇതാ എല്ലാ ദിവസവും സ്നേഹവും സമാധാനവും പങ്കുവച്ചുകൊണ്ട് നമ്മുടെ ഇട യിലേക്കു വരുന്നു. അതേ, അന്നത്തെ ഓശാനഞായർ ഇന്ന് വി. കുർബാനയിൽ അനുദിനം സംഭവിക്കുന്നു. രാജത്വത്തിന്റെ സകല ലക്ഷണങ്ങളും അധി കാരങ്ങളും സഹിതമാണ് ഈ ശോ വി. കുർബാനയിൽ വരു ന്നതെങ്കിലും അവിടത്തെ ആഗ മനം എളിമ നിറഞ്ഞതാണ്. മനുഷ്യന്റെ പാപത്തിനു പരിഹാ രം ചെയ്യാൻ ഏറ്റവും അത്യാവ ശ്യമായി വേണ്ടത് അനുസര ണവും എളിമയുമാണ്. ഈ രണ്ടു പുണ്യങ്ങളും അതിന്റെ പൂർണാർഥത്തിൽ ഈശോ മിശിഹായിൽ നിറഞ്ഞുനിൽ ക്കുന്നു.

ജനം ഈശോയെ സ്വീക രിക്കുകയാണ്. അവരിൽ ചിലർ വസ്ത്രങ്ങൾ വഴിയിൽ വിരി ക്കുന്നു. ചിലർ വൃക്ഷങ്ങളിൽ നിന്ന് ചില്ലകൾ മുറിച്ച് വഴി അലങ്കരിക്കുന്നു (മത്താ. 21: 8). വിനയാന്വിതനായി കഴുത പ്പുറത്ത് ജറുസലേമിൽ പ്രവേശി ക്കുന്നവനാണ് യഥാർഥ രാജാ വെന്നു തിരിച്ചറിയുന്ന ജനം, ലോകത്തിലെ സകല രാജാ ക്കന്മാരെയും നിഷ്പ്രഭരാക്കുന്ന ദൈവത്തെ ആനന്ദത്തോടെ സ്വീകരിക്കുന്നു. നമുക്കും അവ നെ സ്വീകരിക്കാം. അതിനു ജെറുസലേംവരെ പോകേണ്ട കാര്യമില്ല. നമ്മുടെ ഇടവക പ്പള്ളിയുടെ ബലിപീഠത്തിൽ അവൻ എളിമയോടെ കാത്തിരി ക്കുന്നു, അപ്പത്തിന്റെ രൂപത്തിൽ, സ്വീകരിക്കാൻ വരുന്ന നമ്മെയും കാത്ത്.

■

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**അനീന വർഗീസ്**
കുറ്റിക്കൽ, പാമ്പാടി

**ഉദ്ദിഷ്ടകാര്യം സാധിച്ചതിന് ഉപകാരസ്മരണ**



**ഡിൻസ് ഡീന സെബാസ്റ്റ്യൻ**
കരിപ്പുകാട്ടിൽ, ഇടനാട്

# വിശുദ്ധവഴിയിലെ വിജ്ഞാനഗോപുരം

*(2-ാം പേജ് തുടർച്ച)*

രാഷ്ട്രനിയമത്തിലൂടെ നിരോധനമേർപ്പെടുത്തുന്നതിനുപകരം മതത്തിൽത്തന്നെ കാലാനുസൃതമായ മാറ്റങ്ങൾ കൊണ്ടുവരേണ്ടതായിരുന്നു.

● *പ്രകൃതിയെ സംരക്ഷിക്കാൻ കടപ്പെട്ടിരിക്കുന്ന മനുഷ്യൻ പ്രകൃതിയെ ചൂഷണം ചെയ്യുന്നു, അന്യായമായി കൊള്ളയടിക്കുന്നു എന്നൊക്കെയുള്ള പ്രസ്താവനകളും പ്രതിഷേധങ്ങളും പ്രകൃതിക്ഷോഭങ്ങളുടെ പശ്ചാത്തലത്തിൽ നാം വീണ്ടും വീണ്ടും കേൾക്കുന്നു. പിതാവിന്റെ പ്രതികരണം അറിയാൻ ആഗ്രഹമുണ്ട്?*

■ പരിസ്ഥിതി സംരക്ഷിക്കാൻ എല്ലാ മനുഷ്യരും ബാധ്യസ്ഥരാണ്. ഇക്കോ സ്പിരിച്ചാലിറ്റിയിലേക്കു നാം വളരേണ്ടതുണ്ട്. പ്രകൃതി നമുക്ക് അനുഗ്രഹമാകുന്നതുപോലെ പ്രകൃതിക്കു നമ്മളും സംരക്ഷകരാകേണ്ടതുണ്ട്.

കുട്ടികളുടെ പഠനസിലബസിൽ പരിസ്ഥിതിക്കു പ്രാധാന്യം കൊടുക്കണം. ഭൂപ്രകൃതി, കാലാവസ്ഥ, മനുഷ്യന്റെ ആവാസവ്യവസ്ഥിതി ഇവ സംബന്ധിച്ചു ശാസ്ത്രീയമായ പഠനങ്ങളും ഗവേഷണങ്ങളും നടക്കാനുണ്ട്. ഭാവിയിലേക്കുള്ള പ്രതിരോധസംവിധാനങ്ങളെക്കുറിച്ച് സർക്കാർ സഗൗരവം ചിന്തിക്കണം. പരിസ്ഥിതിലോലപ്രദേശങ്ങളെക്കുറിച്ചും മറ്റും സർക്കാർതലത്തിൽ പഠനങ്ങളും ചർച്ചകളും ആവശ്യമാണ്.

● *മുഖ്യധാരാമാധ്യമരംഗത്ത് സഭയ്ക്കു ശബ്ദമില്ല എന്നു പലപ്പോഴും തോന്നിപ്പോകുന്നുണ്ട്. സമകാലീനസംഭവങ്ങൾ ഉൾപ്പെടെ ചർച്ച ചെയ്യുന്ന ഒരു സെക്കുലർ ചാനൽ സഭയ്ക്ക് ഉണ്ടാകാതെപോകുന്നത് എന്തുകൊണ്ടാണ്?*

■ സഭയുടെ പഠനങ്ങളും ദർശനങ്ങളും കൊടുക്കുന്നതിനും സഭയ്ക്കെതിരേയുള്ള സംഘടിതമായ അക്രമങ്ങളെ പ്രതിരോധിക്കുന്നതിനും സ്വന്തമായി ദൃശ്യമാധ്യമങ്ങൾ ഇന്നാവശ്യമാണ്. അത്ര എളുപ്പമല്ല. എങ്കിലും, സിനഡിൽ ചർച്ച ചെയ്തു തീരുമാനമെടുക്കാവുന്നതാണ്.

പ്രിന്റ് മീഡിയരംഗത്ത് ദീപികപ്പത്രത്തെയും മറ്റു പ്രസിദ്ധീകരണങ്ങളെയും നാം പ്രോത്സാഹിപ്പിക്കേണ്ടതാണ്. സഭാസ്നേഹവും സമുദായബോധവും ശക്തിപ്പെട്ടാൽ മാധ്യമരംഗത്ത് കുറച്ചുകൂടി വളരാൻ നമുക്കു കഴിയും.

● *വർഗീയത ക്രൈസ്തവവിദ്യാഭ്യാസരംഗത്തേക്കു വിഷം ചീറ്റുന്ന ഒട്ടേറെ സംഭവവികാസങ്ങളാണു നാം അനുദിനം കേൾക്കുന്നത്. ഈയിടെ മദ്രാസ് ഹൈക്കോടതി നടത്തിയ ഒരു പരാമർശം ക്രൈസ്തവരെ വല്ലാതെ ഞെട്ടിക്കുന്നതും നൊമ്പരപ്പെടുത്തുന്നതുമാണ്. പിതാവിന്റെ പ്രതികരണത്തിലേക്ക്...?*

■ വർഗീയതയെ ചെറുക്കാനും ന്യൂനപക്ഷാവകാശങ്ങൾ സംരക്ഷിക്കാനും നാം വേണ്ടവിധം പൊരുതുന്നില്ല എന്നതാണു ഖേദകരം. കാളാശേരിപ്പിതാവിന്റെ കാലത്ത് ഇടയലേഖനങ്ങളിലൂടെയും പ്രസംഗങ്ങളിലൂടെയും അദ്ദേഹം വിദ്യാഭ്യാസാവകാശങ്ങൾക്കുവേണ്ടി വാദിച്ചിരുന്നു. 'ഞാൻ എഴുതിയത് എഴുതിയതുതന്നെ' എന്നു പറഞ്ഞ് പിതാവ് ഉറച്ചുനിന്നു. ഇടയലേഖനം പിൻവലിക്കാനൊന്നും പോയില്ല. വിദ്യാഭ്യാസരംഗത്ത് ക്രൈസ്തവർ ചെയ്ത സംഭാവനകളെ വില കുറച്ചു കാണിക്കാൻ പാടില്ല. എത്രയോ മഹത്തായ ഒരു സംസ്കാരമാണ് നാം ഈ നാടിനു കൊടുത്തിട്ടുള്ളത്. വിദേശമിഷനറിമാരെയും ചാവറയച്ചനെപ്പോലെയുള്ള തദ്ദേശീയരെയും ഇവിടെ അനുസ്മരിക്കാതിരിക്കാനാവില്ല.

ഇന്റർ ചർച്ച് കൗൺസിലിലൂടെ ജാഗ്രതയോടെ നിലകൊള്ളാൻ നമുക്കു കഴിഞ്ഞിട്ടുണ്ട്. സഭയ്ക്കു വ്യക്തമായ നിലപാടുകളും പഠനങ്ങളും പ്രതികരണങ്ങളും വിദ്യാഭ്യാസരംഗത്ത് കാലാകാലങ്ങളിൽ ഉണ്ടാവുകതന്നെ വേണം.

● *ഇന്ത്യ ജനാധിപത്യത്തിൽനിന്ന് ഏകാധിപത്യത്തിലേക്കു പോകുന്നു എന്ന ചിന്ത പ്രബലമാണല്ലോ?*

■ ഏകമതാധിഷ്ഠിതരാഷ്ട്രമായി ഇന്ത്യയെ മാറ്റിയെടുക്കാനുള്ള തന്ത്രങ്ങൾ നമ്മുടെ രാജ്യത്തു നടക്കുന്നുണ്ടെന്നുള്ളത് നാം ജാഗ്രതയോടെ തിരിച്ചറിയണം. വർഗീയതയും വിഭാഗീയതയും ശക്തിപ്പെട്ടിരിക്കുകയാണ്. ജനാധിപത്യമൂല്യങ്ങളും മതേതരകാഴ്ചപ്പാടുകളും ഉയർത്തിപ്പിടിക്കുന്ന ഒരു ദാർശനികബോധം ജനങ്ങളിൽ ഉണ്ടാകുമ്പോൾ മാത്രമേ ഇന്ത്യയ്ക്കു തിളക്കമുണ്ടാവുകയുള്ളൂ.

● *'കുടുംബാസൂത്രണം രാജ്യസ്നേഹത്തിന്റെ ഭാഗമാണ്. ജനസംഖ്യാനിരക്കു കുറയ്ക്കണം' എന്ന പ്രധാനമന്ത്രി മോദിയുടെ നയം സ്വാതന്ത്ര്യദിനസന്ദേശത്തിൽ നാം കേൾക്കുകയുണ്ടായി. പ്രോലൈഫ് മൂവ്മെന്റുമായി മുന്നോട്ടുപോകുന്ന സഭയ്ക്ക് ഇത് എത്രത്തോളം സ്വീകാര്യമാണ്?*

■ കൂടുതൽ കുട്ടികൾ, കൂടുതൽ അനുഗ്രഹമാണെന്നാണു സഭ കരുതുന്നത്. മക്കൾ ബാധ്യതയല്ല, ആസ്തിയാണെന്നു നാം തിരിച്ചറിയണം.

● *അച്ചടക്കവും അനുസരണവും വൈദികസന്യസ്തവിഭാഗങ്ങളിൽനിന്നു പടിയിറങ്ങിപ്പോകുന്നു എന്ന ആക്ഷേപം സമീപകാലത്തു ശക്തമാകുന്നു. എവിടെയാണു തിരുത്തലുകൾ ഉണ്ടാവേണ്ടത്?*

■ ഏതൊരു പ്രസ്ഥാനത്തിലായാലും അനുസരണവും അച്ചടക്കവും വേണ്ടതല്ലേ. നിയമങ്ങൾ അനുസരിച്ചുകൊണ്ടുള്ള ജീവിതരീതിയാണ് ധാർമികമായുള്ളത്.

● *ഇക്കാര്യത്തിൽ സെമിനാരിപരിശീലനത്തിൽ നവീകരണങ്ങൾ എന്തെങ്കിലും?*

അടിസ്ഥാനപരിശീലനം കുടുംബത്തിലാണല്ലോ നടക്കേണ്ടത്. അച്ചടക്കവും ആത്മീയതയും ശിക്ഷണക്രമവുമൊക്കെ കുടുംബത്തിൽനിന്നു ചെറുപ്പത്തിൽ കിട്ടാതെ പോയാൽ, ആ കുറവ് മറ്റൊരിടത്തും പരിഹരിക്കാനാവില്ല. വീട്ടിൽനിന്നു കിട്ടിയതിനെ പോളീഷ് ചെയ്യാനേ സെമിനാരി ഫോർമേറ്റേഴ്സിനാവൂ. ഓരോ കുട്ടിയെയും വ്യക്തിപരമായി അറിഞ്ഞാൽ മാത്രമേ റെക്ടറച്ചനും ആത്മീയോപദേഷ്ടാവിനും എന്തെങ്കിലും ചെയ്യാനുമാവൂ.

● *അവസാനമായി, കെ.സി.എസ്.എൽ. സ്റ്റേറ്റ് ഡയറക്ടർ എന്ന നിലയിൽ ഒരു ചോദ്യംകൂടി. നമ്മുടെ കത്തോലിക്കാവിദ്യാലയങ്ങളിൽ വിശ്വാസപരിശീലനം വേണ്ടവിധം നടക്കുന്നുണ്ടോ?*

■ കത്തോലിക്കാവിദ്യാലയങ്ങളിൽ കത്തോലിക്കാക്കുട്ടികൾക്കു വിശ്വാസപരിശീലനം നല്കുന്നതു നമ്മുടെ ധർമമാണ്; ലക്ഷ്യമാണ്. ഇതു വാസ്തവത്തിൽ മതസ്വാതന്ത്ര്യത്തിന്റെ ഭാഗമായ മൗലികാവകാശമാണ്. സ്കൂളുകളിൽ വിശ്വാസപരിശീലനക്ലാസ്സുകൾ നടന്നതുകൊണ്ടുമാത്രമായില്ല. കെ.സി.എസ്.എൽ.ന്റെ സാന്നിധ്യവും പ്രവർത്തനവും ഇവിടെ ചർച്ചയാവണം. വിശ്വാസസത്യങ്ങൾ ബോധ്യങ്ങളാക്കി പകർത്താനും അനുദിനജീവിതത്തിൽ പ്രാവർത്തികമാക്കാനും ഈ സംഘടനയ്ക്ക് ഒട്ടേറെ കാര്യങ്ങൾ ചെയ്യാനുണ്ട്. ക്രൈസ്തവകൂട്ടായ്മ ബലപ്പെടുത്തുന്നതിനും സഭാദർശനങ്ങൾ ആഴത്തിൽ പഠിക്കുന്നതിനും ക്യാമ്പുകളും സെമിനാറുകളും സഹായിക്കുന്നുണ്ട്. നേതൃത്വപരിശീലനത്തിനു വലിയ പ്രാധാന്യം ഈ പ്രസ്ഥാനം കല്പിക്കുന്നുണ്ട്. പക്ഷേ, ഇതിനെല്ലാം അധ്യാപകരുടെയും വിദ്യാർഥികളുടെയും പൂർണസഹകരണവും തുറന്ന മനഃസ്ഥിതിയും ഉണ്ടാവണം.

■

# ദന്തപരിശോധനയുടെ ആവശ്യകത



ഡോ. ആൽബിൻ ബെന്നി

**ഒ**രാളുടെ ആരോഗ്യകാര്യത്തിൽ മറ്റെന്തിനെയുംപോലെതന്നെ പ്രധാനപ്പെട്ടതാണ് ദന്താരോഗ്യം. ശരിയായ ദന്തശുചിത്വം പാലിക്കാത്തത് ഉടനടി ദോഷം വരുത്തുന്നില്ലെങ്കിലും ഇതു ദീർഘകാലാടിസ്ഥാനത്തിൽ നിരവധി പ്രശ്നങ്ങൾക്കു കാരണമാകും. വായ ശുചിയാക്കുകയെന്നത് ശരീരം വൃത്തിയാക്കുന്നതുപോലെതന്നെ പ്രധാനപ്പെട്ടതാണ്. പല വികസിതരാജ്യങ്ങളിലും നിർബന്ധമായും ആറുമാസത്തിലൊരിക്കൽ ദന്തപരിശോധന നടത്തുന്നുണ്ട്.

***പതിവായുള്ള ദന്തപരിശോധനയുടെ ഗുണങ്ങൾ***

**മോണസംബന്ധമായ അസുഖങ്ങൾ തടയാൻ സഹായിക്കുന്നു.**

ശരിയായ വിധത്തിൽ ബ്രഷ് ചെയ്യാതിരുന്നാൽ മോണകളിൽ അണുക്കൾ ഭക്ഷണപദാർത്ഥത്തിനൊപ്പംചേർന്നു പല്ലുകളിൽ പാടപോലെ (Plaque) ഒട്ടിച്ചേരുകയും കാലക്രമേണ ഇത് ബ്രഷ് ചെയ്താൽ ഇളകിവരാത്തരീതിയിൽ കക്ക (കാൽക്കുലസ്) എന്ന രൂപത്തിലേക്കു മാറുകയും ചെയ്യുന്നു. ഒരു അൾട്രാ സോണിക് സ്കേലിങ് നടത്തി മാത്രമേ ഇതു കളയാൻ സാധിക്കുകയുള്ളൂ. പല്ലിൽ അടിഞ്ഞിരിക്കുന്ന കക്ക മോണപഴുപ്പിനും എല്ലിന്റെ ബലക്ഷയത്തിനും അതുമൂലം



പല്ലിളകി വരുന്നതിനും കാരണമാകുന്നു. ആറു മാസത്തിലൊരിക്കലുള്ള പല്ലുപരിശോധന പല്ലുകളിൽ അടിഞ്ഞ കക്ക നീക്കം ചെയ്യാനും പല്ലിന്റെ ആരോഗ്യം വീണ്ടെടുക്കാനും സഹായിക്കുന്നു.

**പല്ലിലെ കേടു തുടക്കത്തിലേ കണ്ടെത്താം**

പല സന്ദർഭങ്ങളിലും പല്ലിലെ കേടു തിരിച്ചറിയാൻ സാധിക്കാറില്ല. അതു പിന്നീടു പുളിപ്പിലേക്കോ പല്ലുവേദനയിലേക്കോ എത്തുമ്പോൾ മാത്രമാണ് നാം ഗൗനിക്കുന്നത്. കുറഞ്ഞ ചെലവിൽ തീരുന്നത് വലിയ ചെലവിലേക്കും ഒരുപക്ഷേ, പല്ല് എടുത്തുകളയേണ്ട സാഹചര്യത്തിലേക്കും എത്തുന്നു. ആറു മാസത്തിലൊരിക്കലുള്ള ദന്തപരിശോധന പല്ലിന്റെ കേടിനെ തുടക്കത്തിൽ കണ്ടെത്തുന്നതിനും ചികിത്സിക്കുന്നതിനും സഹായിക്കുന്നു.

**പൂർവാർബുദ രോഗാവസ്ഥ കണ്ടെത്തുക**

കാൻസറിനു മുന്നോടിയായി വരുന്ന മാറ്റങ്ങളാണ് പൂർവാർബുദ രോഗാവസ്ഥ. കൂടുതലായും വേദനയില്ലാത്തതും ഇളകിപ്പോരുന്നതുമായ വെള്ളപ്പാടുകളായി വായിൽ പ്രത്യക്ഷപ്പെടുന്നു. ഈ അവസ്ഥയെ നേരത്തേതന്നെ കണ്ടെത്താനും വേണ്ട ചികിത്സ നൽകാനും ഒരു ദന്ത ഡോക്ടറെ കാണുന്നത് സഹായകരമാണ്.

ചുരുക്കത്തിൽ എത്ര നേരത്തേ ദന്തപരിശോധന നടത്തുന്നുവോ അത്രയും ചെലവു കുറയുന്നു. ഓർക്കുക, ദന്തചികിത്സയല്ല; മറിച്ച്, ഉപേക്ഷ വിചാരിക്കുന്നതാണ് പിന്നീടു വലിയ ചെലവിലേക്കു വഴിതെളിക്കുന്നത്.

■

കവിത

പങ്കജാക്ഷൻ തോരോത്ത്

## ഞാൻ



ചിതലരിച്ചൊരു പുസ്തകത്താളിലെ,
വരിമുറിഞ്ഞൊരു കവിതയാണിന്നു ഞാൻ
കനലുപൂക്കുന്ന വാക്കിന്റെ തുമ്പിലെ
കരിയുതിർക്കും കരിക്കട്ടയാണു ഞാൻ

ചിതറിടുന്നൊരാ ചിന്തക്കടലിന്റെ
തിരയടങ്ങാത്ത തീരമാണിന്നു ഞാൻ
വഴിയറിയാത്ത പഥികന്റെ കാലിനെ
വ്രണിതമാക്കുന്ന കാരമുള്ളിന്നു ഞാൻ

അകലെ ആകാശനീലിമ കണ്ടു ഞാൻ
അവിടെ ആകാശഗോളം തിരഞ്ഞു ഞാൻ
ഇവിടെ ജാതകക്കള്ളിയിൽ കണ്ടതോ
മനുജ, നിൻ നിർവികാരരേണുക്കളെ

സമയചിന്തയിൽ സമയം കളഞ്ഞവൻ
സകലകാര്യത്തിനർത്ഥം ചികഞ്ഞവൻ
തിരികെ നോക്കുമ്പഴോർക്കുന്നു പിന്നെയും
ഒരു വരിയിലൊതുങ്ങും കവിത ഞാൻ.

# ഏഷ്യയിലെ സഭ : സമ്പന്നതയും വെല്ലുവിളികളും



ഡോ. കൊച്ചുറാണി ജോസഫ്

**താ**യ്‌ലന്റിലെ ബാങ്കോക്ക് അതിരൂപതയുടെ അതിമനോഹരമായ അജപാലനകേന്ദ്രത്തിൽ വച്ച് ഫെഡറേഷൻ ഓഫ് ഏഷ്യൻ ബിഷപ്സ് കോൺഫെറൻസിന്റെ (എഫ്.എ.ബി.സി) നേതൃത്വത്തിൽ 2023 ഫെബ്രുവരി 23-27 തീയതികളിൽ നടന്ന ഏഷ്യൻ സിനഡൽ അസംബ്ളി സഭയുടെ സിനഡൽയാത്രയിലെ മനോഹരമായ കാൽവയ്പ് ആയിരുന്നു. വത്തിക്കാനിലെ സിനഡൽ സെക്രട്ടറിയേറ്റിനു നേതൃത്വം നൽകുന്ന ജനറൽ സെക്രട്ടറി കാർഡിനൽ മാരിയോ ഗ്രക്ക്, അണ്ടർ സെക്രട്ടറി സി. നത്തലി ബെകാർട് എന്നിവരുൾപ്പെടുന്ന സിനഡൽ ടീം ഏഷ്യൻ അസംബ്ലിക്കു നേതൃത്വം നൽകി. അസംബ്ളിയിൽ ഏഷ്യയിലെ 29 രാജ്യങ്ങളിൽനിന്നായി 17 മെത്രാൻസമിതിയെയും സീറോ മലബാർ സഭാ സിനഡിനെയും പ്രതിനിധീകരിച്ച് 6 കർദിനാൾമാർ, 5 ആർച്ചുബിഷപ്പുമാർ, 18 ബിഷപ്പുമാർ, 28 വൈദികർ, 4 സന്ന്യാസിനികൾ, 19 അല്മായപ്രതിനിധികൾ എന്നിവർ ഏഷ്യൻ സിനഡിൽ സംബന്ധിച്ചു.

**സിനഡാലിറ്റി : ചരിത്രവഴികൾ**

ആഗോള കത്തോലിക്കാ സഭയിൽ 2023 ലും 24 ലും നടക്കാനിരിക്കുന്ന സിനഡിനു മുന്നോടിയായി വത്തിക്കാനിലെ സിനഡൽ ഹാളിൽ 2021 ഒക്ടോബർ ഒമ്പതിന് മൂന്നുവർഷം നീണ്ടുനിൽക്കുന്ന ആഗോള സിനഡൽ പ്രക്രിയയ്ക്ക് ഫ്രാൻസിസ് മാർപാപ്പാ തുടക്കംകുറിച്ചു. സിനഡാത്മകതയുള്ള സഭ: കൂട്ടായ്മ, പങ്കാളിത്തം, പ്രേഷിതദൗത്യം ("For a Synodal Church: Communion, Participation, and Mission") എന്നതാണ് സിനഡിന്റെ പ്രമേയം. രൂപതാതലം, മെത്രാൻസമിതികളുടെ കോൺഫെറൻസ്തലം, ഭൂഖണ്ഡതലം, ആഗോളതലം എന്നിങ്ങനെ വിവിധ ഘട്ടങ്ങളായാണ് ഈ സിനഡൽപ്രക്രിയ പൂർത്തിയായിക്കൊണ്ടിരിക്കുന്നത്. സഭയുടെ താഴെത്തട്ടിലുള്ള ഓരോ പ്രാദേശികസഭയെയും ദൈവജനം മുഴുവനെയും വിവിധ ഘട്ടങ്ങളായി ശ്രവിക്കാനും അതുവഴി, ഒരേ പ്രേഷിതദൗത്യത്തിനായുള്ള എല്ലാവരുടെയും പങ്കാളിത്തവും കൂട്ടായ്മയും ഉറപ്പുവരുത്താനും ഇതിലൂടെ സാധിക്കുന്നു.

**സിനഡും സിനഡാലിറ്റിയും:** സിനഡ് എന്ന പദത്തിന് സഭയുടെ പാരമ്പര്യത്തിൽ വലിയ പ്രാധാന്യമുണ്ട്. വഴിയിൽ ഒരുമിച്ചു യാത്രചെയ്യുക എന്നതാണ് ഇതിന്റെ അടിസ്ഥാന അർഥം. എമ്മാവൂസിലേക്കുള്ള വഴിയിൽ ഒരുമിച്ചു യാത്രചെയ്ത ക്രിസ്തുവിനെ (ലൂക്ക 24:13-52) അനുസ്മരിപ്പിക്കുന്ന ഒരു യാത്രയാണിത്. ഈ ആശയം ആദിമക്രിസ്ത്യാനികളുടെ ഇടയിൽ വളരെ ആഴത്തിൽ വേരൂന്നിയിരുന്നു. 'വഴിയുടെ തീർഥാടകർ' എന്നാണവർ വിളിക്കപ്പെട്ടിരുന്നത്.

സിനഡാലിറ്റി എന്നത് സിനഡിൽനിന്ന് ഉദ്ഭവിക്കുന്നതും നടപ്പിലാകുന്നതുമായ പ്രക്രിയയാണ്. അടിസ്ഥാനപരമായി സിനഡാലിറ്റി എന്നത് ഒരുമിച്ചുള്ള യാത്രയാണ്. ദൈവം നമ്മോടും എല്ലാവരോടും പറയുന്നത് പരസ്പരം കേൾക്കാൻ ശ്രവിക്കുന്നതിലൂടെ ഇതു സംഭവിക്കുന്നു. സിനഡൽപ്രക്രിയ കേവലം യാന്ത്രികമായിട്ടുള്ള ഡാറ്റാശേഖരണമോ ചർച്ചകളുടെയും മീറ്റിങ്ങുകളുടെയും പരമ്പരയോ അല്ല; പ്രത്യുത, ദൈവം ആഗ്രഹിക്കുന്ന രീതിയിലുള്ള സഭയാകാനുള്ള ആധികാരികമായ ശ്രവണത്തിന്റെയും വിവേകപൂർണമായ തിരഞ്ഞെടുപ്പിന്റെയും അനുഭവമാകണം.

പരിശുദ്ധാത്മാവേ, അങ്ങയുടെ മുന്നിൽ ഞങ്ങൾ നിൽക്കുന്നു (Adsumus Sancte Spiritus) എന്ന പ്രാർഥനയോടെയാണ് 1962 ഒക്ടോബർ 11 ന് വിശുദ്ധ ജോൺ 23 ാമൻ പാപ്പാ ചരിത്രപ്രസിദ്ധമായ രണ്ടാം വത്തിക്കാൻ കൗൺസിൽ വിളിച്ചുചേർത്തത്. പരിശുദ്ധാത്മാവിന്റെ നൂതനമായ അഭിഷേകത്തിന്റെ കാറ്റ് സഭയിലാകമാനം നിറയാൻ സഭയുടെ ജനലുകൾ തുറന്നിടാൻ പാപ്പാ ആഹ്വാനം ചെയ്തു. അന്ന് സഭ നേരിട്ടുകൊണ്ടിരുന്ന സങ്കീർണമായ പ്രശ്നങ്ങൾക്കു നടുവിൽ സഭയ്ക്കുള്ളിൽനിന്നുള്ള കടുത്ത എതിർപ്പുകളെ ധൈര്യസമേതം നേരിട്ടുകൊണ്ടാണ് പാപ്പാ കൗൺസിൽ നടത്തിയത് എന്ന് ജോൺ 23-ാമൻ പാപ്പയെ വിശുദ്ധനായി പ്രഖ്യാപിച്ച വേളയിൽ (2014 ഏപ്രിൽ 27) ഫ്രാൻസിസ് പാപ്പാ അനുസ്മരിച്ചു.

സിനഡാലിറ്റി എന്നത് ഭൂരിപക്ഷാഭിപ്രായ സമവായത്തിനുള്ള അന്വേഷണമല്ലെന്നും പകരം, പരിശുദ്ധാത്മാവിൽ നയിക്കപ്പെടുന്ന ശൈലിയാണെന്നും 2022 ജനുവരി 13-ാം തീയതി പാപ്പാ വ്യക്തമാക്കി. സഭയിലെ ഓരോ അംഗത്തിനും സംസാരിക്കാനുള്ള അവസരമുണ്ട്. സിനഡാലിറ്റി എന്നത് വെറും ലളിതമായ ചർച്ചയല്ല, കേവലം വിശേഷണപദമല്ല, രാഷ്ട്രീയത്തിൽ ചെയ്യുന്നതുപോലെ പാർലമെന്റുപോലുള്ള രീതിയുമല്ല, കേവലം ഒരു പദ്ധതിയോ ആവിഷ്കരിക്കേണ്ടുന്ന പ്രോഗ്രാമോ അല്ല; മറിച്ച് പരസ്പരം പങ്കുവയ്ക്കുന്ന, ഫലപ്രദമായ രീതിയിൽ അപ്പസ്തോലരാകാനുള്ള ക്രൈസ്തവന്റെ വിളിയിൽ ഭാഗഭാഗിത്വം ഉറപ്പിക്കത്തക്കവിധത്തിലുള്ള പ്രവർത്തനശൈലിയാണത്.

**സിനഡാലിറ്റി: സീറോമലബാർസഭയിൽ**

പരസ്പരം ശ്രവിക്കാനും ഒന്നിച്ചുനടക്കാനും ആഹ്വാനം ചെയ്യുന്ന ഈ ജീവിതാനുഭവം പൗരസ്ത്യസഭകളിൽ സജീവമാണ്. സീറോ മലബാർ സഭയിൽ തുടക്കംമുതൽതന്നെ വിവിധ രൂപതകളിൽ നിലവിലുള്ള ഇടവകപ്രതിനിധിയോഗം, പൊതുയോഗം, പാസ്റ്ററൽ കൗൺസിലുകൾ, വൈദികസമിതികൾ, റീജിയണൽ സമിതിയോഗങ്ങൾ, മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലികൾ തുടങ്ങിയവ സിനഡാലിറ്റിയുടെ ഉദാഹരണങ്ങളാണ്.

ഫ്രാൻസിസ് മാർപാപ്പായുടെ ആഹ്വാനം സ്വീകരിച്ചുകൊണ്ട് സീറോമലബാർ സഭയും ഈ പ്രക്രിയയിൽ സജീവമായി ഭാഗഭാക്കായി. വിവിധ രൂപതകൾക്കായി നൽകിയ ചോദ്യാവലിയുടെ അടിസ്ഥാനത്തിൽ വിവിധ തലങ്ങളിൽ നടത്തിയ ചർച്ചകളിൽനിന്നുള്ള കണ്ടെത്തലുകളുടെ ഫലമായി ലഭിച്ച സിനഡൽ റിപ്പോർട്ടുകൾ ക്രോഡീകരിച്ച് സംക്ഷിപ്ത റിപ്പോർട്ട് തയ്യാറാക്കി ഏഷ്യൻ മെത്രാൻ സമിതിക്കും ഭാരത മെത്രാൻ സമിതിക്കും വത്തിക്കാൻ സിനഡൽ സെക്രട്ടറിയേറ്റിനും സമർപ്പിച്ചു.

എഫ്.എ.ബി.സിക്കു നൽകിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും ഏഷ്യയിലെ വിവിധ രാജ്യങ്ങളിൽനിന്നു കിട്ടിയ റിപ്പോർട്ടുകളുടെ വെളിച്ചത്തിലും തയ്യാറാക്കിയ കരടുരേഖയിന്മേലുള്ള ചർച്ചയാണ് അസംബ്ലിയിൽ പ്രധാനമായും നടന്നത്. അസംബ്ലിയിൽ സീറോ മലബാർ സഭയുടെ മേജർ ആർച്ചുബിഷപ് കർദിനാൾ മാർ ജോർജ് ആലഞ്ചേരി, ഭാരത മെത്രാൻ സമിതിയുടെ അധ്യക്ഷനും തൃശൂർ അതിരൂപത ആർച്ചുബിഷപ്പുമായ മാർ ആൻഡ്രൂസ് താഴത്ത്, സീറോ മലബാർ സഭ ഡോക്ട്രിനൽ കമ്മീഷൻ സെക്രട്ടറി റവ. ഡോ. സെബാസ്റ്റ്യൻ ചാലയ്ക്കൽ, സീറോ മലബാർ സഭാവക്താവ് ഡോ. കൊച്ചുറാണി ജോസഫ് എന്നിവർ പങ്കെടുത്തു.

**ഏഷ്യൻ സിനഡ്: ധന്യതകളും ആഭിമുഖ്യങ്ങളും**

ഏഷ്യയിലെ സഭ വൈവിധ്യമാർന്ന സംസ്കാരങ്ങളാലും ഭാഷകളാലും വംശീയതകളാലും പാരമ്പര്യങ്ങളാലും അനുഗൃഹീതമാണ്. വിശ്വാസങ്ങളിലും മൂല്യങ്ങളിലും പ്രതീകങ്ങളിലും വ്യത്യസ്തതയുള്ളപ്പോഴും നാനാത്വത്തിലെ ഏകത്വം ഏഷ്യൻജനതയെ പരസ്പരം ഒന്നിപ്പിക്കുന്നു. ഏറ്റവും വലുതും ബൃഹത്തായ ജനസംഖ്യയുള്ളതുമായ ഏഷ്യയിലുടനീളം ഈ സിനഡൽപ്രക്രിയയ്ക്ക് വലിയ സ്വീകാര്യതയാണു ലഭിച്ചത്. ഏഷ്യൻ ആധ്യാത്മികത ആഴത്തിലുള്ള ഭക്തിയിലും സജീവമായ വിശ്വാസജീവിതത്തിലും സഭയോടുള്ള അഗാധമായ സ്നേഹത്തിലും ദൃഢപ്പെട്ടതാണെന്ന് റിപ്പോർട്ടുകൾ വിലയിരുത്തി. ഇത് സഭയുടെ ജീവിതത്തിന് സമൃദ്ധിയും സന്തോഷവും നൽകുന്നു.

**പരിഗണിക്കപ്പെടേണ്ട തലങ്ങൾ**

ഏഷ്യയിലുടനീളം വ്യാപകമായ ദാരിദ്ര്യം, സാമ്പത്തിക അസന്തുലിതാവസ്ഥ, വ്യവസ്ഥാപരമായ അഴിമതിയുടെ വെല്ലുവിളികൾ, കുടിയേറ്റം, രാഷ്ട്രീയ അസ്ഥിരത, പാരിസ്ഥിതിക ഭീഷണികൾ ഇവയെല്ലാം മതപരവും സാമൂഹികവും സാമ്പത്തികവും രാഷ്ട്രീയപരവുമായ വെല്ലുവിളികളാണ്.

സഭയ്ക്കുള്ളിൽത്തന്നെ ശ്രദ്ധപതിപ്പിക്കേണ്ട വിവിധ മേഖലകളുമുണ്ട്. വൈദിക, സന്ന്യസ്തജീവിത ദൈവവിളികളുടെ പ്രോത്സാഹനം, കുടുംബങ്ങൾ നേരിടുന്ന പ്രശ്നങ്ങൾ, ക്ലെരിക്കലിസം, നേതൃത്വരംഗത്തും നയരൂപീകരണസമിതികളിലും സ്ത്രീകളുടെയും സമർപ്പിതസഹോദരിമാരുടെയും യുവജനങ്ങളുടെയും പ്രാതിനിധ്യത്തിന്റെ കുറവ്, യുവജനങ്ങൾ, കുട്ടികൾ, കുടുംബം എന്നിവയുടെ പരിശീലനങ്ങൾ, മിശ്രവിവാഹങ്ങൾ, വൈവാഹികകൂദാശയെ മാറ്റിനിർത്തിക്കൊണ്ടുള്ള സഹജീവിതം, വർധിച്ചുവരുന്ന വിവാഹമോചനങ്ങൾ, ഭ്രൂണഹത്യകൾ, സിംഗിൾ പേരന്റിങ്, ഗാർഹിക പീഡനം, എൽ.ജി.ബി.റ്റി.ക്യൂ. എന്നിവ പ്രത്യേക പരിഗണന തേടുന്നു. സാമൂഹികമാധ്യമങ്ങളുടെ അമിതവും നിഷേധാത്മകവുമായ ദുരുപയോഗങ്ങൾ ഏറെ വിവേകപൂർണമായ ശ്രദ്ധ ആവശ്യപ്പെടുന്നു.

സഭ എല്ലാവരുടെയും ഭവനമാണ്. ഒഴിവാക്കപ്പെട്ടു എന്നു തോന്നുന്നവരുടെയും ആവശ്യങ്ങൾ പരിഗണിക്കുന്നതാണ് സിനഡാത്മകത. വിവിധ കൂട്ടായ്മകളുടെ കൂട്ടായ്മയായി ഒരുമിച്ചു നടക്കേണ്ടതിന്റെ പ്രാധാന്യത്തെക്കുറിച്ചുള്ള ആഗോള അവബോധത്തിലേക്കാണ് സിനഡൽ പ്രക്രിയ നയിക്കേണ്ടത്. അതിനാൽ, സിനഡൽ യാത്രകൾ കൃപയുടെയും സൗഖ്യത്തിന്റെയുമാണ്.

(ശേഷം 14-ാം പേജിൽ)



ബാങ്കോക്കിൽ നടന്ന ഏഷ്യൻസിനഡൽ അസംബ്ലിയിൽ പങ്കെടുത്തവർ

# ജ്ഞാനസമൃദ്ധിയുടെ വിനയതേജസ്സ്

1-ാം പേജ് തുടർച്ച

തന്റെ ചിന്തയുടെ തെളിമ കൊണ്ടും വാക്കുകളുടെ മൂർച്ച കൊണ്ടും ബോധ്യത്തിന്റെ ഉറപ്പുകൊണ്ടും അദ്ദേഹം വളരെ വേഗം ശ്രദ്ധിക്കപ്പെട്ടു. മെത്രാന്മാർ സമരത്തിനിറങ്ങുന്നതിനെ വിമർശിച്ചവരോട്, രാകി മൂർച്ച കൂട്ടിയ വാക്കുകളിൽ അദ്ദേഹം പ്രതികരിച്ചു. 'സഭയ്ക്കു മാർഗ നിർദേശം നൽകാൻ സഭാധ്യക്ഷൻ എന്ന നിലയിലും സമുദായത്തിന്റെയും രാജ്യത്തിന്റെയും ഉത്തമതാത്പര്യങ്ങൾ സംരക്ഷിക്കേണ്ട പൗരൻ എന്ന നിലയിലും മെത്രാന്മാർക്ക് വിദ്യാഭ്യാസപ്രശ്നങ്ങളിൽ ഇടപെടാൻ അവകാശമുണ്ടെന്ന് അദ്ദേഹം സ്ഥാപിച്ചെടുത്തു.

ദളിത്ക്രൈസ്തവരുടെ ഉന്നമനം പിതാവിന്റെ ഇഷ്ടവിഷയങ്ങളിലൊന്നായിരുന്നു. അവരെ സഭാഗാത്രത്തോടു ചേർത്തു നിറുത്തുന്നതിലും അവരുടെ ക്ഷേമകാര്യങ്ങളിലും പിതാവ് ബദ്ധശ്രദ്ധനായിരുന്നു. 1997 ൽ 50 ലക്ഷം രൂപയുടെ ദളിത്ക്ഷേമനിധി ആരംഭിച്ച് അവരുടെ വിദ്യാഭ്യാസ, പാർപ്പിട, ചികിത്സാവശ്യങ്ങൾ നിറവേറ്റുന്നതിനു തുടക്കമിട്ടു. നിയമനങ്ങളിലും പ്രവേശനത്തിനും പത്തു ശതമാനം സംവരണം ഏർപ്പെടുത്തി. പാസ്റ്ററൽ കൗൺസിൽ പോലെയുള്ള സഭാസംവിധാനത്തിൽ ദളിതരുടെ പ്രാതിനിധ്യം ഉറപ്പാക്കി. അവരുടെ ശബ്ദം ദുർബലമാകരുതെന്ന നിർബന്ധം അദ്ദേഹത്തിനുണ്ടായിരുന്നു. മാധ്യമങ്ങളുടെ വളർച്ചയും സ്വാധീനവും മുൻകൂട്ടിക്കണ്ട ഒരു സന്ന്യാസിവര്യനായിരുന്നു പിതാവ്. അവയുടെ പ്രവർത്തനങ്ങൾക്കു ദിശാബോധം നൽകുന്നതിലും അപചയങ്ങളെക്കുറിച്ചു മുന്നറിയിപ്പു നൽകുന്നതിലും അദ്ദേഹം ശ്രദ്ധാലുവായിരുന്നു. ആർക്കുംമുമ്പേ, പിതാവ് മാധ്യമവിദ്യാഭ്യാസത്തിന്റെ ആവശ്യകതയെക്കുറിച്ചു പറഞ്ഞുതുടങ്ങി. മാധ്യമങ്ങൾക്കുണ്ടാകേണ്ട പ്രതിബദ്ധതയും ജനാധിപത്യസംരക്ഷണത്തിൽ അവ വഹിക്കേണ്ട പങ്കും അദ്ദേഹത്തിന്റെ ഇഷ്ടവിഷയങ്ങളായിരുന്നു. മാധ്യമങ്ങളുടെ സ്വാധീനവും ശക്തിയും തിരിച്ചറിഞ്ഞ് മാധ്യമപഠനത്തിനുവേണ്ടി ഒരു കലാലയംതന്നെ അദ്ദേഹം സ്ഥാപിച്ചു - സെന്റ് ജോസഫ്സ് കോളജ് ഓഫ് കമ്മ്യൂണിക്കേഷൻ.

അമ്പതു വർഷങ്ങൾക്കു മുമ്പ് ഭിന്നശേഷിക്കാരായ കുഞ്ഞുങ്ങളെ സമൂഹം ശാപമായും അവജ്ഞയോടെയും കണ്ടിരുന്ന കാലയളവിൽ അവർക്കുവേണ്ടി ഒരു സ്പെഷൽ സ്കൂൾ - ആശാഭവൻ ആരംഭിക്കുന്നതിന് അദ്ദേഹം മുമ്പോട്ടുവന്നു. അവരുടെ പരിശീലനം, താമസം, തൊഴിൽ ഇവയെ സമന്വയിപ്പിച്ച് ആശാഭവൻ സുവർണജൂബിലിനിറവിൽ നിൽക്കുമ്പോൾ അത് പിതാവിനുള്ള വേറിട്ട സ്മാരകമാകും.



നിരീശ്വരവാദവും കമ്മ്യൂണിസവും ഒരിക്കലും പിതാവിനു ദഹിച്ചിരുന്നില്ല. പഠിച്ചത് സാമ്പത്തികശാസ്ത്രമാണെങ്കിലും കമ്മ്യൂണിസത്തെ ഒരിക്കലും അദ്ദേഹം അംഗീകരിച്ചിരുന്നില്ല. കമ്മ്യൂണിസത്തിലൂടെ കേരളത്തിനുണ്ടായ നന്മയെക്കാൾ, അന്താരാഷ്ട്രതലത്തിൽ കമ്മ്യൂണിസം ചെയ്തുകൂട്ടിയ മനുഷ്യത്വവിരുദ്ധമായ കാര്യങ്ങളും അപ്രായോഗികതയുമാണ് അദ്ദേഹം ശ്രദ്ധിച്ചത്. അവസരം ലഭിച്ചപ്പോഴൊക്കെ പിതാവ് കമ്മ്യൂണിസത്തിനും നിരീശ്വരത്വത്തിനും എതിരായി ശബ്ദമുയർത്തിയിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായങ്ങളുടെ പ്രവചനാത്മകസ്വഭാവം പിന്നീട് ലോകം തിരിച്ചറിഞ്ഞു.

സ്വന്തം സമുദായത്തിനുവേണ്ടി നിലകൊള്ളുമ്പോഴും സമുദായസൗഹാർദം നിലനിറുത്തുന്നതിൽ പിതാവ് ശ്രദ്ധാലുവായിരുന്നു. ഒരു ബഹുസ്വര സമൂഹത്തിൽ സമുദായങ്ങൾ തമ്മിലുള്ള സൗഹാർദം നിലനില്ക്കേണ്ടത് നിലനില്പിന് ആവശ്യമാണെന്ന് അദ്ദേഹം മനസ്സിലാക്കിയിരുന്നു. സി.ബി.സി.ഐ. പ്രസിഡന്റായിരുന്ന കാലത്ത് റിലീജയസ് ഫെലോഷിപ് ഫൗണ്ടേഷൻ സ്ഥാപിച്ച്, അതിന്റെ നേതൃത്വത്തിൽ കോട്ടയത്ത് മൂന്നു ദിവസം നീണ്ടുനിന്ന സെമിനാർ സംഘടിപ്പിച്ചത് ഈ രംഗത്തെ ശ്രദ്ധേയമായ ഒരു കാൽവയ്പായിരുന്നു. ഡോ. സിറിയക് തോമസ് സാറിനൊപ്പം അതിനുവേണ്ടി യത്നിച്ചത് എന്റെ മധുരമായ ഓർമയാണ്. പ്രസ്തുത സമ്മേളനത്തിൽ അന്നത്തെ കേരള മുഖ്യമന്ത്രി ഇ. കെ. നായനാർ പങ്കെടുത്തു സംസാരിച്ചത് വലിയ വാർത്തയായിരുന്നു.

അല്മായരുടെ ശക്തീകരണം പിതാവിന്റെ പ്രത്യേക ശ്രദ്ധ പതിഞ്ഞ മേഖലയായിരുന്നു. സഭയുടെ വിവിധ സംഘടനകളിലൂടെയും എ.കെ.സി.സി. മുതലായ പ്രസ്ഥാനങ്ങളിലൂടെയും അനേകം അല്മായനേതാക്കളെ പിതാവ് വളർത്തിയെടുത്തു. അവരെ കേൾക്കാനും പ്രോത്സാഹിപ്പിക്കാനും അദ്ദേഹം സദാ ജാഗരൂകനായിരുന്നു. അല്മായർക്ക് സഭാവിജ്ഞാനം നൽകാൻ 'മാർത്തോമ്മാവിദ്യാനികേതൻ' സ്ഥാപിച്ചതും പവ്വത്തിൽപിതാവായിരുന്നു. കേരളസഭയിലെ നൂതന സംരംഭമായിരുന്നു അത്.

പിതാവിന്റെ പ്രവർത്തനമേഖലയുടെ വൈവിധ്യം ശ്രദ്ധാർഹമാണ്. കർഷകർക്കുവേണ്ടി ശബ്ദിക്കാനും പ്രകൃതിക്കുവേണ്ടി വാദിക്കാനും ആദിവാസികൾക്കുവേണ്ടി ക്ഷേമപ്രവർത്തനങ്ങൾ ആവിഷ്കരിക്കാനും പിതാവ് സമയം കണ്ടെത്തിയിരുന്നു. ഒരു വേനൽക്കാലത്ത്, പുരയിടത്തിൽ മഴക്കുഴി കുഴിക്കേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചു പിതാവെഴുതിയ സർക്കുലർ ഇടവകപ്പള്ളിയിൽ വായിച്ചപ്പോൾ, അടുത്തിരുന്ന വിശ്വാസി, 'ഇങ്ങേർക്ക് അറിയാൻ പാടില്ലാത്തതായി ഒന്നുമില്ലല്ലോ' എന്നു ചോദിച്ചത് ലേഖകന്റെ മനസ്സിലുണ്ട്.

പവ്വത്തിൽപിതാവ് ചിന്തകളുടെ തമ്പുരാനായിരുന്നു. അതുകൊണ്ടുതന്നെ ഗൗരവമാണ് മുഖത്തെ സ്ഥായീഭാവം. എന്നാൽ, അദ്ദേഹം നർമം ഇഷ്ടപ്പെട്ടിരുന്നു, പറഞ്ഞിരുന്നു. കാലിലെ എല്ലുപൊട്ടി ആശുപത്രിയിൽ ചികിത്സയിലായിരുന്ന പിതാവിനെ കാണാൻ ചെന്നപ്പോൾ, സ്പെഷ്യാലിറ്റി സംവിധാനത്തെ പരിഹസിച്ചുകൊണ്ട് അദ്ദേഹം പറഞ്ഞത് എന്റെ ഓർമയിലുണ്ട്. പ്രഭാതസന്ദർശനത്തിനെത്തിയ 'ഓർത്തോ' ഡോക്ടറോട് ചെറിയ പനി അനുഭവപ്പെടുന്നുണ്ടെന്ന് അറിയിച്ചപ്പോൾ അക്കാര്യം ഫിസിഷ്യനോടു പറയാൻ നിർദേശിച്ച് നടന്നുനീങ്ങിയെന്നു പറഞ്ഞപ്പോൾ പിതാവിന്റെ മുഖത്തു ചിരിപടർന്നത് ഒരപൂർവദൃശ്യമായി എനിക്കു തോന്നി.

സന്ന്യാസിയല്ലെങ്കിലും സന്ന്യാസിയെപ്പോലെ ജീവിച്ച വ്യക്തിയായിരുന്നു പവ്വത്തിൽ പിതാവ്. വാക്കുകളിലെ മിതത്വം അദ്ദേഹം ജീവിതത്തിലും പകർത്തി. ലാളിത്യം അദ്ദേഹത്തിന്റെ മുഖമുദ്രയായിരുന്നു. ആർഭാടം പിതാവിന് അന്യമായിരുന്നു.

സന്ന്യാസിയും ലോകവും തമ്മിലുള്ള ബന്ധത്തെക്കുറിച്ച് ഓർമയിലുള്ള ഒരു ചിന്ത കുറിച്ച് ഈ ലേഖനം അവസാനിപ്പിക്കാം. പ്രസ്തുത ബന്ധം, വള്ളവും വെള്ളവും തമ്മിലുള്ള ബന്ധത്തിനു തുല്യമാണ്. വള്ളത്തിന് വെള്ളത്തിലേ നിലനില്പുള്ളൂ. പക്ഷേ, വെള്ളം അകത്തുകയറാതിരിക്കണം. കയറിയാലോ? വള്ളം മുങ്ങും. അതുപോലെ സന്ന്യാസി ലോകത്തിലാണു ജീവിക്കേണ്ടത്. എന്നാൽ, ലോകം - ലൗകികത - അകത്തുകയറാതെ നോക്കണം. കയറിയാലോ? സന്ന്യാസി സംസാരിയാകും. ലോകത്തിൽ ജീവിക്കുമ്പോഴും ലോകത്തെ ഉള്ളിൽ കയറ്റാതെ അകറ്റിനിർത്തിയ സന്ന്യാസിവര്യനായിരുന്നു പവ്വത്തിൽപിതാവ്. നിർമമത അദ്ദേഹത്തിന്റെ സന്തതഭാവമായിരുന്നു. ധന്യപിതാവിന്റെ സ്മരണയ്ക്കു മുമ്പിൽ മിഴിനീരിന്റെ നനവുള്ള ഓർമപ്പൂക്കൾ!

■



കവിത

ഏലിക്കുട്ടി മാണി തടത്തിൽ

## നോമ്പുത്സവം

ദൈവകൃപ നിറദീപപ്രഭ ചാർത്തും
ദൈവതേജസ്സു വിളങ്ങുംകാലം

ദൈവത്തിൻ ശക്തിയിലാശ്രയിച്ചാനന്ദ-
ക്കൂടാരവാസമാം നോമ്പുകാലം

ക്രൂശിൻ സഹനങ്ങളോർത്തു ധ്യാനിച്ചിടാം
രക്ഷകൻ ദൂതനുവർത്തിച്ചിടാം

ദുഷ്ടന്റെ ശക്തിക്കറുതി വരുത്തിടാൻ
ക്രൂശിലെ സ്നേഹം മതി നരർക്ക്

പാപക്കുടുക്കിലുഴറും തനയർക്കു
ക്രൂശിതനേകപരിഹാരകൻ

ദോഷം പെരുകുന്ന മർത്ത്യകുലത്തിനു
തോഷം പകരാമീ നോമ്പുകാലേ

പാവനമാക്കിടാം ചിന്തയും ചെയ്തിയും
പാവനസ്നേഹപ്രകാശധാരേ

മനസ്സനുതാപത്തിന്നാഴങ്ങൾ താണ്ടിടാൻ
മർത്ത്യന്നുപവാസമൗഷധമാം

കണ്ണീരുവേണമെൻ കല്മഷം കഴുകിടാൻ
കർത്തൻ കൃപയാലേ രക്ഷവേണം

ഹൃത്തു കഴുകിടാൻ ചിത്തമൊരുക്കിടാ-
നുത്സവക്കാലമീ നോമ്പുകാലം.




കഥാസാരം: ഒരു നിർധന നമ്പൂതിരിക്കുടുംബത്തിലെ അഞ്ചു പെൺമക്കളിൽ മൂത്തയാളാണ് ഇന്ദുലേഖ. ദൂരെ സ്കൂളിൽ ജോലികിട്ടിയ ഇന്ദു സ്കൂൾ മാനേജർ ആനന്ദന്റെ മകൻ അഭിഷേകുമായി സൗഹൃദത്തിലായി. അവർ തമ്മിൽ പ്രണയമാണെന്നു തെറ്റിധരിച്ചു മാനേജർ അവളെ പിരിച്ചുവിട്ടു. ഇതറിഞ്ഞ് ഇന്ദുവിന്റെ അച്ഛൻ നാരായണൻ നമ്പൂതിരി ഹൃദയാഘാതം വന്നു മരിച്ചു. പിന്നീട് ആനന്ദൻ ഇന്ദുവിനെ ചതിയിൽപ്പെടുത്തി ഹോട്ടൽമുറിയിലെത്തിച്ച്, പോലീസിനെ വിളിച്ചു വരുത്തി അപമാനിച്ചു. അപമാനിതയായ ഇന്ദു മരണത്തെപ്പറ്റി ചിന്തിച്ചു. സന്ദർശക വിസയിൽ അമേരിക്കയിൽ പോയ അഭിഷേക് തിരിച്ചെത്തി. കാര്യങ്ങൾ അറിഞ്ഞ അഭിഷേക് ഇന്ദുവിനെ തേടി അവളുടെ വീട്ടിലെത്തി. ഇന്ദു എവിടാണെന്ന് വീട്ടുകാർക്കും അറിയില്ലായിരുന്നു. ഇന്ദുവിന്റെ അമ്മ മരിച്ചു. ശവസംസ്കാരത്തിന് ഇന്ദു എത്തിയില്ല. ഇന്ദുവിനെ കണ്ടുപിടിച്ച് ആ കുടുംബത്തെ ഇനി സംരക്ഷിക്കേണ്ട ചുമതല തനിക്കാണെന്ന് അഭിഷേക് ചിന്തിച്ചു. ഇന്ദു മുമ്പ് ജോലിക്കു നിന്ന ചാണ്ടിക്കുഞ്ഞിന്റെ വീട്ടിൽ അഭിഷേക് എത്തി. (തുടർന്നു വായിക്കുക)

"അച്ചായന് എന്നെ പൂർണമായി വിശ്വസിക്കാം. ഇന്ദുവിനെ കണ്ടെത്തിയാൽ ആ കുടുംബത്തെ മുഴുവൻ ഞാനിനി സംരക്ഷിച്ചുകൊള്ളാം." അഭിഷേക് ഉറപ്പു കൊടുത്തു.

"അച്ഛനെ ധിക്കരിച്ച് നിനക്കതു ചെയ്യാനുള്ള തന്റേടമുണ്ടോ?" ചാണ്ടിക്കുഞ്ഞ് ചോദിച്ചു.

"ഇല്ലെങ്കിൽ ഞാനിപ്പം അന്വേഷിച്ചു വരില്ലായിരുന്നല്ലോ. പറയൂ, ഇന്ദു എവിടുണ്ട്?"

"അവള് ഇവിടടുത്ത് ഒരു അനാഥമന്ദിരത്തിൽ ജോലി ചെയ്യുന്നുണ്ട്." അതു കേട്ടതും അഭിഷേകിന്റെ കണ്ണുകൾ വിടർന്നു.

"ഏത് അനാഥമന്ദിരത്തിൽ?"

"സെന്റ് മേരീസ് പള്ളിയുടെ കീഴിലുള്ള, കുട്ടികളുടെ ഒരനാഥാലയത്തിലാ. അവളിപ്പം അവിടെ സമാധാനത്തോടെ ജീവിക്കുവാ. കുട്ടികളുടെ പ്രിയപ്പെട്ട ഇന്ദുച്ചേച്ചിയായിട്ട്. നിങ്ങളിനി അവിടെ പോയി കണ്ട് അവളുടെ സ്വസ്ഥത തകർക്കണ്ട. അവൾക്ക് വീട്ടിലേക്കു മടങ്ങിപ്പോകണമെന്ന ആഗ്രഹവുമില്ല ഇപ്പം."

"എങ്ങനെയാണ് അനാഥമന്ദിരത്തിൽ അവളെത്തിയത്?"

"നിങ്ങളുടെ അച്ഛൻ അപമാനിച്ച് ഇറക്കിവിട്ടപ്പം ആത്മഹത്യയെക്കുറിച്ചാ അവളാദ്യം ചിന്തിച്ചത്. പിന്നെന്തോ തോന്നി എന്നെ ഫോണിൽ വിളിച്ചു; ഒരു ജോലി തരാമോന്നു ചോദിച്ച്. ആദ്യം ഞാൻ കൈയൊഴിഞ്ഞതാ. ജോലി കിട്ടിയില്ലെങ്കിൽ ജീവിതം അവസാനിപ്പിക്കുമെന്നു കേട്ടപ്പോൾ എനിക്കാ കുട്ടിയെ ഉപേക്ഷിക്കാൻ മനസ്സുവന്നില്ല. കുറച്ചുകാലം അവളിവിടെ ജോലി ചെയ്തതാണല്ലോ. ഒരു മകളെപ്പോലെയായിരുന്നു അന്നു ഞാനവളെ കണ്ടത്. പക്ഷേ, എന്റെ ഭാര്യ ത്രേസ്യാ അവളെ ഇങ്ങോട്ടു കൊണ്ടുവരാൻ താത്പര്യപ്പെട്ടില്ല."

"പിന്നെങ്ങനെ അനാഥമന്ദിരത്തിൽ എത്തി?"

"ഇവിടടുത്ത് ഒരു ഓർഫനേജുണ്ട്. കത്തോലിക്കാ വൈദികർ നടത്തുന്നതാ. സെന്റ് മേരീസ് ഓർഫനേജ്. എന്റെ മക്കൾ അവർക്കു ധനസഹായം കൊടുക്കുന്നുണ്ട്. ഞാൻ അച്ചനെ വിളിച്ചു കാര്യം പറഞ്ഞു. ആദ്യം അച്ചൻ എതിർത്തു. വീട്ടിലറിയിക്കാതെ വരുന്ന ഒരു പെണ്ണിന് അഭയം കൊടുക്കുക എന്നു പറഞ്ഞാൽ തെറ്റല്ലേ? അച്ചൻ അതിന്റെ ഭവിഷ്യത്ത് എന്നെ ബോധ്യപ്പെടുത്തിയെങ്കിലും ആ കുട്ടിയെ കൈയൊഴിയാൻ എനിക്കു മനസ്സുവന്നില്ല. എന്റെ നിർബന്ധം കാരണം കുറച്ചുദിവസം താമസിപ്പിക്കാമെന്ന് അച്ചൻ സമ്മതിച്ചു. ഒരു നിബന്ധനയേ അച്ചൻ വച്ചുള്ളൂ. ഫോൺ ഉപയോഗിക്കരുതെന്ന്. അവൾക്കതിൽ എതിർപ്പില്ലായിരുന്നു. വന്നപാടെ അവൾ ഫോൺ അച്ചനെ ഏല്പിച്ചു. കുറച്ചുദിവസം കഴിഞ്ഞപ്പോൾ അച്ചൻ എന്നെ വിളിച്ചു പറഞ്ഞു: "വിചാരിച്ചപോലല്ല; നല്ല കുട്ടിയാണ്; എല്ലാ ജോലിയും ചെയ്യും; കുട്ടികൾക്കൊക്കെ



അവളെ വലിയ ഇഷ്ടമാണ് എന്നൊക്കെ. അതു കേട്ടപ്പം എനിക്കും സന്തോഷമായി. കുഞ്ഞുങ്ങളുടെ കാര്യം നോക്കാൻ നല്ലോരാളെ കിട്ടിയല്ലോ എന്ന സന്തോഷമാണ് ഇപ്പം അച്ചന്. മാസാമാസം കുറച്ചുപണം അവളുടെ അക്കൗണ്ടിൽ അച്ചൻ ഇടുന്നുണ്ട്. അവളും സന്തോഷവതിയാ. ഈ സാഹചര്യത്തിൽ ഇപ്പം അവളെ പോയിക്കണ്ട് അമ്മയുടെ മരണവിവരമൊക്കെ പറഞ്ഞ് അവളുടെ സന്തോഷം കളയണോ?"

"ഞാൻ പറഞ്ഞല്ലോ, വെറുമൊരു കൂടിക്കാഴ്ചയ്ക്കു പോകുന്നതല്ല ഞാൻ. ആ കുടുംബത്തെ മുഴുവൻ ഞാനിനി നോക്കിക്കോളാം."

"വിശ്വസിക്കാമോ നിങ്ങളെ?"

"തീർച്ചയായും."

"ഞാൻ അച്ചനോട് ഒന്നു വിളിച്ചു ചോദിക്കട്ടെ." ചാണ്ടിക്കുഞ്ഞ് എണീറ്റ് അടുത്ത മുറിയിലേക്കു പോയി. അഭിഷേക് ക്ഷമയോടെ സ്വീകരണമുറിയിൽ കാത്തിരുന്നു. തെല്ലുനേരം കഴിഞ്ഞു മടങ്ങിവന്നിട്ട് ചാണ്ടിക്കുഞ്ഞ് പറഞ്ഞു:

"അച്ചൻ പറഞ്ഞത് അഭിഷേകിനോട് അങ്ങോട്ടു ചെല്ലാനാ. നേരിട്ടു സംസാരിക്കാമെന്ന്."

"തീർച്ചയായും."

അച്ചന്റെ മേൽവിലാസം വാങ്ങിയിട്ട് അഭിഷേക് എണീറ്റു.

"അച്ചായന്റെ ഭാര്യയും മക്കളും?"

"മക്കളു മൂന്നുപേരും അമേരിക്കേലാ. ഞാനും ഭാര്യയും മാത്രമാ ഇപ്പം ഇവിടെ താമസം. അവള് അയൽപക്കത്തെ ഒരു വീട്ടിൽ പോയിരിക്കുവാ. ഞാൻ സൂചിപ്പിച്ചല്ലോ. അവൾക്ക് ഇന്ദുവിനെ ഒട്ടും ഇഷ്ടമല്ല. അതുകൊണ്ട് പലതും അവളെ അറിയിച്ചിട്ടില്ല."

യാത്ര പറഞ്ഞിട്ട് അഭിഷേക് പുറത്തേക്കിറങ്ങി. കാറിൽ കയറി നേരേ പോയത് സെന്റ് മേരീസ് പള്ളിയിലേക്കായിരുന്നു. പള്ളിമേടയുടെ മുമ്പിൽ കാർ നിറുത്തിയിട്ട് വരാന്തയിലേക്കു കയറി കോളിങ് ബല്ലിൽ വിരലമർത്തി. വാതിൽ തുറന്നു പ്രത്യക്ഷപ്പെട്ടത് വികാരി ഫാ. ജോസഫ് മണപ്പള്ളി.

അഭിഷേക് സ്വയം പരിചയപ്പെടുത്തിയപ്പോൾ അച്ചൻ അകത്തേക്കു വിളിച്ചു സ്വീകരണമുറിയിൽ ഇരുത്തി.

"ഇന്ദുവിന്റെ ആരാ?"

കസേരയിൽ ഇരുന്ന് സീറ്റിലേക്കു ചാരിക്കൊണ്ട് അച്ചൻ ചോദിച്ചു.

"ഇന്ദു ജോലി ചെയ്തിരുന്ന സ്കൂളിലെ മാനേജരുടെ മകനാ."

"ആനന്ദന്റെ മകൻ?"

"അതെ."

"എന്താ ഇനിയും കൂട്ടിക്കൊണ്ടുപോയി അവളെ കൂടുതൽ ദ്രോഹിക്കാനാണോ?"

"അയ്യോ ഒരിക്കലുമല്ല. എന്റച്ഛൻ ചെയ്ത തെറ്റിന് പ്രായശ്ചിത്തം ചെയ്യാനാണ് ഞാൻ വന്നത്. ആ കുടുംബത്തെ ഇനി ഞാൻ സംരക്ഷിക്കും."

"നിങ്ങളുടെ അച്ഛൻ ചെയ്ത ദ്രോഹം എണ്ണിയെണ്ണി പറഞ്ഞ് എന്റെ മുമ്പിൽ നിന്നവൾ കരഞ്ഞു. ഒരു മനുഷ്യന് ഇത്രയും ക്രൂരനാകാൻ പറ്റുമോന്ന് ഞാൻ അതിശയിച്ചുപോയി."

"എല്ലാം എനിക്കറിയാം. അച്ഛൻ ചെയ്ത തെറ്റിന് മാപ്പു ചോദിക്കാൻകൂടിയാണ് ഞാനിപ്പം വന്നത്."

"വീട്ടുകാരറിയാതെ വന്ന ഒരു പെണ്ണിനെ ഞാനിവിടെ താമസിപ്പിച്ചത് റിസ്കാണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാ. വല്ല കുഴപ്പവും ഉണ്ടാക്കിയിട്ടു പോന്നതാണോന്ന് അറിയില്ലല്ലോ. പക്ഷേ, കുറച്ചുദിവസം കഴിഞ്ഞപ്പം മനസ്സിലായി അവളു കളങ്കമില്ലാത്ത ഒരു പെണ്ണാണെന്ന്. അതുകൊണ്ട് അവളെ അനാഥാലയത്തിലെ കുഞ്ഞുങ്ങളുടെ ചുമതല ഞാൻ ഏല്പിച്ചു. പന്ത്രണ്ടു കുട്ടികളുടെ കുഞ്ഞേച്ചിയായി അവളിവിടെ ഇപ്പം സന്തോഷത്തോടെ കഴിയുവാ."

"ഞാൻ കുറച്ചുകാലം അമേരിക്കയിലായിരുന്നു അച്ചാ. ആ സമയത്താ പ്രശ്നങ്ങൾ ഉണ്ടാക്കി എന്റച്ഛൻ അവളെ അപമാനിച്ച് ഇറക്കിവിട്ടത്. തിരിച്ചുവന്നപ്പോഴാ കഥകളൊക്കെ അറിഞ്ഞത്."

"സത്യത്തിൽ എന്തായിരുന്നു സംഭവിച്ചത്?"

ട്രെയിനിൽവച്ച് ഇന്ദുലേഖയെ കണ്ടുമുട്ടിയതുമുതൽ ഒടുവിൽ പിരിച്ചുവിട്ടതുവരെയുള്ള കഥകൾ ഒന്നൊന്നായി അഭിഷേക് വിശദീകരിച്ചു. എന്നിട്ടു തുടർന്നു:

"കഴിഞ്ഞ ദിവസം ഇന്ദുവിന്റെ അമ്മ മരിച്ചു. ഇന്ദു എവിടാന്ന് അറിയില്ലാതിരുന്നതിനാൽ ആ വിവരം അറിയിക്കാൻ പറ്റിയില്ല. ഇപ്പം അവളുടെ നാല് അനിയത്തിമാർ തനിച്ചാ താമസം. ആ സാഹചര്യത്തിലാണ് എങ്ങനെയും ഇന്ദുവിനെ കണ്ടുപിടിക്കണമെന്ന് എനിക്കു തോന്നിയത്."

"അഭിഷേകും ഇന്ദുവും തമ്മിൽ പ്രണയമായിരുന്നോ?"

"ഒരിക്കലുമല്ല. നല്ല സൗഹൃദത്തിലായിരുന്നു. അതു മറ്റുള്ളവർ തെറ്റിധരിച്ചു. എന്റച്ഛന് അവളോടു പക തോന്നാനുള്ള പ്രധാന കാരണവും അതുതന്നെയാ."

"ഇപ്പം അച്ഛന്റെ തെറ്റിധാരണ മാറിയോ?"

"മാറിക്കാണും. എന്റെ വിവാഹം നിശ്ചയിച്ചിരിക്കുവാ."

"ഓഹോ! അപ്പം അഭിഷേക് ആ കുടുംബത്തെ എങ്ങനെ സംരക്ഷിക്കാനാണ് ഉദ്ദേശിക്കുന്നത്?"

"എന്റെ അനിയത്തിമാരായി കണ്ട് ഞാനവരെ സംരക്ഷിക്കും. അവരെ നല്ല നിലയിൽ വിവാഹം കഴിച്ചയയ്ക്കും."

"അച്ഛൻ എതിർത്താൽ?"

"എതിർത്താലും ഒരു കുടുംബം നോക്കാനുള്ള സാമ്പത്തികമൊക്കെ എനിക്കുണ്ടച്ചോ. എന്റെ പേരിലുമുണ്ട് കുറെ ഭൂസ്വത്തും ബിസിനസ് സ്ഥാപനങ്ങളുമൊക്കെ."

"ഞാനവളോട് കാര്യങ്ങളൊക്കെ ഒന്നു സംസാരിക്കട്ടെ. അഭിഷേക് കുറച്ചുനേരം വെളിയിലിരിക്കൂ."

"ശരി ഫാദർ."

അഭിഷേക് പുറത്തേക്കിറങ്ങി വരാന്തയിലെ കസേരയിലിരുന്നു. തെല്ലുനേരം കഴിഞ്ഞ് അച്ചൻ വെളിയിലേക്കിറങ്ങി വന്നിട്ട് പറഞ്ഞു.

"ഞാനവളോടു സംസാരിച്ചു. അവൾക്ക് നിങ്ങളെ കാണണമെന്ന് ആഗ്രഹമില്ല. ഒരുപക്ഷേ, നിങ്ങളുടെ അച്ഛനോടുള്ള ദേഷ്യം കൊണ്ടാകാം. അവളെ ഇവിടെനിന്ന് വിടാൻ എനിക്കും ഇഷ്ടമില്ല. ഒരമ്മയെപ്പോലെയാണ് അവളിപ്പം ഇവിടുത്തെ കുഞ്ഞുങ്ങളെ നോക്കുന്നത്. അവളിവിടെനിന്നു പോയാൽ ആ കുഞ്ഞുങ്ങൾക്കും ഒരുപാട് വിഷമമാകും."

"ഒന്നു നേരിട്ടു സംസാരിക്കാൻ ഒരവസരം തന്നൂടെ അച്ചോ?" അഭിഷേക് കെഞ്ചി.

"അവളുടെ മനസ്സമാധാനം കളയണോ അഭിഷേക്?"

"മനസ്സമാധാനം കളയുന്ന ഒരു വാക്കുപോലും എന്നിൽനിന്നുണ്ടാവില്ല അച്ചോ. അവൾക്കിഷ്ടമില്ലെങ്കിൽ ഞാൻ നിർബന്ധിച്ചു കൊണ്ടുപോകുകയുമില്ല. എന്റച്ഛൻ ചെയ്ത തെറ്റിന് മാപ്പു ചോദിച്ചിട്ട് പോകയെങ്കിലും ചെയ്യാല്ലോ."

"ശരി. ഞാനവളെ ഇങ്ങോട്ടു വിളിച്ചുവരുത്താം."

മണപ്പള്ളി അച്ചൻ അഭിഷേകിനെ മുറിയിലേക്കു വിളിച്ചിരുത്തിയിട്ട് മൊബൈൽ എടുത്തു നമ്പർ ഞെക്കി. ഇന്ദുവിനോട് ഉടനെ പള്ളിമേടയിലേക്കു വരാൻ ആവശ്യപ്പെട്ടു.

പതിനഞ്ചുമിനിറ്റ് കഴിഞ്ഞപ്പോൾ ഇന്ദു പള്ളിമേടയിലെത്തി.

*ശേഷം 14-ാം പേജിൽ*

# കാലം കാതോർത്തിരുന്ന മഹാമംഗളവാർത്ത



മേരി സെബാസ്റ്റ്യൻ

ആദിമാതാപിതാക്കന്മാരുടെ പാപംമൂലം തകർന്നടിഞ്ഞ ദൈവമനുഷ്യബന്ധം പുനഃസ്ഥാപിക്കാൻ ദൈവം ഒരു രക്ഷകനെ പറുദീസയിൽവച്ച് വാഗ്ദാനം ചെയ്തു (ഉത്പ. 3:15). മനുഷ്യന്റെ അധഃപതനത്തിൽ മനംനൊന്ത കരുണാമയനായ ദൈവം തന്റെ ജനത്തിനുവേണ്ടി സംസാരിച്ചു: "കന്യക ഗർഭംധരിച്ച് ഒരു പുത്രനെ പ്രസവിക്കും. ദൈവം നമ്മോടുകൂടെ എന്നർഥമുള്ള ഇമ്മാനുവേൽ എന്ന് അവൻ വിളിക്കപ്പെടും." അടിമത്തത്തിൽ കഴിഞ്ഞിരുന്ന ഇസ്രായേൽജനം രക്ഷകന്റെ വരവിനായി കാതോർത്തു കാത്തിരുന്നു. അതിനായി ദൈവം ദാവീദിന്റെ ഗോത്രത്തിൽപ്പെട്ട വിശുദ്ധരായിരുന്ന യൊവാക്കിം - അന്നാ ദമ്പതികളെയാണു തിരഞ്ഞെടുത്തൊരുക്കിയത്. നീണ്ട 22 വർഷക്കാലത്തെ കാത്തിരിപ്പിനു ശേഷമാണ് ദൈവം അവർക്ക് ഒരു പെൺകുഞ്ഞിനെ നൽകി അനുഗ്രഹിച്ചത്. മറിയം എന്നവർ കുഞ്ഞിനു പേരിട്ടു. വാർദ്ധക്യത്തിൽ ലഭിച്ച ഉദരഫലത്തെ അവർ ദൈവവേലയ്ക്കായി മുന്നേകൂട്ടി സമർപ്പിച്ചിരുന്നു. അതിനാൽ, അവർ തങ്ങളുടെ കുഞ്ഞിന് ശൈശവത്തിൽത്തന്നെ ഒരു യഹൂദപെൺകുട്ടി അറിഞ്ഞിരിക്കേണ്ട മതാചാരങ്ങളും ഭക്താനുഷ്ഠാനങ്ങളും വിശുദ്ധലിഖിതങ്ങളും മാത്രമല്ല, ആത്മീയവും ഭൗതികവുമായ ജ്ഞാനവും പകർന്നുനൽകിയിരുന്നു.

മറിയത്തിനു മൂന്നു വയസ്സായപ്പോൾ അവളുടെ മാതാപിതാക്കൾ കുഞ്ഞിനെ ദൈവാലയത്തിൽ സമർപ്പിച്ചുകൊണ്ട് തങ്ങളുടെ നേർച്ച നിറവേറ്റി. പ്രായത്തിൽക്കവിഞ്ഞ വിവേകവും വിശുദ്ധിയും വിനയവും പക്വതയും ജ്ഞാനവുംകൊണ്ട് ദൈവം അവളെ അലങ്കരിച്ചിരുന്നു. ഭക്തിനിർഭരമായ ദൈവാലയാന്തരീക്ഷത്തിൽ മറിയം ഒരു മാടപ്പിറാവിനെപ്പോലെ ജീവിച്ചുപോന്നു. ഇക്കാലയളവിൽ അവളുടെ മാതാപിതാക്കളും സ്വർഗപ്രാപ്തരായി. കൗമാരത്തിലേക്കു കടന്ന മറിയത്തിന് യഹൂദാചാരപ്രകാരം ദൈവാലയശുശ്രൂഷ അവസാനിപ്പിക്കേണ്ട സമയമായി. പുരോഹിതർ ആലോചനായോഗം ചേർന്ന് മറിയത്തിനു വിവാഹാലോചന തുടങ്ങി. മറിയത്തെ വിവരമറിയിച്ചു. അവൾ അതീവദുഃഖത്തോടെ തന്റെ ഹൃദയവ്യഥകൾ ദൈവമുമ്പാകെ ഏറ്റുപറഞ്ഞു. ദൈവഹിതപ്രകാരമുള്ള ഏതു തീരുമാനത്തിനും 'ഉവ്വ്' പറയുവാൻ അവളുടെ അനുസരണവും വിധേയത്വവും പക്വതയും അവളെ പ്രാപ്തയാക്കിയിരുന്നു. അങ്ങനെ ദാവീദിന്റെ വംശജനായ ജോസഫുമായുള്ള വിവാഹനിശ്ചയത്തിന് മറിയം കീഴ്‌വഴങ്ങി. പുരോഹിതരുടെ അനുഗ്രഹാശിസ്സുകളോടെ മറിയം ജോസഫുമൊത്ത് ദൈവാലയത്തോടും അവിടുത്തെ നിവാസികളോടും നിറകണ്ണുകളോടെ യാത്ര ചൊല്ലി നസ്രസ്സിലെ ഭവനത്തിലേക്കു മടങ്ങി.

സമാനതകളുള്ള രണ്ടു വ്യക്തിത്വങ്ങളെ ദൈവമാണു കൂട്ടിച്ചേർത്തത്. മറിയം നിത്യകന്യാത്വം ദൈവത്തിനു നേർന്നുവെങ്കിൽ ജോസഫാകട്ടെ പൂർണബ്രഹ്മചര്യവും ദൈവമുമ്പാകെ അടിയറവു പറഞ്ഞിരുന്നു. മാത്രമല്ല, അവർ രണ്ടുപേരും രക്ഷകന്റെ വരവിനായി പ്രാർഥനയോടെ കാത്തിരുന്നവരുമാണ്. ഇവരിലൂടെയാണ് ദൈവം തന്റെ പ്രതീക്ഷകളും സ്വപ്നങ്ങളും സാക്ഷാത്കരിച്ചുകൊണ്ട് രക്ഷാകരചരിത്രത്തിന്റെ കവാടം തുറക്കാൻ നിശ്ചയിച്ചിരുന്നത്. ജോസഫും മറിയവും ദൈവത്തോട് ആലോചന ചോദിച്ചുകൊണ്ട് തങ്ങളുടെ കുടുംബത്തിന് അടിത്തറ പാകുവാൻ തുടങ്ങി. പ്രാർഥനയും തപശ്ചര്യകളും സദ്പ്രവൃത്തികളുംവഴി അവർ അനുനിമിഷം ദൈവത്തെ പ്രസാദിപ്പിച്ചിരുന്നു!

മറിയം തന്റെ പതിവു തെറ്റാതെയുള്ള പാതിരാപ്രാർഥനയ്ക്കായി ഉറക്കമുണർന്നപ്പോൾ തന്റെ മുറിയാകെ പ്രകാശപൂരിതമായി കാണപ്പെട്ടു. അവൾ ഭയചകിതയായി ചുറ്റും നോക്കി. തത്ക്ഷണം തന്റെ മുമ്പിൽ ഒരു ദൈവദൂതൻ പ്രത്യക്ഷപ്പെട്ടുകൊണ്ട് ഇപ്രകാരം പറഞ്ഞു: "കൃപ നിറഞ്ഞവളേ സ്വസ്തി! കർത്താവു നിന്നോടുകൂടെ. നീ സ്ത്രീകളിൽ അനുഗൃഹീതയാണ്." അവൾ വിസ്മയത്തോടെ ദൂതനെത്തന്നെ നോക്കിനിന്നു. ദൂതൻ തുടർന്നു: "മറിയമേ, നീ ഭയപ്പെടേണ്ട. നീ ദൈവസന്നിധിയിൽ കൃപ കണ്ടെത്തിയിരിക്കുന്നു. നീ ഗർഭം ധരിച്ച് ഒരു പുത്രനെ പ്രസവിക്കും. നീ അവന് യേശു എന്നു പേരിടണം. അവൻ വലിയവനായിരിക്കും. അത്യുന്നതന്റെ പുത്രൻ എന്നു വിളിക്കപ്പെടും. അവന്റെ പിതാവായ ദാവീദിന്റെ സിംഹാസനം ദൈവമായ കർത്താവ് അവനു കൊടുക്കും. യാക്കോബിന്റെ ഭവനത്തിന്മേൽ അവൻ എന്നേക്കും ഭരണം നടത്തും. അവന്റെ രാജ്യത്തിന് അവസാനം ഉണ്ടാവുകയില്ല." മറിയം ദൂതനോടു പറഞ്ഞു: "ഇതെങ്ങനെ സംഭവിക്കും? ഞാൻ പുരുഷനെ അറിയുന്നില്ലല്ലോ." ദൂതൻ മറുപടി പറഞ്ഞു: "പരിശുദ്ധാത്മാവ് നിന്റെ മേൽവരും. അത്യുന്നതന്റെ ശക്തി നിന്റെമേൽ ആവസിക്കും. ആകയാൽ, ജനിക്കാൻ പോകുന്ന ശിശു പരിശുദ്ധൻ, ദൈവപുത്രൻ എന്നു വിളിക്കപ്പെടും. ഇതാ, നിന്റെ ചാർച്ചക്കാരി വൃദ്ധയായ എലിസബത്തും ഒരു പുത്രനെ ഗർഭം ധരിച്ചിരിക്കുന്നു. വന്ധ്യ എന്നു പറഞ്ഞിരുന്ന അവൾക്കിത് ആറാംമാസമാണ്. ദൈവത്തിന് ഒന്നും അസാധ്യമല്ലല്ലോ." മറിയം പറഞ്ഞു: "ഇതാ കർത്താവിന്റെ ദാസി, നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ." അപ്പോൾ ദൂതൻ അവളുടെ മുമ്പിൽനിന്നു മറഞ്ഞു (ലൂക്കാ. 1:28-38).

മറിയത്തിന്റെ ചിന്ത ബുദ്ധിയുടെ തലത്തിൽനിന്നു ഹൃദയത്തിന്റെ ആഴത്തിലേക്കിറങ്ങി. ത്രിത്വത്തിന്റെ സഹവാസം അവൾ അനുഭവിച്ചറിഞ്ഞു. അവളുടെ ഉദരത്തിലും ഹൃദയത്തിലും വചനം മാംസമണിഞ്ഞു! സ്വർഗവും ഭൂമിയും കൈകോർത്ത അനർഘനിമിഷങ്ങളായിരുന്നു അത്. എന്നിട്ടും യുഗങ്ങളുടെ കാത്തിരിപ്പിനു പരിസമാപ്തികുറിച്ചുകൊണ്ട് മാനവചരിത്രത്തിലെ മഹത്തായ സംഭവം നടക്കാൻ പോകുന്ന നിമിഷങ്ങളാണിതെന്നൊന്നും മറിയമെന്ന നിഷ്കളങ്കകന്യകയ്ക്കു മനസ്സിലായിരുന്നില്ല. എങ്കിലും എല്ലാം അവൾ ഹൃദയത്തിൽ സംഗ്രഹിച്ചു. നേരം പുലർന്നപ്പോൾ തന്റെ ഇളയമ്മയുടെ വാർദ്ധക്യഗർഭത്തെക്കുറിച്ചു മാത്രം മറിയം ജോസഫിനോടു പങ്കുവച്ചു. അവർ തിടുക്കത്തിൽത്തന്നെ ക്ലേശകരമെങ്കിലും സന്തോഷത്തോടെ ഏലീശ്വായുടെ ഭവനത്തിലേക്ക് തങ്ങളുടെ ആദ്യത്തെ ദിവ്യകാരുണ്യപ്രദക്ഷിണം നടത്തുകയുണ്ടായി.

പരിശുദ്ധാത്മാവിനാൽ പൂരിതരായ രണ്ടു സ്ത്രീരത്നങ്ങൾ!! ഇവരുടെ സംഗമവേളയിലാണ് രണ്ടായിരം വർഷങ്ങൾ പിന്നിട്ടിട്ടും ഇന്നും പുതുമ നഷ്ടപ്പെടാത്ത നൂതനമായൊരു വിപ്ലവഗാനം മറിയത്തിന്റെ സർഗചേതനയിൽനിന്നു പൊട്ടിയൊഴുകിയത്. എലിസബത്തിന്റെ ഭവനത്തിൽവച്ചാണ് പരിശുദ്ധാത്മാവിനാൽ നിറഞ്ഞ മറിയം ലോകത്തെ കീഴ്മേൽ മറിക്കാൻ പര്യാപ്തമായ സ്തോത്രഗീതം ആലപിക്കുന്നത്. ശക്തനായ ദൈവം തന്റെ പിതാക്കന്മാരോടു ചെയ്തിരുന്ന വാഗ്ദാനം ദാസിയായ തന്നിലൂടെ യാഥാർഥ്യമായിരിക്കുന്നുവെന്ന് അനുഭവിച്ചറിഞ്ഞ മറിയത്തിന്റെ സന്തോഷം കരകവിഞ്ഞൊഴുകി എന്നതാണു പരമാർഥം.

പരിശുദ്ധ കന്യാമറിയത്തിന്റെ മംഗളവാർത്തദിനമായ മാർച്ച് 25 നോടനുബന്ധിച്ച് പ്രോലൈഫ് ദിനംകൂടി ആചരിക്കുന്നുവെന്നത് ഏറെ സമുചിതവും ചിന്തോദ്ദീപകവുമാണ്. കാരണം, ലോകം കണ്ടിട്ടുള്ളവരിൽവച്ച് ഏറ്റവും മഹത്തരമായ പ്രോ-ലൈഫറാണ് പരിശുദ്ധ കന്യാമറിയം. അവളുടെ ജീവിതംതന്നെയാണവളുടെ സന്ദേശം. ഭൗമികകാഴ്പ്പാടിൽ മറിയം ഏറ്റെടുത്ത മാതൃത്വം ഒരുക്കമംഗളവാർത്തയാണെന്നു നിസ്സംശയം പറയാം. കാരണം, യഹൂദനിയമമനുസരിച്ച് സ്വന്തം ജീവന്റെ നിലനില്പുപോലും അവഗണിച്ചുകൊണ്ട് ദൈവത്തിൽ മാത്രം ശരണംവച്ച് ബോധപൂർവം ഉദരഫലത്തെ ഹൃദയത്തിലും ഉദരത്തിലും ഏറ്റെടുത്തവളാണ് മറിയം. മാതാക്കൾ പ്രതിസന്ധികളെയും പ്രതികൂലങ്ങളെയും അവഗണിച്ചുകൊണ്ട് ദൈവത്തിന്റെ വിളിക്ക് പ്രത്യുത്തരം നൽകി ദൈവം നൽകുന്ന ഉദരഫലത്തിന്റെ സംരക്ഷകരും ഉടമസ്ഥരുമാകണമെന്ന് മറിയം ഓർമപ്പെടുത്തുന്നു! ഈ ഭൂമിയിൽ പിറക്കുന്ന ഓരോ കുഞ്ഞും ഓരോ 'രക്ഷകൻ'ആണെന്ന് എല്ലാ മതങ്ങളും മതഗ്രന്ഥങ്ങളും മതസാരഥികളും ലോകത്തോടാഹ്വാനം ചെയ്തിരിക്കുന്നു. ദൈവത്തിന്റെ കൈയൊപ്പോടുകൂടിയ അഞ്ചരക്കോടിയോളം പുണ്യജന്മങ്ങൾ പ്രതിവർഷം ഈ ഭൂമുഖത്തു വധിക്കപ്പെടുന്നുവെന്നുള്ളത് എത്രയോ വേദനാജനകവും ഭയാനകവുമാണ്.

ജനിക്കുന്ന കുഞ്ഞുങ്ങളെക്കാൾ വളരെയധികമാണ് വധിക്കപ്പെടുന്ന കുഞ്ഞുങ്ങൾ. ഇവരുടെയെല്ലാം നിഷ്കളങ്കരക്തം വീണു കുതിർന്ന മണ്ണ് പ്രതികാരത്തിനായി ദാഹിക്കുമ്പോൾ അതിന്റെ പ്രത്യാഘാതങ്ങൾക്കു തടയിടാൻ ആർക്കാണ് കഴിയുക? "ദൈവമാണ് മനുഷ്യന്റെ അന്തരംഗത്തിനു രൂപം നൽകിയതും അമ്മയുടെ ഉദരത്തിൽ അവനെ മെനഞ്ഞതും" (സങ്കീ. 139:13). ആ ജീവനെ ഹനിക്കാൻ മനുഷ്യനാരാണ് അധികാരം നൽകിയത്? ഈ മരണസംസ്കാരത്തിൽനിന്നു ജീവന്റെ സംസ്കാരത്തിലേക്കുള്ള ഒരു ഉൾവിളി ആദ്യം ലഭിക്കേണ്ടത് മാതാക്കൾക്കാണ്. കാരണം, അവർ ഭൂമിയിലെ ദൈവത്തിന്റെ പകരക്കാരികളാണ്. അമ്മമാരുടെ വറ്റാത്ത സ്നേഹവും വരളാത്ത കരുണയും മിഴിവാർന്ന വിശുദ്ധിയും ശക്തിയും ഒന്നിച്ചൊഴുകി ഈ ഭൂമിയെ കുളിർപ്പിക്കട്ടെ. അതിനായി ഒരു റോൾമോഡലായി പരിശുദ്ധ അമ്മയുണ്ടെന്നുള്ളതാണ് പരമപ്രധാനമായ പരമാർഥം.

സമത്വത്തിനും സ്വാതന്ത്ര്യത്തിനും അവകാശങ്ങൾക്കും വേണ്ടി അടുക്കളയിൽനിന്ന് അരങ്ങെത്തെത്തി അടരാടുന്ന സംഘടിതരായ സ്ത്രീകൾ പെരുകിവരുന്ന കാലമാണിത്. എന്നാൽ, ജീവന്റെ സംരക്ഷണം ലക്ഷ്യമിട്ട് ലോകമെമ്പാടുമുള്ള സ്ത്രീകൾ ഒരുമയോടെ പ്രതികരിക്കുകയും പ്രതിഷേധമറിയിക്കുകയും ചെയ്താൽ കൂണു മുളയ്ക്കുന്നതുപോലെ ഉയർന്നുവരുന്ന അബോർഷൻ ക്ലിനിക്കുകൾ നിലംപതിക്കുമെന്നത് ഒരു നഗ്നസത്യമാണ്. ഈ തിരിച്ചറിവിലേക്കു ലോകം പ്രവേശിക്കട്ടെ.

■

**ഈ ഭൂമിയിൽ പിറക്കുന്ന ഓരോ കുഞ്ഞും ഓരോ 'രക്ഷകൻ'ആണെന്ന് എല്ലാ മതങ്ങളും മതഗ്രന്ഥങ്ങളും മതസാരഥികളും ലോകത്തോടാഹ്വാനം ചെയ്തിരിക്കുന്നു. ദൈവത്തിന്റെ കൈയൊപ്പോടുകൂടിയ അഞ്ചരക്കോടിയോളം പുണ്യജന്മങ്ങൾ പ്രതിവർഷം ഈ ഭൂമുഖത്തു വധിക്കപ്പെടുന്നുവെന്നുള്ളത് എത്രയോ വേദനാജനകവും ഭയാനകവുമാണ്.**



## ശ്രേഷ്ഠമലയാളം

ഡേവിസ് സേവ്യർ



# ചെണ്ട

**സു**മംഗല എഡിറ്റു ചെയ്ത പച്ചമലയാളം നിഘണ്ടുവിൽ ദ്രാവിഡപദമായി ചെണ്ടയെ കണക്കാക്കിയിരിക്കുന്നു.* പ്രശസ്തമായ ഒരു ചർമവാദ്യമാണ് ചെണ്ട. പതിനെട്ടു വാദ്യവും ചെണ്ടയ്ക്കുതാഴെ എന്നാണല്ലോ പഴമൊഴി. പ്ലാവിന്റെ തടി ചെത്തി ഉരുട്ടി, തുരന്നുപൊള്ളയാക്കി കാളത്തോൽ വലിച്ചു മുറുക്കിയാണ് ചെണ്ട ഉണ്ടാക്കുന്നത്. ചെണ്ട എന്ന പദത്തിന്റെ നിരുക്തി മലയാളനിഘണ്ടുകാരന്മാർ തൃപ്തികരമായി രേഖപ്പെടുത്തിയിട്ടില്ല. പല വാദ്യസംജ്ഞകളുടെയും കാര്യത്തിലെന്നപോലെ ആര്യഭാഷാപ്രഭവമാണ് ചെണ്ട എന്ന തദ്ഭവം. "സംസ്കൃതത്തിൽ ദണ്ഡഡക്ക് (വീക്കുചെണ്ട) എന്നൊരു വാക്കുണ്ട്. ഈ ദണ്ഡയുടെ രൂപഭേദമാണ് ചെണ്ട."*

'ദണ്ഡ'യുടെ രൂപാന്തരപ്രാപ്തി അന്വേഷിക്കാം. ഉച്ചാരണപരമായി രണ്ടു മാറ്റം ഇവിടെ നടന്നിട്ടുണ്ട്. ഒന്ന്: പദാദിയിലെ ദകാരം ചകാര(ചെ)മായി മാറി. രണ്ട്: ണ്ഡ എന്ന വ്യഞ്ജനസംയുക്തത്തിന് 'ണ്ട' എന്നു പരിണാമം സംഭവിച്ചു (ദണ്ഡ – ചണ്ട). ദകാരം ഉച്ചാരണത്തിൽ ദെ എന്നാകാറുണ്ടല്ലോ (ദയ – ദെയ). അങ്ങനെ ചണ്ട–ചെണ്ട എന്നായിത്തീർന്നു. കൂടാതെ, മൃദുവിന്റെ സ്ഥാനത്ത് ഖരം വരുക തദ്ഭവങ്ങളിൽ അസാധാരണമല്ല. അതിൻപ്രകാരം ദണ്ഡയ്ക്കു സംഭവിച്ച ആദ്യത്തെ മാറ്റം തെണ്ട എന്നു കരുതണം. അങ്ങനെയെങ്കിൽ തെണ്ടയുടെ രൂപഭേദമാണ് ചെണ്ട. ത–ച വിനിമയം ഭാഷാപദങ്ങളിൽ പതിവാണ്. തേര് – ചേര്, തെള്ള് – ചെള്ള് എന്നിങ്ങനെയുള്ള പദജോടികൾ ശ്രദ്ധിക്കുക. ഈ പ്രവണതകൊണ്ട് തെണ്ട–ചെണ്ടയായി എന്നു കരുതാം. മേൽ ചൂണ്ടിക്കാണിച്ച പരിണതിയെ ഇങ്ങനെ രേഖപ്പെടുത്താം: ദണ്ഡ – ദെണ്ഡ – തെണ്ട ചെണ്ട. അങ്ങനെ സംസ്കൃതത്തിലെ ദണ്ഡ, മലയാളത്തിൽ ചെണ്ടയായി. അതോടെ, പച്ചമലയാളം നിഘണ്ടുവിൽ ചെണ്ടയ്ക്ക് ഇടം ലഭിച്ചു. പഞ്ചാരി, പാണ്ടി എന്നീ മേളങ്ങളാണ് ചെണ്ടയിൽ പ്രധാനം.

** സുമംഗല, പച്ചമലയാളം നിഘണ്ടു, ഗ്രീൻബുക്സ്, തൃശൂർ, 2016, പുറം – 533.*

** ലത, വി. നായർ, പ്രൊഫ., സമ്പാദനം, എൻ.ആർ. ഗോപിനാഥപിള്ളയുടെ കൃതികൾ, വാല്യം ഒന്ന്, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2019, പുറം – 471.*

●




മാത്യൂസ് ആർപ്പൂക്കര

# തൂക്കണാംകുരുവി

**കേ**രളത്തിൽ സർവസാധാരണമായി കണ്ടുവരുന്ന ഒരു കുഞ്ഞിപ്പക്ഷിതന്നെ തൂക്കണാംകുരുവി. ആറ്റക്കുരുവി, കൂരിയാറ്റ എന്നീ പേരുകളിലും അറിയപ്പെടുന്നു. അങ്ങാടിക്കുരുവിയോട് ഏറെ സാമ്യമുള്ള പക്ഷിയാണിത്. പൊതുവെ വയലുകൾക്കു സമീപമാണ് തൂക്കണാംകുരുവികൾ കാണപ്പെടുക. ആണും പെണ്ണും തമ്മിൽ നിറവ്യത്യാസങ്ങൾ ഇല്ലെന്നുതന്നെ പറയാം. കൊച്ചുമരക്കൊമ്പുകളിൽ നെല്ലിന്റെ ഇലകൊണ്ട് നെയ്തെടുക്കുന്ന ഉറപ്പുള്ള കൂടുകളിലാണു മുട്ടയിടുക. വീട്ടുകുരുവികളുടെ തായ്‌വഴിയിലുള്ളവരാണ് തൂക്കണാംകുരുവികൾ. ഇണചേരുംകാലംവരെ ഇവ കുരുവികളെപ്പോലെ കൊത്തിയും പെറുക്കിയും നടക്കുന്നു. ഇണചേരുംകാലത്ത് തൂക്കണാംകുരുവിയുടെ ആൺപക്ഷിയുടെ തലയിലെ തൂവലുകൾ വർണപ്പൊലിമയുള്ളതാകും. അടിവയറിൽ കുങ്കുമനിറമാകുന്നു.

പനയുടെയും തെങ്ങിന്റെയും പോലുള്ള ബലമാർന്ന ഓലത്തുമ്പിലാകും തൂക്കണാംകുരുവികൾ കൂടുപണിയുക. ആനപ്പുല്ലിന്റെയും തെങ്ങോലയുടെയും വീതികുറഞ്ഞ നീളൻ ചീന്തുകൾകൊണ്ടാണ് കൂടിന്റെ നെയ്ത്തു നടത്തുക. പനയോലയുടെയായാലും തെങ്ങോലയുടെയായാലും വലിയ ഓലച്ചീന്തുകൾ കൂടിനു പറ്റുംവിധം ഇണക്കത്തിനു കീറുന്നതിൽത്തന്നെ ഇവ നല്ല കരവിരുതു പ്രകടിപ്പിക്കുന്നു. ശേഖരിച്ച നാരുകളെല്ലാം പരസ്പരം മെനഞ്ഞ് കൂടൊരുക്കാൻ ഇവ പകലന്തിയോളം അധ്വാനിക്കുന്ന കാഴ്ച വിസ്മയിപ്പിക്കുന്നതുതന്നെ. തലകീഴായി തൂക്കിയ ശരറാന്തലുകൾ പോലുണ്ട് ഇവയുടെ കൂടുകൾ.



അനവധി കൂടുകളൊരുക്കി പറ്റമായാണ് തൂക്കണാംകുരുവികൾ കഴിയുക.

ആൺതൂക്കണാംകുരുവിക്കാണ് കൂടൊരുക്കൽ ജോലി. കൂടുപണി കഴിഞ്ഞാൽ പെൺപക്ഷി കൂടിന്റെ പണി തൃപ്തികരമാണോയെന്നു നിരീക്ഷിക്കും. കൂടിഷ്ടപ്പെട്ടാൽ അവൾ ആ കൂടിനകത്ത് അകത്തമ്മയായി വാഴാൻ തുടങ്ങും. അവൾ ആ കൂട്ടിൽ മുട്ടയിട്ട് അടയിരിക്കും. തൂക്കണാംകുരുവികൾ ബഹുഭാര്യാത്വം ഇഷ്ടപ്പെടുന്നവരാണ്. ആൺകുരുവി പിന്നെയും പിന്നെയും കൂടൊരുക്കുന്നു. അവിടെയും മറ്റു പെൺകിളികൾ താമസിക്കാനും മുട്ടയിടാനും തയ്യാറാകുന്നു.

കൂടിനുള്ളിൽ വെളിച്ചംകിട്ടാൻ മിന്നാമിന്നികളെ ആൺകിളിയോ പെൺകിളിയോ സംഘടിപ്പിക്കുമത്രേ. പെൺകിളി മിന്നാമിന്നിയെ കൊത്തിയെടുത്തു കൂട്ടിൽകൊണ്ടുവന്നു വയ്ക്കുന്ന കാഴ്ച കാണാം. കാറ്റത്തു കൂടു വല്ലാതെ ആടിയുലയാതിരിക്കാൻ തൂക്കണാംകുരുവികൾ കൂടു നെയ്തൊരുക്കുന്നതിനിടയിൽ മൺകട്ടകൾ കരുതിവയ്ക്കുന്നു.

തൂക്കണാംകുരുവികൾ ധാന്യംതീനികളാണ്. ഇന്ത്യയിൽ മിക്കയിടത്തും ഇവയെ കണ്ടുവരുന്നു. ചില നാടോടികളും തെരുവുമാന്ത്രികരും ഇതേ കുരുവികളെ അവരുടെ കൂട്ടിലാക്കി കുരുട്ടുവിദ്യകൾ പഠിപ്പിച്ചുകാണുന്നു. തൂക്കണാംകുരുവികളുടെ മനോഹരമാർന്ന കൂടുകളും ഇവയുടെ ചിലപ്പും ജീവിതരീതികളും മനുഷ്യരെ ആകർഷിക്കാൻ പോരുന്നവതന്നെ. ഇവ പ്രകൃതിയുടെ വരദാനങ്ങൾതന്നെ.

■

## ഈശോ

FROM THE BIBLE

45



ഫാ. തോമസ് പാട്ടത്തിൽചിറ CMF



# മുറവിളി

**മ**രക്കുരിശിൽനിന്നും ഉച്ചസ്ഥായിയിൽ ഒരു നിലവിളി. പൂഴിയിലൂടെ നടന്ന കാലമത്രയും പിതാവിനെക്കുറിച്ച് വാചാലനായിരുന്ന പുത്രനു തന്റെ അവസാനശ്വാത്തിലും വരണ്ട നാവിനാൽ വിളിക്കാൻ അവന്റെ നാമം മാത്രം. മരണസമയത്തും അവന്റെ ചിന്തകൾ ഉയർന്നത് സ്വർഗത്തിലേക്കും സ്വപിതാവിങ്കലേക്കും. ഒന്നും ഉപേക്ഷിച്ചുപോകുന്നതിലുള്ള വിഷമംകൊണ്ടല്ല, അപ്പനാൽ ഉപേക്ഷിക്കപ്പെട്ടെന്ന തോന്നൽ മൂലമാണ് അവൻ നിലവിളിച്ചത്. യോർദ്ദാനു മീതെയും താബോർ മുകളിലുമൊക്കെ തനിക്കായി തുറക്കപ്പെട്ട സ്വർഗവും സാക്ഷ്യപ്പെടുത്തിയ താതന്റെ സ്വരവും തടിക്കുരിശിൽ തൂങ്ങുന്ന തന്റെ തലയ്ക്കുമീതെ ഒരു മാത്ര അവൻ ആഗ്രഹിച്ചെങ്കിലും ഇല്ലാതെപോയപ്പോൾ ഹൃദയം നുറുങ്ങി. തന്റെ അറുംനിസ്സഹായതയുടെ നടുവിൽക്കിടന്നുകൊണ്ടു മനുഷ്യനായ അവൻ അപ്രകാരം ചോദിച്ചെങ്കിലും, ദൈവമായ അവൻ അതിനുള്ള ഉത്തരത്തിനായി കാത്തുകിടന്നില്ല. തന്നെ പരിത്യജിച്ചവനെന്നു കരുതിയവന്റെ കരങ്ങളിൽത്തന്നെ അവൻ സ്വന്തം ആത്മാവിനെ സമർപ്പിച്ചു. ദൈവത്തോടുള്ള നമ്മുടെ എല്ലാ ചോദ്യങ്ങൾക്കും മറുവാക്കു കിട്ടണമെന്നില്ല എന്ന തിരിച്ചറിവ് നമുക്കുണ്ടാവണം. അല്ലെങ്കിൽത്തന്നെ, അവിടുത്തോട് ചോദ്യങ്ങൾ ഉന്നയിക്കാൻ നമുക്കെന്ത് അർഹത?

ജീവിതത്തിൽ ശരണമില്ലായ്മയുടെ ശരശയ്യയിൽ കിടന്ന് അലറിക്കരഞ്ഞ അവസരങ്ങൾ നമുക്കുണ്ടാവാം. ചുമക്കാനാവാത്ത ചുമടുകൾ, സഹിക്കാനാവാത്ത സഹനങ്ങൾ, അംഗീകരിക്കാനാവാത്ത അത്യാഹിതങ്ങൾ, നികത്താനാവാത്ത നഷ്ടങ്ങൾ എന്നിങ്ങനെ നമ്മുടെ അബലതയുടെ ചില അങ്ങേയറ്റങ്ങളിൽ നിന്നുകൊണ്ടു ദൈവത്തിനുനേരേ വിരൽ ചൂണ്ടാൻ ചിലപ്പോൾ നാമും മുതിർന്നിട്ടുണ്ടാവാം, അപ്പോഴൊക്കെ കുരിശിലെ ക്രിസ്തുവിനെപ്പോലെ സകലവും ദൈവത്തിന് അടിയറവുവയ്ക്കാൻ നമുക്കു സാധിച്ചോ, മേലിൽ സാധിക്കുമോ? ശ്രവിക്കപ്പെടാതെ പോകുന്ന പ്രാർഥനകളും, പരിഹരിക്കപ്പെടാതെ കിടക്കുന്ന പ്രശ്നങ്ങളും, കരിയാതെ നില്ക്കുന്ന മാനസികമുറിവുകളും, ഉത്തരം കിട്ടാത്ത ചോദ്യങ്ങളുമൊക്കെ നമ്മുടെ ജീവിതത്തിൽ കണ്ടേക്കാം. അവയൊന്നും നമ്മുടെ നിരാശയ്ക്കു നിദാനമാകരുത്. ദൈവം കൈവിട്ടു എന്നു തോന്നുന്ന സന്ദർഭങ്ങൾ അവിടുത്തെ കൈവിടാനുള്ളവയല്ല, കൂടുതൽ മുറുകെപ്പിടിക്കാനുള്ളവയാണ്. അപ്പോഴാണ് നമ്മുടെ വിശ്വാസത്തിനു വേരുകളും, പ്രത്യാശയ്ക്കു പക്ഷങ്ങളും, സ്നേഹത്തിനു മൊട്ടുകളും മുളയ്ക്കുന്നത്. ദൈവത്തിന്റെ മൊഴിയുംമൗനവും ഒരുപോലെ നമുക്കായുള്ള അവിടുത്തെ പദ്ധതിയുടെ ഭാഗമാണെന്നു മറക്കരുത്. ഉത്തരങ്ങളെക്കാൾ ഉപരിയായി ഉച്ചിക്കുമീതെ അവനുണ്ടെന്നുള്ള ഉറപ്പാണ് ഏതൊരു അവശതയിലും നമുക്ക് ഊർജ്ജം പകരേണ്ടത്. അതിനു വ്യവസ്ഥകളില്ലാത്ത വിശ്വാസം ആവശ്യമാണ്. എങ്കിലേ നമ്മുടെ പ്രലാപങ്ങൾ പ്രകീർത്തനങ്ങളായും, സങ്കടങ്ങൾ സങ്കീർത്തനങ്ങളായും, അനർഥങ്ങൾ അനുഗ്രഹങ്ങളായുമൊക്കെ മാറുകയുള്ളൂ. ഒപ്പം, നാമാൽ ഉപേക്ഷിക്കപ്പെട്ട ദുരനുഭവം ആർക്കും ഉണ്ടാകാതിരിക്കാൻ ശ്രദ്ധിക്കാം. നമ്മുടേതായ ജീവിതസാഹചര്യങ്ങളിൽ ചിലരെയൊക്കെ ദൈവം നമ്മുടെ ചിറകിൻകീഴിൽ ചേർത്തുവച്ചിട്ടുണ്ട്. അവരുടെ നിലവിളികളെ നിസ്സാരങ്ങളാക്കരുത്. അഭയമാകുമ്പോഴേ നാം അനുഗ്രഹമാകൂ.

■

# ഏഷ്യയിലെ സഭ : സമ്പന്നതയും വെല്ലുവിളികളും

(9-ാം പേജ് തുടർച്ച)

**ഭാവിമുൻഗണനകൾ**

വൈവിധ്യപൂർണവും വ്യത്യസ്തവുമായ ഏഷ്യൻ പ്രതികരണങ്ങളുടെയും സിനഡൽ ചർച്ചകളുടെയും അടിസ്ഥാനത്തിൽ നടപ്പിലാക്കേണ്ട ജീവിതശൈലികളും ഊന്നലുകളും അസംബ്ലിയിൽ പരാമർശിക്കപ്പെട്ടു.

1. **രൂപീകരണം:** ഒരു സിനഡൽ സഭയ്ക്ക് പ്രാരംഭവും തുടരുന്നതുമായ രൂപീകരണം ആവശ്യമാണ്. അത് കുടുംബങ്ങൾ, സെമിനാരിക്കാർ, വൈദികർ, ബിഷപ്പുമാർ, സ്ത്രീകൾ, യുവജനങ്ങൾ എന്നിങ്ങനെ എല്ലാ തലത്തിലും എല്ലാവർക്കുംവേണ്ടി സജ്ജമാക്കണം. സിനഡൽ നേതൃത്വശൈലികൾ വിവേചനത്തോടെ ഉപയോഗിച്ച് ജനതകളുടെയും സംസ്കാരത്തിന്റെയും ഉന്നമനത്തിനായി രൂപപ്പെടണം. സിനഡൽ സഭയുടെ ദൗത്യവും ദർശനവും കൃത്യമായി പരിപോഷിപ്പിക്കപ്പെടണം.
2. **മിഷനറിശിഷ്യത്വം:** ക്രൈസ്തവന്റെ വിശ്വാസം യേശുവുമായുള്ള വ്യക്തിപരമായ കണ്ടുമുട്ടലിലും സഭയോടുള്ള ഇഴുകിച്ചേരലിലും അധിഷ്ഠിതമാണ്. ഈ വിശ്വാസം പ്രഘോഷിക്കാനും വിശ്വാസജീവിതം പങ്കുവയ്ക്കാനുമുള്ള അടിസ്ഥാനവിളിയും ഏതൊരു ക്രിസ്തുശിഷ്യന്റെയും അടിസ്ഥാന പ്രേഷിതദൗത്യമാണ്. സഭാത്മകപക്വതയിൽ സുവിശേഷം പങ്കുവയ്ക്കാനുള്ള പരിശീലനവും ആവശ്യമാണ്.
3. **പ്രാർഥനയും ആരാധനയും:** ക്രിസ്തുവിന്റെ ഏകശരീരത്തിലെ അംഗങ്ങളെന്ന നിലയിൽ പ്രാർഥനയും ആരാധനക്രമവും സഭാമക്കളുടെ വിശ്വാസജീവിതത്തിന്റതന്നെ ഭാഗമാവണം. അതോടൊപ്പം തന്നെ എല്ലാവർക്കും ദൈവത്തെ ആരാധിക്കാനുള്ള മൗലികസ്വാതന്ത്ര്യം ഭൂഖണ്ഡത്തിൽ ലഭ്യമാവണം.
4. **പൊതുഭവനത്തിന്റെ പരിപാലനം:** പാരിസ്ഥിതികപ്രതിസന്ധികൾ എല്ലായ്പ്പോഴും ദുർബലരായവരെ കൂടുതൽ ബാധിക്കുന്നു. പൊതുഭവനമായ ഭൂമിയുടെ സംരക്ഷണവും പ്രപഞ്ചത്തിന്റെ പരിപാലനവും സഭയുടെ അജപാലനവിഷയമാണ്. പാരിസ്ഥിതികപ്രതിസന്ധിയുടെ തീക്ഷ്ണത കണക്കിലെടുത്ത് ദൈവത്തിന്റെ സൃഷ്ടിയായ ഭൂമിയുടെ പരിപാലനത്തിൽ കൂടുതൽ ശ്രദ്ധകേന്ദ്രീകരിക്കാൻ ഹരിതസഭയ്ക്ക് കഴിയണം.
5. **ഉൾക്കൊള്ളലും ഉൾച്ചേരലും:** സ്ത്രീകൾ, യുവജനങ്ങൾ, പാർശ്വവത്കരിക്കപ്പെട്ടവർ, ഒഴിവാക്കപ്പെട്ടവർ, ഉപേക്ഷിക്കപ്പെട്ടവർ, തെരുവുകുട്ടികൾ, പ്രായമായവർ, പീഡിപ്പിക്കപ്പെടുന്നവർ, ട്രാൻസ്ജന്റേഴ്സ്, തടവുകാർ, അഭയാർഥികൾ എന്നിങ്ങനെ എല്ലാവർക്കും അജപാലനപരിചരണം നൽകണം. സഭയാകുന്ന കൂടാരത്തിൽ എല്ലാവർക്കും സ്ഥാനം കണ്ടെത്താനാവണം.
6. **ഉത്തരവാദിത്വവും സുതാര്യതയും:** സാമ്പത്തികകാര്യങ്ങളിൽ മാത്രമല്ല, തീരുമാനമെടുക്കൽപ്രക്രിയകളിലും ഭരണനടത്തിപ്പിലും കൂടുതൽ ഉത്തരവാദിത്വത്തോടും സുതാര്യതയോടുംകൂടി പ്രവർത്തിക്കാനുള്ള ക്ഷണവുംകൂടിയാണ് സിനഡാലിറ്റി. വ്യത്യസ്തകാരിസങ്ങളെ പ്രോത്സാഹിപ്പിച്ച് സഹകരണവും സഹ ഉത്തരവാദിത്വവും പ്രോത്സാഹിപ്പിക്കണം.
7. **വിഭവങ്ങളുടെ പങ്കുവയ്ക്കൽ:** ലോകബാങ്കിന്റെ കണക്കനുസരിച്ച് ഏഷ്യയിലെ 320 ദശലക്ഷത്തിലധികം ആളുകൾ കടുത്ത ദാരിദ്ര്യത്തിലാണു കഴിയുന്നത്. വ്യവസ്ഥാപിത അഴിമതിയും സമ്പത്ത് കേന്ദ്രീകരിക്കലും വർധിച്ചുവരുന്ന സാമ്പത്തിക അസമത്വവും കൂടുതൽ നിർണായകമായ അജപാലന ഇടപെടലുകളിലേക്കു സിനഡൽ സഭയെ നയിക്കുന്നു. ഭൗതികദാനങ്ങളോടൊപ്പം ആത്മീയദാനങ്ങളും പങ്കുവയ്ക്കുന്ന പ്രേഷിതസഭയായി മാറാൻ ഏഷ്യയിലെ സഭയ്ക്കു കഴിയണം.
8. **വിവാഹവും കുടുംബവും:** കുടുംബം സിനഡാലിറ്റിയുടെ വിദ്യാലയമാവണം. കുടുംബങ്ങൾ നേരിടുന്ന വെല്ലുവിളികളുടെയും തകർച്ചയുടെയും സാഹചര്യത്തിൽ ഗാർഹികസഭയുടെ സംരക്ഷണവും പരിപോഷണവും ഉറപ്പാക്കുന്നതിൽ ഏറെ അജപാലനശ്രദ്ധ ആവശ്യമാണ്. മെച്ചപ്പെട്ട സാമ്പത്തിക അവസരങ്ങൾക്കായുള്ള പലായനത്തിൽ ഒറ്റപ്പെട്ടുപോവുന്ന വൃദ്ധമാതാപിതാക്കളുടെ സംരക്ഷണവും വിവാഹത്തെക്കുറിച്ചുള്ള ഭയവും ഈ ദൈവവിളിയിലുള്ള പ്രതിബദ്ധതയില്ലായ്മയും മക്കളുടെ വിശ്വാസപരിശീലനവും അടിസ്ഥാന കുടുബയൂണിറ്റുകളുടെ (ബി.സി.സി.) രൂപപ്പെടുത്തലും കുടുംബജീവിതത്തിന്റെ ആധ്യാത്മികതയിൽ പ്രധാനപ്പെട്ടതാണ്.
9. **സമാധാന നിർമാണം:** ക്രിസ്തുവിന്റെ സമാധാനത്തിലേക്ക് എല്ലാവരെയും എത്തിക്കുന്നതിൽനിന്ന് വർധിച്ചുവരുന്ന ക്ലരിക്കലിസവും സുഖസൗകര്യങ്ങൾക്കായുള്ള ആവേശവും സഭയോടുള്ള പ്രതിബദ്ധതയില്ലായ്മയും സുവിശേഷ ഊർജം ഇല്ലാതാക്കുന്നു. മതാന്തരസംഭാഷണത്തിലൂടെ സുവിശേഷത്തിന്റെ മിഷനറിമാരാകാൻ ഏഷ്യയിലെ സഭ ക്ഷണിക്കുന്നു. സമാധാനനിർമാണപ്രവൃത്തികളിൽ പരസ്പരശ്രവണത്തിലൂടെയും നടത്തുന്ന യാത്രയിൽ സഭ എല്ലാവരെയും അനുഗമിക്കുന്നു

എല്ലാത്തലങ്ങളിലും പരിശുദ്ധാത്മാവിനെ ശ്രവിക്കാനും ഏകീകരണത്തിനും അനുരഞ്ജനത്തിനുമുള്ള വഴികൾ തുറക്കാനുമായുള്ള ആർജവം ഈ യാത്രയുടെ ഊർജമാവണം. സിനഡിന്റെ ലോഗോ ലക്ഷ്യമാക്കുന്നതുപോലെ വിവിധതലത്തിലും ശ്രേണിയിലുമുള്ള വ്യക്തികൾ നടത്തുന്ന ഒരുമിച്ചുള്ള യാത്രയിൽ ജ്ഞാനവും പ്രകാശവും നിറയണം. ദൈവം നമ്മിൽനിന്ന് ആഗ്രഹിക്കുന്ന സഭയാകാനുള്ള ക്ഷണമാണിത്. ഇവാഞ്ചലി ഗൗദിയത്തിൽ ആരംഭിച്ച്, ലൗദാത്തോ സിയിലൂടെ കടന്ന് ഫ്രത്തെല്ലി തൂത്തിയിൽ എത്തിനിൽക്കുമ്പോൾ ഈ അനുയാത്രയും സഹഗമനവും പ്രതീക്ഷിക്കുന്ന വ്യക്തിപരമായ ഉൾച്ചേർക്കലിലൂടെ സംഘാതമായി മലമുകളിൽ പണിത ഭവനംപോലെ ഏഷ്യയിലെ സഭ ഏറെ ദീപ്തമാവട്ടെ എന്നു പ്രത്യാശിക്കാം.

■



സിനഡൽ അസംബ്ലിയിൽ പങ്കെടുത്ത ഇന്ത്യൻ പ്രതിനിധിസംഘം




11-ാം പേജ് തുടർച്ച

അഭിഷേക് സൂക്ഷിച്ചു നോക്കി.

ആകെ മാറിപ്പോയിരിക്കുന്നു ആ രൂപം. ശരീരം മെലിഞ്ഞ്, നിറംമങ്ങി കോലംകെട്ടു പോയിരിക്കുന്നു. മുഖത്തിന്റെ ശോഭയും കണ്ണുകളിലെ തിളക്കവുമൊക്കെ പമ്പ കടന്നിരിക്കുന്നു.

“ഇന്ദു അറിയുമോ ഇദ്ദേഹത്തെ?” അച്ചൻ ചോദിച്ചു.

“അറിയാം അച്ചോ.'

“ഇന്ദുവിനെ കൂട്ടിക്കൊണ്ടു പോകാനാണ് അഭിഷേക് ഇപ്പ വന്നത്.”

“ഞാൻ പോകുന്നില്ലച്ചോ. എനിക്കീ അനാഥമന്ദിരവും ഇവിടുത്തെ കുട്ടികളും മതി. ഇവിടെ വന്നതിനുശേഷമാ ഞാൻ മനസമാധാനത്തോടെ ഒന്നുറങ്ങിയത്.”

‘‘എന്റെ അച്ഛൻ ചെയ്ത തെറ്റിന് മാപ്പു ചോദിക്കാനും കൂടിയാ ഞാനിപ്പ വന്നത്.’’ അഭിഷേക് പറഞ്ഞു.

“ചെയ്തതു തെറ്റാണെന്ന് അച്ഛനു തോന്നിയോ? അച്ഛൻ പറഞ്ഞുവിട്ടതാണോ അഭിഷേകിനെ?” ഇന്ദു ചോദിച്ചു.

“അല്ല. അച്ഛനിപ്പഴും മനംമാറ്റം വന്നിട്ടില്ല. ഞാൻ അമേരിക്കേന്നു തിരിച്ചുവന്ന് ഇന്ദുവിനെപ്പറ്റി തിരക്കിയപ്പം അശ്വതി റ്റീച്ചറാ കാര്യങ്ങളൊക്കെ പറഞ്ഞത്. അന്വേഷിച്ചു ഞാൻ ഇന്ദുവിന്റെ വീട്ടിൽ പോയിരുന്നു. കുറച്ചു പണവും കൊടുത്തിരുന്നു.”

“അഭിഷേക് ഒരു നല്ല മനുഷ്യനാണെന്ന് എനിക്കറിയാം. നിഷ്കളങ്കമായ സ്നേഹമാണ് എന്നോടു കാണിക്കുന്നതെന്നും അറിയാം. ആ സ്നേഹത്തിന് ഒരുപാടു നന്ദിയുണ്ട്. പക്ഷേ, ഇപ്പോഴത്തെ സാഹചര്യത്തിൽ ഞാൻ നാട്ടിലേക്കു മടങ്ങാൻ ആഗ്രഹിക്കുന്നില്ല. എനിക്കാരെയും കാണണ്ട.”

“ഇന്ദുവിന്റെ അമ്മ മരിച്ചു.” അഭിഷേക് ശബ്ദം താഴ്ത്തിപ്പറഞ്ഞു.

‘‘മരിച്ചോ? എന്ന്?’’ ഇന്ദു ഉത്കണ്ഠയോടെ നോക്കി.

“രണ്ടുദിവസംമുമ്പ്. ശവദാഹവും കഴിഞ്ഞു. അനിയത്തിമാര് ഇപ്പം തനിച്ചാ താമസം. അവർക്കൊരു തുണയായിട്ട് ഇന്ദുവിന് വീട്ടിൽ വന്നു നിന്നൂടേ?”

ഇന്ദുവിന്റെ മിഴികളിൽനിന്ന് കണ്ണീർ ഒഴുകുന്നത് അഭിഷേക് കണ്ടു.

‘‘എന്റച്ഛനും അമ്മയും എനിക്കു നഷ്ടപ്പെട്ടത് നിങ്ങളുടെ അച്ഛൻ കാരണമാ. ജോലി കിട്ടാൻ കൊടുത്ത അഞ്ചു ലക്ഷം രൂപ തിരിച്ചുതന്നുപോലുമില്ല ആ മനുഷ്യൻ. എന്നിട്ടും പക അടങ്ങാതെ ഹോട്ടൽ മുറിയിലെത്തിച്ചു അപമാനിച്ചു പടിയിറക്കി. ഒരു മനുഷ്യന് ഇത്രത്തോളം ക്രൂരനാകാൻ പറ്റുമോ?” ഇന്ദു പൊട്ടിത്തെറിക്കുകയും പിന്നെ പൊട്ടിക്കരയുകയും ചെയ്തു.

‘‘മാപ്പ്. അച്ഛൻ ചെയ്ത എല്ലാ തെറ്റിനും ഞാൻ മാപ്പു ചോദിക്കുന്നു.’’ അഭിഷേക് കൈകൂപ്പി.

‘‘അച്ഛനു മാനസാന്തരം വരാത്തിടത്തോളംകാലം ഞാൻ അഭിഷേകിനോടൊപ്പം നാട്ടിലേക്കു വന്നാൽ അതു കൂടുതൽ പ്രശ്നമാകും. അഭിഷേകിന്റെ ജീവൻതന്നെ ചിലപ്പം അപകടത്തിലാവും. എന്നെ ഓർത്ത് അഭിഷേക് വിഷമിക്കണ്ട. ഞാനിവിടെ സന്തോഷത്തോടെയാ ജീവിക്കുന്നത്. എന്റെ അനിയത്തിമാരെ സംരക്ഷിച്ചാൽമാത്രം മതി. അഭിഷേക് പൊയ്ക്കൊള്ളൂ.”

‘‘എപ്പഴെങ്കിലും പോരണമെന്നു തോന്നിയാൽ എന്നെ വിളിക്കണം. എന്റെ നമ്പർ ഇതാ.” അഭിഷേക് വിസിറ്റിങ് കാർഡെടുത്തു നീട്ടി. ഇന്ദു അതു വാങ്ങി.

‘‘ഞാനിവിടെ ഉണ്ടെന്ന കാര്യം മറ്റാരോടും പറയരുത്. ആ ഒരുപകാരം ചെയ്യണം.’’ ഇന്ദു പറഞ്ഞു.

“തീർച്ചയായും.”

മണപ്പള്ളി അച്ചന്റെ ഫോൺ നമ്പർ വാങ്ങിയിട്ടാണ് അഭിഷേക് യാത്ര പറഞ്ഞു പിരിഞ്ഞത്.

(തുടരും)

# ഉന്നതവിദ്യാഭ്യാസമേഖല ഉയരങ്ങൾ താണ്ടുമ്പോൾ



അഡ്വ. വി. സി. സെബാസ്റ്റ്യൻ

ഇന്ത്യയുടെ ഉന്നതവിദ്യാഭ്യാസരംഗത്ത് പുത്തൻ കുതിച്ചുചാട്ടത്തിനു വഴിയൊരുക്കി ഇന്ത്യ-ഓസ്ട്രേലിയ സംയുക്ത വിദ്യാഭ്യാസചട്ടക്കൂടിനു തുടക്കമായി. വിദ്യാഭ്യാസ തൊഴിൽ യോഗ്യതകൾക്ക് അംഗീകാരം നൽകുന്ന 'ഫ്രെയിംവർക്ക് മെക്കാനിസം ഫോർ മ്യൂച്വൽ റെക്കഗ്നിഷൻ ഓഫ് ക്വാളിഫിക്കേഷൻ' ധാരണാപത്രത്തിൽ ഓസ്ട്രേലിയൻ വിദ്യാഭ്യാസമന്ത്രി ജേസൺ ക്ലെയറും കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്രപ്രധാനും ഒപ്പിട്ടു. ഇതിന്റെ തുടർച്ചയായി 2023 മാർച്ച് 8 ന് ഗുജറാത്തിലെ ഗാന്ധിനഗറിലെ ഗിഫ്റ്റ് സിറ്റിയിൽ ഓസ്ട്രേലിയൻ സർവകലാശാലയായ ഡീകിനിന്റെ കാമ്പസും ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്തണി ആൽബനീസ് പ്രഖ്യാപിച്ചു.

**സംയുക്ത വിദ്യാഭ്യാസ കൗൺസിൽ**

2011 ഓഗസ്റ്റിൽ ഡൽഹിയിൽ ഉദ്ഘാടനം ചെയ്ത ഓസ്ട്രേലിയ-ഇന്ത്യ എജ്യൂക്കേഷൻ കൗൺസിലിന്റെ തുടർച്ചയായി വിദ്യാഭ്യാസം, ട്രെയിനിങ്, ഗവേഷണം എന്നീ തലങ്ങളിലുള്ള തുടർനടപടികളാണ് പുതിയ ഉഭയകക്ഷിക്കരാറിൽ എത്തിച്ചിരിക്കുന്നത്. വിദ്യാഭ്യാസം, സയൻസ്, വ്യവസായം, ഇന്നോവേഷൻ, ഗവേഷണം, രാജ്യാന്തരവിദ്യാഭ്യാസം എന്നിങ്ങനെ വിവിധ രംഗങ്ങളുമായി വിദ്യാഭ്യാസ കൗൺസിൽ ഇരുരാജ്യങ്ങളെയും കോർത്തിണക്കുന്നു. എഴുപതിനായിരത്തോളം ഇന്ത്യൻ വിദ്യാർഥികൾ ഓസ്ട്രേലിയയിൽ പഠിക്കുന്നു. കഴിഞ്ഞ 17 വർഷത്തിനുള്ളിൽ 1.5 ദശലക്ഷം വിദ്യാർഥികൾ ഓസ്ട്രേലിയൻ വിദ്യാഭ്യാസസ്ഥാപനങ്ങളിൽനിന്നു പഠിച്ചിറങ്ങി. അറുപത്തായായിരത്തോളംപേർ അപേക്ഷകൾ നൽകി കാത്തിരിക്കുമ്പോൾ പുതിയ നീക്കങ്ങൾ കൂടുതൽ പ്രതീക്ഷകളുയർത്തുന്നു.

**ഫ്രെയിംവർക്ക് മെക്കാനിസം എന്ത്?**

ഇന്ത്യയിലെ യുജിസി അംഗീകൃത കോളജുകളിൽനിന്നുള്ള കോഴ്സുകൾ ഓസ്ട്രേലിയ അംഗീകരിക്കും. ഓൺലൈൻ ഉൾപ്പെടെയുള്ളവർക്ക് ഈ അംഗീകാരമുണ്ടാകും. ഇതിന്റെ തുടർച്ചയായി കൂടുതൽ പഠനത്തിനും തൊഴിലിനുമായി ഓസ്ട്രേലിയയിലേക്കു കടന്നുചെല്ലാൻ ഇന്ത്യൻവിദ്യാർത്ഥികൾക്ക് എളുപ്പമുണ്ടാകും. ഇന്ത്യയിലെ വിദ്യാഭ്യാസയോഗ്യത ഓസ്ട്രേലിയയിൽ അംഗീകരിക്കപ്പെടും. ഓസ്ട്രേലിയയിൽ ഇന്ത്യൻ വിദ്യാർഥികൾ നേടുന്ന ബിരുദങ്ങൾക്ക് ഇന്ത്യയിലും അംഗീകാരം ലഭിക്കും. ഓസ്ട്രേലിയയിൽ നാലുവർഷംവരെയുള്ള പഠനത്തിനെത്തുന്ന ഇന്ത്യയിൽനിന്നുള്ള വിദ്യാർഥികൾക്ക് സ്കോളർഷിപ്പുകളും ഏർപ്പെടുത്തുമെന്ന് പ്രധാനമന്ത്രി ആന്തണി ആൽബനീസ് മാർച്ച് 8 ന് പ്രഖ്യാപിച്ചു.

**ഇന്ത്യ-ഓസ്ട്രേലിയ ഉച്ചകോടി**

2023 മാർച്ച് 11 ന് ഡൽഹിയിൽ നടന്ന ഇന്ത്യാ-ഓസ്ട്രേലിയ ഉച്ചകോടി, 2022 ഏപ്രിൽ 2 ന് ഒപ്പുവച്ചതും ഡിസംബർ 29 മുതൽ നടപ്പാക്കാനാരംഭിച്ചതുമായ സമഗ്ര സാമ്പത്തിക സഹകരണ വ്യാപാരക്കരാറിന്റെ തുടർച്ചയായിരുന്നു. വ്യാപാരം, നിക്ഷേപം, പുനരുപയോഗ ഊർജം, സാങ്കേതികവിദ്യ, പ്രതിരോധം, സുരക്ഷാസഹകരണം, വിദ്യാഭ്യാസം, തൊഴിൽമേഖലകൾ, എന്നിവയെല്ലാമായിരുന്നു ഉച്ചകോടിയിലെ ചർച്ചാവിഷയങ്ങൾ. മാർച്ച് 9 ന് ബോംബെയിൽ നടന്ന ഓസ്ട്രേലിയ-ഇന്ത്യ സിഇഒ ഫോറത്തിൽ ഇന്ത്യ ഓസ്ട്രേലിയ സാമ്പത്തികസഹകരണവും വ്യാപാര ഉടമ്പടിയും ബിസിനസ് ടു ബിസിനസ് സഹകരണത്തിന്റെ ഭാവിമേഖലകളും വ്യാപാര നിക്ഷേപഅവസരങ്ങളും ചർച്ചചെയ്യപ്പെട്ടു.

**സമഗ്ര സാമ്പത്തിക ഉടമ്പടി**

പതിറ്റാണ്ടു പഴക്കമുള്ള ചർച്ചകളുടെ വിജയപരാജയങ്ങൾക്കും ആർസിഇപി കരാറിൽനിന്ന് 2019 നവംബറിൽ ഇന്ത്യയുടെ പിൻവാങ്ങലിനുംശേഷമുള്ള ഉഭയകക്ഷിച്ചർച്ചകളുടെ ബാക്കിപത്രമാണ് 2022 ഏപ്രിൽ 2 ന് ഒപ്പിട്ട ഇന്ത്യ - ഓസ്ട്രേലിയ സമഗ്ര സാമ്പത്തിക സഹകരണ വ്യാപാരക്കരാർ. 1995 ലെ ലോകവ്യാപാരക്കരാറിൽനിന്നു വ്യത്യസ്തമായി ചരക്കുകളുടെ കയറ്റിറക്കുമതികൂടാതെ വ്യത്യസ്ത തലങ്ങൾകൂടി ലക്ഷ്യം വയ്ക്കുന്നതാണ് ഈ കരാർ. ഇവ പ്രധാനമായും സേവനമേഖലകൾ, നിക്ഷേപങ്ങൾ, സാമ്പത്തിക സാങ്കേതികസഹകരണം, ബൗദ്ധികസ്വത്തവകാശം, മത്സരക്ഷമത, വ്യാപാരപ്രശ്നപരിഹാര വേദി എന്നിവയും ഉൾപ്പെടുന്നു. ഉന്നതവിദ്യാഭ്യാസതൊഴിൽ രംഗത്തെ പരസ്പരധാരണകൾ സേവനമേഖലയുടെ ഭാഗമായി ഉൾപ്പെടുന്നു.

**സേവനക്കരാറിൽ പറയുന്നതെന്ത്?**

മെഡിക്കൽ, എഞ്ചിനീയറിങ് പ്രൊഫഷണനുകളിലുള്ളവർക്ക് പുതിയ കരാറിലൂടെ കൂടുതൽ അവസരങ്ങൾ ലഭിക്കും. ഓസ്ട്രേലിയയിൽ ഡിപ്ലോമപോലെയുള്ള കോഴ്സുകൾ പൂർത്തിയാക്കിയ ഇന്ത്യക്കാർക്ക് ഒന്നരവർഷംവരെയും, ബിരുദം കഴിഞ്ഞവർക്ക് രണ്ടു വർഷംവരെയും പിജി കഴിഞ്ഞവർക്ക് മൂന്നു വർഷംവരെയും താത്കാലിക തൊഴിൽവിസ ലഭിക്കും. ഡോക്ടറൽഡിഗ്രിയുള്ളവർക്ക് പഠനം കഴിഞ്ഞ് നാലു വർഷം തുടരാം. ഫസ്റ്റ് ക്ലാസ് (ഓണേഴ്സ്) നേടുന്ന ബിരുദവിദ്യാർഥിക്ക് രണ്ടിനു പകരം മൂന്നു വർഷം അവിടെ തുടരാം. സയൻസ്, ടെക്നോളജി, എൻജിനീയറിങ്, മാത്തമാറ്റിക്സ്, ഇൻഫർമേഷൻ ആൻഡ് കമ്യൂണിക്കേഷൻസ് ടെക്നോളജി (ഐസിടി) തുടങ്ങിയ വിഷയങ്ങളിലുള്ളവർക്കാണിതു ബാധകമാകുക. ഒരുലക്ഷം പേർക്ക് ഗുണം ലഭിച്ചേക്കും. ആറു മാസം ജോലിയും ആറു മാസം പഠനവുമുൾപ്പെടെ വർക് ആൻഡ് ഹോളിഡേ വീസ പ്രതിവർഷം ആയിരത്തോളം പേർക്കു ലഭിക്കും.

കരാറുകളില്ലാത്ത അവസ്ഥയിലും പഠനത്തിനും ജോലിക്കുമായി ഇന്ത്യയിലെ യുവത്വം ഓസ്ട്രേലിയയിൽ ശക്തമായ കുടിയേറ്റം നടത്തുന്നുണ്ട്. മറ്റു രാജ്യങ്ങളുമായി താദാത്മ്യപ്പെടുത്തുമ്പോൾ ഉയർന്ന വേതനവും സാമൂഹികസുരക്ഷിതത്വവും ഓസ്ട്രേലിയ ഉറപ്പാക്കുന്നതു പ്രാധാന്യമേറ്റുന്നു.

യു.കെ., കാനഡ, ജർമനി, അമേരിക്ക തുടങ്ങി വിവിധ രാജ്യങ്ങളുമായി നിലവിലുള്ള വിദ്യാഭ്യാസ-തൊഴിൽ കരാറുകളെക്കാൾ കൂടുതൽ വിദ്യാഭ്യാസ തൊഴിലവസരങ്ങളും സാധ്യതകളുമേറുന്നതാണ് ഇന്ത്യ-ഓസ്ട്രേലിയ സംയുക്ത കരാർ. 135 ൽപ്പരം ഉപമേഖലകളും ഇക്കൂട്ടത്തിൽപെടുന്നു.

**വിദ്യാഭ്യാസമന്ത്രിയുടെ സന്ദർശനം**

2023 ഫെബ്രുവരി 28 മുതൽ മാർച്ച് 3 വരെ ഓസ്ട്രേലിയൻ വിദ്യാഭ്യാസമന്ത്രി ജേസൺ ക്ലെയറിന്റെ നേതൃത്വത്തിൽ പത്തു സർവകലാശാലകളിലെ വൈസ് ചാൻസലർമാരുൾപ്പെടെ 30 അംഗ വിദ്യാഭ്യാസവിദഗ്ധസമിതിയാണ് ഇന്ത്യയിലുണ്ടായിരുന്നത്. കേന്ദ്ര വിദ്യാഭ്യാസമന്ത്രി ധർമേന്ദ്രപ്രധാനും യൂണിവേഴ്സിറ്റി ഗ്രാന്റ് കമ്മീഷനും മുമ്പാകെ നടത്തിയ ചർച്ചകളാണ് വിദ്യാഭ്യാസരംഗത്തെ പരസ്പരധാരണകൾക്കു രൂപംനൽകിയത്. ഓസ്ട്രേലിയയിലെ പതിനൊന്നിൽപ്പരം വിദ്യാഭ്യാസസ്ഥാപനങ്ങളുടെ നിവേദനങ്ങളും അപേക്ഷകളുമാണ് കൈമാറിയതും ധാരണയിലെത്തിയതും.



വിദ്യാഭ്യാസമേഖലകളിലെ ഗവേഷണം, അക്കാദമിക് തലങ്ങളുടെ പ്രോത്സാഹനം എന്നിവയ്ക്കു പുറമേ കാർഷികമേഖലയിലെ തൊഴിൽപരിശീലനത്തിനായി 1.89 ദശലക്ഷം ഡോളറും ഓസ്ട്രേലിയ പങ്കുവയ്ക്കും.

**യൂണിവേഴ്സിറ്റികൾ ഇന്ത്യയിലേക്ക്**

വിദേശസർവകലാശാലകൾക്ക് ഇന്ത്യയിൽ പ്രവർത്തനാനുമതി നൽകുന്ന കേന്ദ്രസർക്കാരിന്റെ നിലപാട് വ്യക്തമാക്കി യുജിസിയുടെ കരടുപ്രഖ്യാപനം 2023 ജനുവരിയിൽ പുറത്തുവന്നു. ഇന്ത്യ-ഓസ്ട്രേലിയ വിദ്യാഭ്യാസക്കരാറിന്റെ ഭാഗമായി ഓസ്ട്രേലിയായിലെ ഡീകിൻ യൂണിവേഴ്സിറ്റിയുടെ കാമ്പസ് ഔദ്യോഗികമായി ഇന്ത്യയിൽ തുറക്കുന്ന പ്രഖ്യാപനവും മാർച്ച് 8 ന് ഓസ്ട്രേലിയൻ പ്രധാനമന്ത്രി ആന്റണി ആൽബനീസ് ഗുജറാത്തിലെത്തി നടത്തി. ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലാണ് കാമ്പസ്. ക്യൂ.എസ്. ലോകറാങ്കിൽ 500 ൽ താഴെവരുന്ന യൂണിവേഴ്സിറ്റികൾക്കാണ് ഇന്ത്യയിൽ പ്രവർത്തനം അനുവദിക്കുന്നതെന്ന് യുജിസി കരടുരേഖയിൽ വ്യക്തമാക്കിയിരുന്നു. ഡീകിൻ യൂണിവേഴ്സിറ്റി 266-ാം സ്ഥാനത്താണ്. 1994ൽ സ്ഥാപിതമായ ഈ യൂണിവേഴ്സിറ്റി 50 യങ് യൂണിവേഴ്സിറ്റികളുടെ പട്ടികയിലുമുണ്ട്. ഡീകിൻ യൂണിവേഴ്സിറ്റിക്ക് ഓസ്ട്രേലിയയിൽ നാല് കാമ്പസുകളും 132 രാജ്യങ്ങളിലായി 60,000 ത്തിലേറെ വിദ്യാർഥികളുമുണ്ട്. ഒരു പതിറ്റാണ്ടു മുമ്പുമുതൽ ഇന്ത്യയിലെ വിവിധ പട്ടണങ്ങളിൽ ലെയ്സൺ ഓഫീസുകളും പ്രവർത്തിച്ചുവരുന്നു.

2022 ഫെബ്രുവരിയിലെ കേന്ദ്ര ബജറ്റിൽ ധനമന്ത്രി നിർമല സീതാരാമൻ ലോകോത്തരനിലവാരമുള്ള വിദേശ യൂണിവേഴ്സിറ്റികളെ ഇന്ത്യയിൽ അനുവദിക്കുമെന്നു പ്രഖ്യാപിച്ചിരുന്നു. ആഭ്യന്തര നിയമക്കുരുക്കുകളും നിയന്ത്രണങ്ങളും ബാധകമായിരിക്കില്ലെന്നും സൂചിപ്പിച്ചു. ഗിഫ്റ്റ് സിറ്റിയിൽ സയൻസ്, എഞ്ചിനീയറിങ്, ശാസ്ത്രസാങ്കേതികം, സാമ്പത്തികകാര്യം എന്നീ വിഷയങ്ങളിൽ പ്രാമുഖ്യമെന്നും നടത്തിയ പ്രഖ്യാപനം 2023 മാർച്ച് 8 ന് യാഥാർഥ്യമായിരിക്കുന്നത് അഭിമാനിക്കാം.

ക്യൂ.എസ്. ലോകറാങ്കിൽ 85-ാം സ്ഥാനത്തും ഓസ്ട്രേലിയൻ യൂണിവേഴ്സിറ്റികളിൽ പത്താം സ്ഥാനത്തുമുള്ള വോളഗോങ് യൂണിവേഴ്സിറ്റിയും ഗുജറാത്തിലെ ഗിഫ്റ്റ് സിറ്റിയിലേക്കു കടന്നുവരുന്നു. സയൻസ്, ടെക്നോളജി, എൻജിനീയറിങ്, ഫിനാൻസ് മേഖലയിലുള്ള കോഴ്സുകൾക്കാണ് പ്രധാനമായും പ്രവേശനം. ഫീസ് ക്രമീകരണങ്ങൾ പഠിച്ചുകൊണ്ടിരിക്കുന്നു. സ്കോളർഷിപ്പുകൾ ലഭ്യമാക്കും. ഇന്ത്യയിൽനിന്ന് വോളഗോങ് യൂണിവേഴ്സിറ്റിയിൽ പഠിക്കാനായി രജിസ്റ്റർ ചെയ്തിരിക്കുന്ന വിദ്യാർഥികളുടെ എണ്ണം കുതിച്ചുയർന്നതാണ് ഇന്ത്യയിൽ കാമ്പസ് ആരംഭിക്കുന്നതിനു പ്രേരകമെന്ന് വൈസ് ചാൻസലർ പട്രീഷാ ഡേവിഡ്സൺ സൂചിപ്പിച്ചു. ഇതിനോടകം 2500 ൽപ്പരം ഇന്ത്യൻ വിദ്യാർഥികൾ, എഞ്ചിനീയറിങ്, ഐറ്റി, തുടങ്ങിയ വിഷയങ്ങളിൽ വോളഗോങ് യൂണിവേഴ്സിറ്റിയിൽ രജിസ്റ്റർ ചെയ്തിട്ടുണ്ട്. 8,300 ഓളം ഇന്ത്യക്കാരായ പൂർവവിദ്യാർഥികളുമുണ്ട്.

ബിരുദം നേടാനായി ഇന്ത്യയിൽനിന്ന് ഓസ്ട്രേലിയയിലെത്തുന്ന വിദ്യാർഥികളുടെ എണ്ണത്തിൽ 160% വർധനയുണ്ടായെന്ന് വിദ്യാഭ്യാസമന്ത്രി ക്ലെയർ അവകാശപ്പെടുമ്പോഴും ചൈനീസ് വിദ്യാർഥികളുടെ ഓസ്ട്രേലിയയിലേക്കുള്ള വരവിൽ വൻ കുറവാണ് ഈ നാളുകളിൽ രേഖപ്പെടുത്തുന്നത്. ഇതാണ് ഇന്ത്യൻ യുവത്വത്തെത്തേടി ഓസ്ട്രേലിയ നീങ്ങാനുള്ള ഒരു കാരണം. മോറോഷ് യൂണിവേഴ്സിറ്റിയും ഡബിൾ മാസ്റ്റേഴ്സ് പ്രോഗ്രാമുമായി ഇന്ത്യയിലേക്കെത്തുന്നു. ഇങ്ങനെ അന്താരാഷ്ട്ര സർവകലാശാലകളുമായി ബന്ധപ്പെട്ട് അവസരങ്ങൾ നേടിയെടുക്കാൻ ഇന്ത്യയിലെ പുതുതലമുറ ശ്രമിക്കുമ്പോൾ വിഘടിച്ചുനിന്നിട്ടു കാര്യമില്ല. വിദ്യാഭ്യാസരംഗത്ത് രാജ്യാന്തരമത്സരക്ഷമത കൈവരിക്കാൻ ഇന്ത്യയിലെ ഉന്നതവിദ്യാഭ്യാസമേഖലയും സർവകലാശാലകളും ശ്രമിക്കുകയാണ് വേണ്ടത്.

**കേരളം കണ്ണുതുറക്കണം**

നിയന്ത്രണങ്ങളും നിരോധനങ്ങളുമേർപ്പെടുത്തി ഉന്നതവിദ്യാഭ്യാസ മേഖലയെ ചുവപ്പുനാടയിൽ കുരുക്കി കൂച്ചുവിലങ്ങിടാതെ തുറന്ന വിദ്യാഭ്യാസസമീപനം സ്വീകരിക്കാൻ വൈകിക്കൂടാ. നാട്ടിൽ അവസരങ്ങൾ നഷ്ടപ്പെടുമ്പോൾ അവസരങ്ങൾ തേടി പറന്നുപോകാൻ പുതുതലമുറയ്ക്കു മടിയില്ലെന്നു തെളിയിക്കപ്പെട്ടിരിക്കുമ്പോൾ ആഗോള അവസരങ്ങളുടെ ആകർഷണകേന്ദ്രമാകാനും രാജ്യാന്തര സർവകലാശാലകളുമായി കൈകോർത്ത് സംയുക്തമായി പദ്ധതികൾ നടപ്പാക്കാനുമുള്ള ചടുലനീക്കങ്ങൾക്ക് സംസ്ഥാന ഭരണനേതൃത്വം ആർജവം കാണിക്കണം. ഇന്ത്യ-ഓസ്ട്രേലിയ വിദ്യാഭ്യാസ ചട്ടക്കൂടിനുള്ളിലൂടെ എന്തു നേട്ടമുണ്ടാക്കാമെന്ന് കേരളത്തിലെ ഉന്നത വിദ്യാഭ്യാസമേഖല ഗൗരവമായി ചിന്തിച്ചു പ്രവർത്തിച്ചാൽ നല്ലത്.

യുകെ, കാനഡ, അമേരിക്ക, ജർമനി എന്നിങ്ങനെ കേരളത്തിലെ യുവത്വം ഒഴുകിപ്പോകുമ്പോഴാണ് ഓസ്ട്രേലിയയിലേക്കുള്ള പുത്തൻവാതിലുകളും തുറക്കുന്നത്. ബൗദ്ധിക ഒഴുക്ക് ഉയർത്തുന്ന വെല്ലുവിളികളെ നേരിടാൻ ഉന്നതവിദ്യാഭ്യാസരംഗത്ത് കാര്യമായ അഴിച്ചുപണിക്കൊന്നും തയ്യാറാകാതെ ദേശീയ വിദ്യാഭ്യാസ നയങ്ങളെ നിരന്തരം വിമർശിച്ചും രാഷ്ട്രീയപിടിവാശിയിൽ പരസ്പരം പോരടിച്ചും കോടതിവ്യവഹാരങ്ങളിലേർപ്പെട്ടും ചെളിവാരിയെറിഞ്ഞും ആത്മസംതൃപ്തിയടയുകയാണ് കേരളം. സംസ്ഥാനത്തെ യൂണിവേഴ്സിറ്റിപ്പരീക്ഷകളിൽ റാങ്കുകൾ ഉൾപ്പെടെ ഉന്നതവിജയം നേടിയവരും വിവിധ ബോർഡുകളുടെ 12-ാം ക്ലാസ് പരീക്ഷകളിൽ മികച്ച നേട്ടങ്ങൾ കരസ്ഥമാക്കിയവരും ഉന്നതപഠനത്തിനും തൊഴിലിനുമായി നാടുവിടുമ്പോൾ ബുദ്ധിയും കഴിവുമുള്ള ഒരു തലമുറ നഷ്ടപ്പെടുന്നുവെന്നുള്ള പരമസത്യം ഭരണപരിഷ്കർത്താക്കളുടെ ബോധമണ്ഡലത്തിൽ ഇനിയും ഉയരാത്തത് ദുഃഖകരം.

കേരളത്തിലെ വിവിധ യൂണിവേഴ്സിറ്റികളിൽ വിദ്യാർഥികളില്ലാതെ സീറ്റുകൾ ഒഴിഞ്ഞുകിടക്കുന്ന ദയനീയത കടന്നുവന്നിട്ടും വിദ്യാഭ്യാസ ഹബ്ബാക്കുമെന്ന് കൊട്ടിഘോഷിക്കുന്നതിനപ്പുറം തുടർനടപടികളോ മാറ്റങ്ങൾക്കുള്ള ശ്രമങ്ങളോ ഇല്ല. പരമ്പരാഗതശൈലിയിൽനിന്നു മാറി അടിമുടി പൊളിച്ചെഴുത്തിനു വിധേയമാക്കിയും കലാലയ കക്ഷിരാഷ്ട്രീയത്തെ മാറ്റിനിർത്തിയും അധ്യാപകരുടെയും അക്കാദമിക് തലങ്ങളുടെയും നിലവാരമുയർത്തിയും തൊഴിലവസരങ്ങൾ സൃഷ്ടിച്ചും വിദ്യാഭ്യാസരംഗത്ത് സമഗ്രമാറ്റങ്ങളും മത്സരക്ഷമതയും കൈവരിക്കാനാകുന്നില്ലെങ്കിൽ കേരളം കാണാനിരിക്കുന്നത് വലിയ ബൗദ്ധികത്തകർച്ചയും തിരിച്ചുവരാത്ത യുവതയുടെ നിലയ്ക്കാത്ത ഒഴുക്കുമായിരിക്കും.

■

Deepanalam Weekly

RNI No : 16998/68
Vol. 56 No. 5 Date of Publication 23 March 2023
Annual Subscription Rate ₹400 (For Abroad ₹4500)

Registered No. KL/KTM/12/2021-2023
License No.KL/CR/KTM/WPP-11/2021-2023
Licensed to post without pre-payment


# PALA STEEL & CEMENTS

Market Road, Pala

Ph: 04822-212977, 211882, 9447114015, 9778137731

Authorised Dealers in: JSW NEOSTEEL PURE TMT BARS · RAMCO SUPER GRADE · durashine TATA BLUESCOPE STEEL · TATA TISCON JOY OF BUILDING · METCON TMT BARS · durashine · TATA STRUCTURA

34 വർഷത്തെ സേവനപാരമ്പര്യം

# നവഭാരത് കോളേജ്

മരിയൻ ഹോസ്പിറ്റൽ Jn; അരുണാപുരം പി. ഒ., പാലാ

Govt. V.H.S.S. നു സമീപം പൊൻകുന്നം

Ph: 9495195739, 9495021259

HINDI TTC

എസ്.എസ്.എൽ.സിയോ ഉപരിവിദ്യാഭ്യാസയോഗ്യതയോ ഉള്ളവർക്ക് ഒരു വർഷം കൊണ്ട് HINDI TTC പാസായി അധ്യാപകരാകാം.

അഡ്മിഷൻ തുടരുന്നു

+2 Science commerce humanities

6 മാസംകൊണ്ട് +2, 10

നാഷണൽ ഓപ്പൺ സ്കൂൾ (NIOS)

B.A. - All subjects (M.G. University)
B.Com - Finance and Taxation, Co-Operation
M.A. - Malayalam, History

Regular, Postal & Holiday Classes



60 Years Trust KTS PRODUCTS SINCE 1995

Tastit™ ടേസ്റ്റിറ്റ്

മൈക്രോഫിൽറ്റർ ചെയ്ത ശുദ്ധമായ നാടൻ വെളിച്ചെണ്ണ

ISO 9001-2015 CERTIFIED COMPANY

www.tastitcoconutoil.com
E-mail: kunneloilmills@gmail.com
Customer Care No: 04822262835

കുന്നേൽ കോക്കനട്ട് ഓയിൽ ഇൻഡസ്ട്രീസ്, രാമപുരം

## ലിത്തോസ് പാവിംഗ് ടൈൽസ് നിങ്ങളുടെ മുറ്റം

## കൂടുതൽ സുന്ദരമാക്കും..

വ്യത്യസ്തവും, മനോഹരവുമായ ഡിസൈനുകളുടെ വിപുല ശേഖരവുമായി ലിത്തോസ് പാവിംഗ് ടൈൽസ് വിപണിയിൽ. കുറഞ്ഞ വിലയിൽ ഏറ്റവും മികച്ചതും ദീർഘകാലം ഈട് നിൽക്കുന്നതുമായ പാവിംഗ് ടൈലുകളാണ് ലിത്തോസ് നൽകുന്നത്. ഏറ്റവും ആധുനിക മെഷിനറികളുടെ സഹായത്തോടെ സ്വന്തം ഫാക്ടറിയിൽ നിർമ്മിക്കുന്നതിനാൽ മാർക്കറ്റ് വിലയേക്കാൾ കുറഞ്ഞ നിരക്കിൽ ആവശ്യക്കാർക്ക് ടൈലുകൾ തിരഞ്ഞെടുക്കുവാൻ കഴിയുന്നു. നിർമ്മാണത്തിന്റെ ഓരോ ഘട്ടങ്ങളിലും ഗുണമേന്മ പരിശോധിച്ച് ഉറപ്പ് വരുത്തുന്നു എന്നതാണ് ലിത്തോസിന്റെ മറ്റൊരു പ്രത്യേകത. വിവിധ ഡിസൈനുകളിലുള്ള ടൈലുകൾ കേരളത്തിൽ എവിടെയും കുറഞ്ഞ നിരക്കിൽ വിരിച്ച് കൊടുക്കാനുള്ള സൗകര്യവും ഇവിടെ ഏർപ്പെടുത്തിയിട്ടുണ്ട്.

പൂർണ്ണമായും വൈറ്റ് സിമന്റിൽ നിർമ്മിക്കുന്നതിനാൽ പായൽ പിടിക്കാനുള്ള സാധ്യത തീർത്തും കുറവ്.

സാധാരണ ഇന്റർ ലോക്കുകളെ അപേക്ഷിച്ച് ഏറ്റവും മികച്ച കളർ ഓക്സൈഡ് ഉപയോഗിക്കുന്നു.

പരിചയ സമ്പന്നരായ തൊഴിലാളികളാൽ പൂർണ്ണ ഉത്തരവാദിത്വത്തോടെ സൈറ്റിൽ വിരിച്ചു കൊടുക്കപ്പെടും.

LITHOS PAVING TILES · ISO 9001:2015





Royal Industries
Near St Antony's Abbot Church,
Elamthottam, Pala, Pin 686651

907 264 7007
907 264 7008


Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . 7306874714 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.org